Reg· No· M· 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 29 | 1956 ഫെബ്രുവരി 8—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 മകരം 25 | ലക്കം 26

## എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ 30-ാം ചരമദിനം


### അന്ത്യവിശ്രമഭൂമി

(പാന)

മൂകമാകൂ ഹൃദയമേ! മേല്ക്കുമേൽ
നീ കിതച്ചു ശബ്ദിക്കാതിരിക്കുക
മെല്ലെമെല്ലെ നിശ്ശബ്ദമായ് നീങ്ങുകെ-
ന്നല്ലൽകൊണ്ടു പതറും പദങ്ങളേ.
ശോകമൂകയണിഞ്ഞൊരീ ഭൂമിയിൽ
മാഴ്കിടുന്ന വിജനതക്കൂടിയും.
പാവനമാം പ്രകാശകതിരുകൾ
പാവിനിന്നു കരയും തിരികളേ
മൗനമായ് നിങ്ങൾ കാക്കമീ വേദിയെ
ഞാനുമൊന്നു നമിച്ചുകൊള്ളട്ടെയോ?
എന്തിതെന്നു പകയ്ക്കുന്നുവോ ജവാൽ
നൊന്തിടുന്ന മദീയാന്തരംഗമേ
നശ്വരതതൻ നാലതിർക്കുള്ളിലായ്
വിശ്രമിപ്പതുണ്ടിങ്ങൊരു ജീവിതം.
പഞ്ചവർണ്ണക്കിളിയുപേക്ഷിച്ചൊരു
പഞ്ചതവന്ന ജർജ്ജരപഞ്ജരം.
ദിവ്യഗീതം ചൊരിഞ്ഞു ജഗത്തിനു
ഭവ്യമേകിത്തകർന്ന വിപഞ്ചിക.
നീയതിനുന്നിലാനമ്രയാകുക-
പ്പോയകാലം വരികില്ലൊരിക്കലും.
ചുടുകണ്ണീർ ചൊരിഞ്ഞു നിശ്ശബ്ദമായ്
ചുററുംനിന്നു കരയും തിരികളേ
നിങ്ങൾ നന്നായറിയുമോ മദ്ധ്യത്തിൽ
മങ്ങിവീണ മനോഹരജീവിതം,
സുന്ദരമാം മുഖശ്രീ വസന്തത്തിൽ
മന്ദഹാസപ്പൂപനീർപ്പൂവുമായ്
വന്നണഞ്ഞുതൽപ്പുത്രലക്ഷങ്ങളെ
നന്ദിപ്പിച്ചതാണാപ്പിതൃജീവിതം.
നല്ലിടയൻെറ നീണ്ടൊരു ദണ്ഡിനാ-
ലല്ലലേശാതരശ്ശത വത്സരം
നേർവഴിക്കു നയിച്ചൊരു ധാർമ്മിക
പ്പോർവിളിയുമാണാ മഹജ്ജീവിതം.
അന്ധകാരംനിറഞ്ഞ വഴികളി-
ലെൻധരണിയന്നാത്മാവുഴന്നപ്പോൾ
നിറിനിന്നു നിറകതിരേകിയ
നീരവശിഖയായിതജ്ജീവിതം.
നിങ്ങൾ നന്നായറിയാ-തിരികളേ
മംഗലാത്മേൻെറ മോഹനജീവിതം.

അന്തിതന്മാറിൽ വീണലിഞ്ഞൊടുക്കുന്ന
നൊന്തുനൊന്തൊഴുകീടും മണിസ്വനം
തിന്നതില്ലെൻെറ നാടിൻെറ മാനസം
കാന്തതിന്നുമഴലിൻെറ താണ്ഡവം
പേർത്തുമോർത്തുകരകയാണിന്നവർ
തീർത്തുണങ്ങിയിട്ടില്ലാത്തൊരാവ്രണം.
ഓർത്തിരുന്നതാരിത്ര പൊട്ടന്നെന്നെ
പാർത്തലത്തെ യെൻതാതൻ വെടിവതായ്
നീയപഹരിച്ചല്ലോ കടീരമേ
കാഷ്ഠമായ് ഞങ്ങൾ സൂക്ഷിച്ചൊരാനിധി
ഇല്ല; നീ തോററു! മൺമയദേഹമേ-
യുള്ളു നിൻെറ ചുരണ്ട കരങ്ങളിൽ
ഓർമ്മതൻ മണിക്കല്ലറയ്ക്കുള്ളിലായ്
ഞങ്ങൾ സൂക്ഷിക്കയാണ ഗ്ഗുരുനാൽക്കരം.
സ്വർഗ്ഗവാടിയിലെത്തിയ ജ്ജീവനാം
പക്ഷി പാടുന്ന ശാശ്വതഗീതകം!
പുഞ്ചിരിപ്പതെന്തോമനപ്പൂക്കളേ-
യെൻ ജനകൻെറ യന്തിമ ശയ്യയിൽ.
ജീവിതത്തിൻ ക്ഷണികത യോർക്കയാൽ
"മായ"യെന്നോ മുരളുന്നു മൂകമായ്.
മൃത്യുവിൻ വളർദംഷ്ട്രകൾ പോലവം
മത്തരായ് നിങ്ങൾ മന്ദഹസിക്കവേ
വീഴ്പ്പിടുന്നു-ഞെട്ടുന്നു ജീവിത-
പ്പുല്പ്പതംഗിയെൻ മൺമയ പഞ്ജരേ.
ലോകമാകെജ്ജയിച്ച മരിക്കിലും
ലോകരാകെപ്പുകഴ്ത്തിപ്പറകിലും
നിശ്ചയം ഞാനമന്നുപോം നാളെയി
ക്കൊച്ചുതിരുകൾക്കുള്ളിലനാശ്രയം.
വിത്തമാർജ്ജിച്ചുവച്ചിലും; വാണിതൻ
ഭക്തപുത്രനായ് കീർത്തി നേടിലും
നാളെ നിസ്സാരരാകുമനേകർതൻ
കൂടെ ഞാനും ശയിക്കുമസാരനായ്.
ഏകനായ് ഞാൻ വിജനമീ ഭൂമിയിൽ
എല്ലാമെന്ന്യേ പരിത്യക്തനായിടും.
മൃത്യുവിൻ മന്ദഹാസം കണക്കിനേ
നിർദ്ദയം നിങ്ങൾ പുഞ്ചിരിക്കൊള്ളവേ
ഞെട്ടിപ്പോകുന്നു പൂക്കളേ! വെള്ളിടി
കേട്ട പന്നഗകന്യകപോലെ ഞാൻ.
ചിത്തമല്ലലാൽ വിങ്ങുന്നുവെങ്കിലും
ചെററുമില്ലനിക്കാശങ്ക മൽഗ്ഗുരോ.
പുണ്യദീപങ്ങൾ നാലു നിൻ ചുററിലും
നിന്നെരിയുന്നു രാപകലെന്നിയേ
സ്നേഹ, മാർദ്ദവ, ഭക്തി, ചാരിത്രമീ
മോഹനമാം വിശുദ്ധിവിളക്കുകൾ
ഏതിരുളിലും നിൻ മുക്തജീവനെ
പ്പാതകാണിക്കും സ്വർഗ്ഗംവരേക്കുമേ.
എണ്ണമററ സുകൃതസുമങ്ങളാ
വിണ്ണിലുമങ്ങേക്കെത്തുമകമ്പടി
മൃത്യുവിനെ ജയിച്ചു ജഗൽഗ്ഗുരു
കൈത്തലങ്ങളിലൂക്കിയിന്നങ്ങയെ
ചേർത്തണച്ചുപുണർന്നു സ്വർല്ലോകത്തിൻ
പൂത്തറയ്ക്കുമുകളിലിരുത്തിടും
ചാരെ, യേകാന്തശാന്തം ശയിക്കുമാ
പൂർവ്വികൻെറ വിശുദ്ധമാം ദേഹിയും
കാത്തിരിപ്പുണ്ടങ്ങു-തൻ വത്സലൻ
തീർത്ഥയാത്രകഴിഞ്ഞണഞ്ഞിടുവാൻ
വെമ്പലെന്തിനുഹൃദയമേ-നിശ്ശബ്ദമായ്
കുമ്പിടുക ശിരസ്സേയരക്ഷണം.

(ഉലകംതറ)



### ആ മണിദീപം പൊലിഞ്ഞു!

അദ്ദീപം പൊലിഞ്ഞുപോയ്, ആ സുമം കരിഞ്ഞുപോയ്
കണ്ടത്തിൽ വന്ദ്യതാതൻ നമ്മിൽനിന്നകന്നുപോയ്
പോയിതാ വന്ദ്യനാഥൻ, പോയിതാ സ്നേഹതാതൻ
പോയദ്ദേഹം, വരില്ലിനി, ഹാ സത്യം വ്യഥോന്മുഖം.
ക്രിസ്തുവിൻ മലർത്തോപ്പിൽ അക്ഷീണം വേലചെയ്യാൻ
ഭോഗലാലസം വെടിഞ്ഞിറങ്ങി ധീരാത്മനായ്
ഭാരതാംബതന്നുടെയരുമക്കുമാരനായ്
ധീരമാം സേവനങ്ങൾ ചെയ്തഹാ പൂർത്തിയാക്കി.
പ്രാർത്ഥിക്കാം നമുക്കിനി പ്രാർത്ഥിക്കാം സോദരരേ
സ്വർഗ്ഗസീമയിൽ താതൻ ചേർന്നെന്നും വിരാജിക്കാൻ.

(Miss Aleyamma V· Malayil, Thathampally)

### തുടിപ്പുകൾ

കാലത്തിൻ തിരശ്ശീലയ്ക്കുള്ളിൽ നീയമന്നജ-
പാലകാ, എന്നാലുമെൻ മാനസേ ജീവിക്കുന്നു.
കദനക്കടൽത്തിരമാലയിലേങ്ങിയേങ്ങി-
ക്കരയും കരളുകൾ നേരുന്നു നിത്യശാന്തി
പക്ഷികൾ നിൻ സേവനമോഹനരഹസ്യങ്ങൾ
പൂക്കളിൽ മന്ത്രിക്കുവാനെങ്ങുമേ പറക്കുന്നു.
താതയേ, മറഞ്ഞുനീയെങ്കിലും നിന്നോർമ്മകൾ
സന്തതം നയിക്കുമീ സന്തപ്തഹൃദയത്തെ.

(പുഷ്പപന്ഥായകം)

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 13 [തുടർച്ച]

## "ഓ, ജറുസലെം, പ്രവാചകരെ വധിക്കുന്ന ജറുസലെം"

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

സദസ്യരുടെയിടയിൽ വികാരപരമ്പരകൾ വീശി. ഉന്നതാചാര്യൻ അന്നാസ് നീട്ടിയ കരങ്ങൾ മേശപ്പുറത്തു നിരത്തി. ചാടിയെണീററു് വൃദ്ധൻ സെബുലോനെ വിഴുങ്ങുവാൻ എന്ന ഭാവം കയ്യഫാസ് പ്രകടിപ്പിച്ചു. പെട്ടെന്നു് അന്നാസ് ഒരു കൈയെടുത്തു ജാമാതാവിൻെറ കൈത്തണ്ടിൽ വച്ചു.

"സാരമില്ല, ചിത്തഭ്രമംപിടിച്ച പടുകിഴവൻെറ ഈവക വാക്കുകൾ ഞാൻ കേട്ടില്ലെന്നുവച്ചേക്കാം" എന്നദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

മേശയുടെ മററങ്ങേററത്തു് പ്രതിഷേധസൂചകമായ മർമ്മരധ്വനി കേൾക്കാമായിരുന്നു. അന്നാസിനോടുണ്ടായ ധിക്കാരപരമായ പെരുമാററത്തിൽ ചില പുരോഹിതന്മാർ ഈർഷ്യാകുലരായി. മററു ചിലർക്കു സെബുലോനോടു് അന്നാസ് വർത്തിച്ച സമ്പ്രദായം ഒട്ടും രസിച്ചില്ല. ഉന്നതാചാര്യൻെറ നയനങ്ങൾ അഗ്നിമയമായി, എങ്കിലും ആത്മനിയന്ത്രണം വിടാതെ, യാതൊരു പ്രതിബന്ധവുമുണ്ടായില്ല എന്ന ഭാവത്തിൽ സംഭാഷണം തുടർന്നു: "ആ മനുഷ്യൻെറ കുററങ്ങൾ നമുക്കറിവുള്ളതാണു്. അയാളുടെ കഥ കഴിക്കുകതന്നെ വേണം."

സെബുലോൻ റബ്ബി അടങ്ങിയില്ല. "മരിച്ചവരെ ഉയിർപ്പിക്കുകയും, കുഷ്ഠരോഗികളേയും തളർവാതക്കാരേയും സൗഖ്യമാക്കുകയും കുററങ്ങളാണോ?" അദ്ദേഹം ചോദിച്ചു.

"സനാതനൻെറ പുരോഹിതന്മാർ അയാളോടൊപ്പം ശക്തരല്ലെന്നു ജനങ്ങളെ ധരിപ്പിക്കുവാൻ ഉദ്ദേശിച്ചു ചെയ്യുമ്പോൾ അവ കുററങ്ങളാകുന്നു. തങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടുമെന്നു് ജനങ്ങളോടു പ്രസംഗിക്കുന്നതും കുററമാകുന്നു. വിശ്വാസനൈർമ്മല്യവും ന്യായപ്രമാണത്തിൻെറ പ്രാബല്യവും കുറയ്ക്കുന്നതിലേക്കു പലതും ചെയ്തിരിക്കുകയാൽ അയാളുടെ ജീവൻ നശിക്കുകതന്നെ വേണം. ഗലീലിയിലെ ജനം മുഴുവനും അയാളുടെ പിറകെ ഓടുന്നു. ഇപ്പോഴേക്കും അയാളുടെ അനുയായികൾ അനേകായിരങ്ങളായി വർദ്ധിച്ചിരിക്കുന്നു. പാസ്സോവറിനു് അയാൾ വിശുദ്ധ നഗരത്തിൽ വരുന്നുണ്ടു്. ഇക്കഴിഞ്ഞ മൂന്നു സംവത്സരങ്ങളിൽ അയാൾ വാരിവിതച്ച കുഴപ്പങ്ങൾക്കറുതി വരുത്തുവാൻ അതു തക്ക അവസരമായിരിക്കുമെന്നാണു് എനിക്കു നിങ്ങളോടു പറയുവാനുള്ളതു്."

ദുഃഖാർത്തനായി സെബുലോൻ റബ്ബി സ്വസ്ഥാനത്തുനിന്നെണീററു. മേശമേൽ ഇരുകരങ്ങളും ഊന്നി സ്വയം താങ്ങിക്കൊണ്ടു് അദ്ദേഹം ചോദിച്ചു: "അപ്പോൾ, നിങ്ങൾ അദ്ദേഹത്തെ കൊല്ലുമോ?"

പ്രശാന്തത തെല്ലും വിടാതെ അന്നാസ് സംസാരിച്ചു: "കൊല്ലുകയോ? സെബുലോൻറബ്ബി, നമ്മൾ അയാളെ കൊല്ലുന്നില്ല. അക്കാര്യം പ്രത്യേകം ധരിച്ചുകൊള്ളുക. അയാളുടെ ഉപദ്രവത്തിൽ വ[...] സാനമുണ്ടാക്കുവാൻ ശ്രമിക്കുന്നേയുള്ളു. ഈ മനുഷ്യൻ യൂദന്മാരുടെ രാജാവെന്നു് നടിക്കുന്ന കാര്യം ഗ്രഹിക്കുക ഒരുപക്ഷേ റോമാക്കാരുടെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്ന സംഗതിയായേക്കാം."

ദുർബ്ബലമായ സ്വശരീരത്തിനു് സ്വാധീനമാകാവുന്നതിലധികം ശക്തി പ്രകടിപ്പിച്ചുകൊണ്ടു് സെബുലോൻ തൻെറ പിമ്പിലുണ്ടായിരുന്ന കസേര തള്ളിനീക്കി. രണ്ടു കരങ്ങളിലും ഊന്നുവടിയെടുത്തു: "ഞാൻ ഈ സമ്മേളനത്തിൽ സംബന്ധിച്ചതബദ്ധമായിപ്പോയി. വഞ്ചകരുടേയും കൊലപാതകികളുടേയും ഇസ്രായേൽ മുമ്പെങ്ങും കണ്ടിട്ടില്ലാത്തവിധം നീതിമാനായ ഒരു പ്രവാചകനെ പീഡിപ്പിക്കുന്നവരുടേയും കൂട്ടത്തിൽ ഞാൻ പെട്ടുകഴിഞ്ഞു" എന്നു പ്രസ്താവിച്ചു. അനന്തരം സ്വരമുയർത്തി: "ഓ, യെറുശലേം, യെറുശലേം, പ്രവാചകന്മാരെ വധിക്കുന്ന യെറുശലേം" എന്നു് ആക്രോശിച്ചു. സുദീർഘമായ ഒരു പരിദേവനത്തിൽ അദ്ദേഹത്തിൻെറ സ്വരം അസ്തമിച്ചു. പുറന്തിരിഞ്ഞു് മെല്ലെ, മെല്ലെ, നീങ്ങി സമ്മേളനശാലയിൽനിന്നു് അദ്ദേഹം പുറത്തുപോകുകയുംചെയ്തു. ഏതാനും നിമിഷത്തേക്കു് ശാലയിലെ ശിലസംസ്തരത്തിൽ സെബുലോൻെറ മരച്ചെരിപ്പും ഊന്നുവടികളും തട്ടിയുണർത്തിയ ശബ്ദമേ കേൾക്കുവാനുണ്ടായിരുന്നുള്ളു.

നിശ്ശബ്ദത ഭഞ്ജിച്ചുകൊണ്ടു് കയ്യഫാസ് ഗർജ്ജിച്ചു: "ഇയാളെ ജോസഫാത്ത് താഴ്വരയിൽ കൊണ്ടുപോയി കല്ലെറിയണം."

"അയാൾക്കനർഹമായ പ്രാധാന്യം നൽകുകയായിരിക്കും അതു്. ഏതായാലും ആരെല്ലാം നമ്മോടുകൂടെ, ആരെല്ലാം നമുക്കെതിരു് എന്നു മനസ്സിലാക്കുവാൻ സാധിച്ചതു് ഭാഗ്യമായി. ഇനി നമുക്കു് ജോസഫിൻെറ പുത്രൻ ഈശോയുടെ കാര്യം ചിന്തിക്കാം" അന്നാസ് നീരസസൂചകമായി മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. മററു പുരോഹിതന്മാരുടെ നേരെ തിരിഞ്ഞു് അദ്ദേഹം അഭിപ്രായപ്രകടനം തുടർന്നു: "എന്താണു് ചെയ്യേണ്ടതെന്നുള്ളതിനെപ്പററി നമ്മുടെയിടയിൽ അഭിപ്രായഭിന്നതയില്ലെന്നു് ഞാൻ കരുതുന്നു. ദുർഗ്രാഹ്യമായ ഏതോ കാരണംമൂലം അയാളെ ഒച്ചപ്പാടു കൂടാതെ തട്ടിക്കളയുവാൻ ഇതുവരെ ആരേയും കിട്ടിയിട്ടില്ല. ബറാബാസ് ഈ കാര്യത്തിൽ നമുക്കു ആശാഭംഗമാണു് നൽകിയിട്ടുള്ളതു്."

റബ്ബി നഥാനിയേൽ കൈപൊക്കി, സംസാരിച്ചു: "അയാളുടെകൂടെ സദാ സഞ്ചരിക്കുന്ന ഒരുവനെ എനിക്കു പരിചയമുണ്ടു്. എനിക്കു അയാളുടെമേൽ കുറെ സ്വാധീനശക്തിയുമുണ്ടു്. എൻെറ ഒരടുത്ത ചാർച്ചക്കാരനുമാണു്. സമർത്ഥനായ ഒരു ചെറുപ്പക്കാരൻ. അവൻ ഈ മന്ത്രവാദിയുടെ പിറകെ ഓടിനടക്കുന്നതെന്തുകൊണ്ടെന്നെനിക്കു മനസ്സിലാകുന്നില്ല. ഒരുപക്ഷെ ഈ അനുയായിയിൽനിന്നു വല്ല ഗുണവുമുണ്ടായേക്കാം."

"ഭേഷ്! എന്നാൽ ഒരു കാര്യം നഥാനിയേൽറബ്ബി ഓർമ്മിക്കണം. ഒരു മൂന്നാമൻമൂലം, ദേവാലയവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാൾവഴി, ആവശ്യമുള്ള ഏർപ്പാടുകൾ ചെയ്യുകയാണു വേണ്ടതു്" അന്നാസ് പറഞ്ഞു.

ശ്വശുരൻെറ ഈ അഭിപ്രായം ഈഷൽവൈരസ്യത്തോടുകൂടിയാണു് കയ്യഫാസ് കേട്ടതു്. "അന്തമില്ലാത്ത ഈ കരുതലെല്ലാം എന്തിനാണാവോ? എന്തുകൊണ്ടു് നമുക്കയാളെ പരസ്യമായി വിസ്തരിച്ചു ശിക്ഷിച്ചുകൂടാ? ന്യായപ്രമാണത്തിനെതിരായ അയാളുടെ കുററങ്ങൾ സുവിദിതങ്ങളത്രെ. പത്തു പ്രമാണങ്ങളെ റദ്ദാക്കിക്കൊണ്ടു് അവയുടെ സ്ഥാനത്തു രണ്ടുമാത്രം പ്രതിഷ്ഠിക്കേണമെന്നുള്ള ശ്രമംതന്നെ മതിയല്ലൊ. ഈ ഒററക്കാര്യത്തിനു് സാനെദ്രിൻ അയാളെ വധശിക്ഷയ്ക്കു വിധിക്കും, തീർച്ചയാണു്" എന്നദ്ദേഹം സമർത്ഥിച്ചു. (തുടരും)

# കത്താവിൻെറ ബാഹ്യപ്രകൃതി

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

കത്താവിൻെറ പിറവിക്കുശേഷമുള്ള ഇക്കാലസന്ധിയിൽ ദൈവമനുഷ്യനായ അവിടുത്തെ ജീവിതത്തിൻെറ വിവിധ വശങ്ങളെപ്പററി ചിന്തിക്കേണ്ടതു് നമ്മുടെ കടമയാണു്. അദ്ദേഹത്തിൻെറ ഇഹലോകചെയ്തികളെല്ലാം നമ്മുടെ ചിന്താവിഷയമാക്കുവാൻ നാം തികച്ചും അപ്രാപ്തരാണു്. ഈശോയുടെ 12-ാം വയസ്സിനുശേഷം തൻെറ പരസ്യജീവിതംവരെ അവിടുന്നു് കഴിച്ചുകൂട്ടിയ കാലസന്ധിയെപ്പററി സുവിശേഷകർ വളരെ ചുരുക്കമായി മാത്രമേ പറയുന്നുള്ളു. കത്താവിൻെറ ആന്തരികസ്വഭാവപ്രദ്യോതകമായി:- "അവൻ അവർക്കു" (മാതാവിനും യൗസേപ്പപിതാവിനും) കീഴ്വഴങ്ങിയിരുന്നു" എന്നും, ബാഹ്യപ്രകൃതിയെപ്പററി:- "അവിടുന്നു ബുദ്ധിയിലും പ്രായത്തിലും മനുഷ്യരുടേയും ദൈവത്തിൻേറയും മുമ്പാകെ വരപ്രസാദത്തിലും വളർന്നുവന്നു" (St. Luke II 51, 52) എന്നുമാണു് സൂചിപ്പിക്കുന്നതു്. ബാക്കി നാം ആലോചിച്ചു മനസ്സിലാക്കിക്കൊള്ളണമെന്നു് സുവിശേഷകർത്താക്കൾ വിവക്ഷിക്കുന്നു. ഉദ്ധൃതവാക്യങ്ങളിൽ രണ്ടാമത്തേതാണു് പ്രകൃതത്തിനു ഉപോദ്ബലകമായി നിൽക്കുന്നതു്.

ഈ ജീവിതത്തിലാരും, അവിടുത്തെപ്പററി സമ്യക്കായി വിവരിക്കുവാൻ തികച്ചും പ്രാപ്തരായിട്ടില്ല; എങ്കിലും കത്താവിൻെറ ബാഹ്യപ്രകൃതിയെപ്പററി ചിലതെല്ലാം പറയാം. കത്താവു് പലപ്പോഴും മൗനമുദ്രിതനായിരുന്നു. "മൗനം വിദ്വാനു ഭൂഷണം" എന്ന അഭിജ്ഞവാക്യമനുസരിച്ചു് അതു അവിടുത്തേക്കു് അലങ്കാരവുമായിരുന്നു. കാരണം അവിടുന്നു് അനന്തവിജ്ഞാനിയാണല്ലൊ. കത്താവിൻെറ വാക്കുകൾ കാര്യമാത്രപ്രസക്തവും ലളിതവുമായിരുന്നുവെന്നാണു് പാരമ്പര്യം പഠിപ്പിക്കുന്നതു്. ധ്യാനനിരതനും ആദ്ധ്യാത്മികദർശനത്തിൽ ആമഗ്നനുമായി അവിടുന്നു കാണപ്പെട്ടു. എന്നാൽ അവിടുത്തെ ഈ മൗനമുദ്രിതപ്രകൃതി ആർക്കും ഒരിക്കലും അസഹ്യമായിരുന്നില്ല. അങ്ങനെ നസ്രസിലെ കുടുംബാന്തരീക്ഷത്തിൽ ഏററവും സ്തുത്യർഹമായ പ്രശാന്തത കളിയാടിയിരുന്നു. മറിച്ചു ചിന്തിക്കുന്നതു് തികച്ചും അവഹേളനാപരമായിരിക്കുമല്ലൊ.

ജലവാഹനം സ്വയം മാററത്തിനു വിധേയമാകാതെ വെള്ളത്തിൽ വലിയ കോളിളക്കങ്ങൾ ഉണ്ടാക്കുന്നതുപോലെ കത്താവു ലോകത്തിൽ വ്യാപരിച്ചു. അതു് വെള്ളത്തിൽ ആമഗ്നമായി പോകാത്തതുപോലെ അവിടുന്നു ലോകകാര്യങ്ങളിൽ ഇടപെട്ടു. തൻെറ ചുററുമുള്ള സാധാരണജനങ്ങളുടെ കഷ്ടതകളിൽ അവിടുന്നു അതിയായി സഹതപിക്കുകയും അനുകമ്പ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നതായി സുവിശേഷങ്ങളിൽനിന്നു തെളിയുന്നുണ്ടല്ലോ. അതുവരേയും അതിനുശേഷവും ഒരിക്കലും ആരിലും കാണപ്പെടാത്തൊരു മാധുര്യവും പ്രശാന്തതയും എപ്പോഴും ആ മുഖത്തു വിളങ്ങിയിരുന്നു. യാതൊന്നും അവിടുത്തെ ഇതികർത്തവ്യതാമൂഢനാക്കിയിട്ടില്ല; അത്ഭുതപ്പെടുത്തിയിട്ടുമില്ല; കാരണം സർവ്വജ്ഞാനിയായ അവിടുത്തേക്കു് യാതൊന്നും അപ്രതീക്ഷിതമായിട്ടില്ലല്ലൊ. അപസ്മാരവും മൂർഖതവും അവിടുത്തെ പ്രവൃത്തികളെ തീണ്ടുകപോലും ചെയ്തിട്ടില്ല. മാനുഷികബലഹീനതയ്ക്കോ, അനീതിയുടെ ഫലമായ അസഹിഷ്ണുതയ്ക്കോ അദ്ദേഹത്തിൻെറ മനസ്സിനെ ഉലയ്ക്കുവാൻ സാധിച്ചെന്നു പറയുന്നതു് ദൈവദൂഷണമായിരിക്കും. ആരേയും അലട്ടുന്ന സ്വഭാവം കത്താവിനില്ലായിരുന്നു. അപരിഷ്കൃതമായ പെരുമാററം മററുള്ളവർക്കൊരിക്കലും അദ്ദേഹത്തിൽനിന്നു അനുഭവപ്പെട്ടിട്ടില്ല. നോക്കിലും വാക്കിലും അംഗവിക്ഷേപത്തിലും നമ്മുടെ ബുദ്ധിക്കു് അഗ്രാഹ്യമായ നിർമ്മലത കളിയാടിയിരുന്നു. സ്വർഗ്ഗീയസൗന്ദര്യധാമമായ അങ്ങേ മുഖബിംബം എപ്പോഴും അലൗകികമായ മന്ദസ്മിതത്താൽ തെളിഞ്ഞിരുന്നു.

അവിടുത്തെ എളിമയെപ്പററി എന്തു പറയാനാണു്! ആ അനന്തമായ എളിമയെ നാം അനുകരിക്കണമെന്നു് കത്താവുതന്നെ നമ്മെ അനുശാസിച്ചിട്ടുണ്ടു്. ആ നന്മാവിശേഷമാണു് അവിടുത്തെ പ്രകൃത്യതീതമായ ആകർഷണീയതയെ വർദ്ധിപ്പിക്കുന്നതു്. അദ്ദേഹം പഠിപ്പിക്കുകയും പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്തിരുന്ന തത്വങ്ങൾ സാധാരണജനങ്ങൾക്കു ഗ്രഹിക്കുവാൻപോലും അസാദ്ധ്യമാകത്തക്കവിധം അത്ര സനാതനങ്ങളും അവിടുത്തെ ജീവിതം അന്നത്തെ ലോകത്തിനു് എത്തിനോക്കുകപോലും ചെയ്വാൻ സാദ്ധ്യമല്ലാത്തവിധം അത്ര നിർമ്മലവുമായിരുന്നു. എങ്കിലും ആശാപാശങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന കൊടുംപാപികൾപോലും തങ്ങൾക്കു സമീപിക്കുവാൻതന്നേയും സാദ്ധ്യമല്ലാത്തൊരു പരിശുദ്ധിയുടെ അവതാരമാണു് അദ്ദേഹമെന്നറിഞ്ഞിട്ടും, അവിടുത്തെ വിനയനമ്രവും, ശാന്തസുന്ദരവുമായ മുഖഭാവത്താൽ അവർ ആകർഷിക്കപ്പെട്ടിരുന്നു. കാരണം ആ മുഖത്തു വിളങ്ങിയിരുന്നതുപോലൊരു വശ്യശക്തി അന്യത്ര അദൃശ്യമായിരുന്നു

ശരിയായ സ്ഥാപനത്തിൻെറ പേരു്

കാ
കാളൻ
ൻ

ഈ പേരിൽ ഒരേ ഒരു സ്ഥാപനം മാത്രമേയുള്ളു.

"കാളൻ"

സ്ഥാപനം വകയായി "ഔഷധശാല"കളോ "വൈദ്യശാല"കളോ ഇല്ല.

"കാളൻ"

സ്ഥാപനം വകയായി നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ 3 സിദ്ധൌഷധങ്ങൾ മാത്രമേയുള്ളു.

"കാളൻ"

സ്ഥാപനംവകയും 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ"വഴി സുപ്രസിദ്ധമായിത്തീർന്നിട്ടുള്ളവയുമായ ടി. ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, പാലക്കാടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, ഇന്ത്യയിലും വിദേശങ്ങളിലുമുള്ള 170-ൽപരം ഏജൻസികൾവഴിയായും, പോസ്റ്റൽമാർഗ്ഗമായും മററും വിതരണംചെയ്തുകൊണ്ടിരിക്കുന്നു.

"കാളൻ"

സ്ഥാപനംവക ടി. ഔഷധങ്ങളുടെ ലേബലുകളിന്മേൽ

ഈ മുദ്രയും, KALAN'S എന്നും ഉണ്ടായിരിക്കും. ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ

"കാളൻ"

എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

"കാളൻ"

സ്ഥാപനംവക ടി. ഔഷധനാമങ്ങളിലെ "ആസവം" എന്നും, "ഘൃതം" എന്നും, "തൈലം" എന്നുമുള്ള വാക്കുകൾ കൂട്ടിചേർത്തും, കുപ്പികളുടേയും ലേബലുകളുടേയും ഔഷധങ്ങളുടേയും ഛായകൾ കപ്പിച്ചും, ഔഷധങ്ങളുടെ എണ്ണം 3 തന്നെയാക്കി ചമച്ചും അനുകരണവ്യാപാരത്തിനു് ഇറങ്ങിയിട്ടുള്ളവരുടെ വഞ്ചനയിൽ പെട്ടുപോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്തുകൊണ്ടെന്നാൽ,

സാക്ഷാൽ "കാളൻ"

സ്ഥാപനംവക തന്നെയാണെന്നു് തെററിദ്ധരിച്ചു് ഔഷധങ്ങൾ വാങ്ങിച്ചിട്ടുള്ളവരുടെ അനുഭവങ്ങൾതന്നെ അനുകരണങ്ങളെ വർജ്ജിക്കണമെന്നു് വിളിച്ചുപറയുന്നുണ്ടു്. പരോപകാരാർത്ഥം ഇതു് നിങ്ങളുടെ സ്നേഹിതന്മാരെക്കൂടി കാണിക്കുവാൻ താല്പര്യപ്പെടുന്നു.

TELEGRAM:
KALAN, Alagappanagar.

കാളൻ, നെല്ലായി.

അത്മകഥാകഥനം

# മാതൃസഭയിലേക്ക്

[എം. ജി മത്തായി, പുലിയൂർ]

ഒരു മാർത്തോമ്മാസഭാംഗമായി ജനിച്ചുവളർന്ന ഞാൻ രണ്ടു വർഷങ്ങൾക്കുമുമ്പു മാത്രമാണു് കത്തോലിക്കാതിരുസഭയിൽ പ്രവേശിച്ചതു്. അതുകൊണ്ടു മാർത്തോമ്മാസഭയോടു എന്തെങ്കിലും അമർഷം എനിക്കുണ്ടെന്നു ആരും വിചാരിക്കേണ്ട. ക്രൈസ്തവപരിശീലനത്തിൽ എന്നെ വളരെ സഹായിച്ച ആ സഭയോടു എനിക്കു വലിയ കടപ്പാടുണ്ടെന്നുള്ള കാര്യം ഏററു പറഞ്ഞുകൊള്ളുന്നു. മാർത്തോമ്മാസഭയിലെ അപൂർണ്ണമായ പഠനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു കത്തോലിക്കാസഭയിലെ പൂർണ്ണവികസിതപഠനങ്ങളിലേക്കു എന്നെ തിരിച്ചുവിട്ടതായിട്ടാണു് എനിക്കനുഭവപ്പെടുന്നതു്.

മനുഷ്യഹൃദയത്തിൻെറ അടിത്തട്ടിൽ കിടന്നു കിടക്കുന്ന അഭിനിവേശങ്ങൾക്കും പ്രതീക്ഷകൾക്കും ആശയങ്ങൾക്കും ഏററം സ്വാഭാവികമായ വികസനവും സംതൃപ്തിയും ലഭിക്കുന്നതു് ക്രിസ്തുമതത്തിലാണല്ലോ. മനുഷ്യൻെറ ബുദ്ധിയും മനസ്സും വികാരങ്ങളും ഒത്തിണക്കപ്പെട്ടിരിക്കുന്നതു തന്നെ ക്രിസ്തീയ ജീവിതത്തിനു വേണ്ടിയാണെന്നു തോന്നത്തക്കവണ്ണം അത്രയ്ക്കു മനുഷ്യപ്രകൃതിയോടു് യോജിച്ചിട്ടുള്ള മതമാണു് ക്രിസ്ത്യാനികളുടേതു്. ഉദാഹരണമായി, മരണാനന്തരജീവിതത്തെപ്പററി ക്രിസ്തുമതത്തിൻെറ പഠനങ്ങൾ ഹിന്ദുക്കളുടേയോ, മുസ്ലിമീങ്ങളുടേയോ ബുദ്ധമതക്കാരുടെയോ തത്വങ്ങളേക്കാൾ എത്ര ഉൽകൃഷ്ടതരമായിരിക്കുന്നു! മനുഷ്യാഭിവാഞ്ഛകളോടു് അവ എത്ര ബന്ധപ്പെട്ടിരിക്കുന്നു! എല്ലാ മതങ്ങളുടേയും പരിപൂർണ്ണതയാണു് ക്രൈസ്തവമതം. ക്രിസ്തുമതത്തിലുള്ള എല്ലാ വകുപ്പുകളും കത്തോലിക്കാസഭയിലേക്കുള്ള വഴികാട്ടികളായി നിൽക്കുകയാണെന്നാണു് എൻെറ ദൃഢബോദ്ധ്യം. ഞാൻ

ഉതന്നെ. ഇതിൻെറ രഹസ്യം ഒരുപക്ഷേ അദ്ദേഹത്തിൻെറ ധീരോദാത്തമായ സ്വാർത്ഥരാഹിത്യമായിരിക്കണം.

സംക്ഷിപ്തവും എന്നാൽ അർത്ഥസംപുഷ്ടവുമായ വാക്കുകളിൽ അപ്പസ്തോലൻ അവിടുത്തെ ജീവിതം ഇങ്ങനെ വിവരിക്കുന്നു:- "സ്വസന്തോഷമായിരുന്നില്ല അവിടുത്തെ ജീവിതലക്ഷ്യം" എന്നാൽ നമ്മുടെ ജീവിതം എപ്പോഴും സ്വയം ആനന്ദിക്കുവാനും സ്വസംതൃപ്തി നേടുവാനും നാം വിനിയോഗിക്കുന്നു. നമ്മുടെ ജീവിതാന്ത്യം നാംതന്നെയാണെന്നു തോന്നത്തക്കവിധം അതു് അത്ര അലക്ഷ്യമായിരിക്കുന്നു. എന്നാൽ കർത്താവിൻെറ ജീവിതം സ്വയം ബലികഴിച്ചു് മററുള്ളവർക്കായി നീക്കിവച്ചു. അതാണു് അവിടുത്തെ പ്രകൃതിയുടെ ആകെത്തുക.

ഈശോ ഉല്ലാസവാനും സന്തോഷചിത്തനും ധൃതവാനും കർമ്മനിരതനും പ്രായോഗശക്തനും എല്ലാവരിലും ഉത്തമനുമായിരുന്നു. വിശുദ്ധരുടെ മകുടമായ അദ്ദേഹം എല്ലാവരേയും എല്ലാററിലും അതിശയിച്ചിരുന്നു. എന്നാൽ അറിയപ്പെടുവാൻ അദ്ദേഹം ഒട്ടും ആഗ്രഹിച്ചുമില്ല. അങ്ങനെ ദൈവത്വം വിളങ്ങിയിരുന്ന കർത്താവിൻെറ ദിവ്യപ്രകൃതി എത്രമാത്രം വർണ്ണിച്ചാലും അതു മുഴുവനാകയില്ലതന്നെ.

(ഇംഗ്ലീഷിൽനിന്നു് ആശയാനുവാദം)

ഇതുവരെ ഉൾപ്പെട്ടിരുന്ന മാർത്തോമ്മാസഭ ഒരു വിധത്തിൽ പറഞ്ഞാൽ കത്തോലിക്കാസഭയാകുന്ന പരിപൂർണ്ണ സത്യത്തിലേക്കുള്ള ഒരു വഴികാട്ടിയായിരുന്നു.

രണ്ടു വർഷം മുമ്പുവരെ ഒരു മാർത്തോമ്മാക്കാരനായി ജീവിച്ച ഞാൻ മാർത്തോമ്മാസമുദായത്തിൽ അഭിമാനം കൊണ്ടിരുന്നവനാണു് ഇന്നും ആ സഭയിലെ എൻെറ സഹോദരങ്ങളേയും നേതാക്കന്മാരേയും ഞാൻ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഈ അടുത്ത കാലംവരെ ഒററക്കെട്ടായി സുദൃഢമായ സമുദായബന്ധം പാലിച്ചു



പോന്ന എൻെറ സഹോദരങ്ങളുടെ കൂട്ടായ്മയെപ്പററി പലതും സ്തുതിച്ചു പറയേണ്ടിയിരിക്കുന്നു. ചെറുപ്പകാലത്തു കത്തോലിക്കാസഭയെപ്പററിയോ അതിലെ കൂദാശകളെപ്പററിയോ വലിയ പഠനം ഒന്നും ഞാൻ നടത്തിയിട്ടില്ല. അവയെപ്പററി പഠിക്കണമെന്നു് ഒട്ടാഗ്രഹവുമില്ലായിരുന്നു. കത്തോലിക്കാ മുതലായ പുരാതനസഭകൾ ഒരുമാതിരി യാന്ത്രികസഭകളാണെന്നും യഥാർത്ഥ ദൈവൈക്യം ഈ യാന്ത്രികസഭകളിൽക്കൂടി സുസാദ്ധ്യമല്ലെന്നുമായിരുന്നു എൻെറ വിചാരം. യേശുക്രിസ്തു സ്ഥാപിച്ച സഭയെപ്പററി ഭൗതികമോ ഏകപക്ഷീയമോ ആയ വിചാരഗതിയാണു എനിക്കുള്ളതെന്നു് അന്നു തെല്ലുപോലും ഞാൻ സംശയിച്ചിരുന്നില്ല. സഭയെന്നു പറഞ്ഞാൽ ദൈവത്തിങ്കലേക്കു മനുഷ്യനെ കൊണ്ടുവരുന്നതായ ഒരു മാർഗ്ഗമാണെന്നു ഞാൻ ധരിച്ചിരുന്നു. അതൊരു അർദ്ധസത്യം മാത്രമാണെന്നു് പിന്നീടാണു ഞാൻ മനസ്സിലാക്കിയതു്. ദൈവത്തിങ്കലേക്കു മനുഷ്യൻ ഉയരുന്നതിനുള്ള ഒരു മാർഗ്ഗമെന്നപോലെതന്നെ ദൈവം മനുഷ്യനിലേക്കു് വരുന്ന മാർഗ്ഗംകൂടിയാണു് സഭ എന്നുള്ള വിശാലമായ വീക്ഷണഗതി എനിക്കു നൽകിയ കാരുണ്യവാനായ ദൈവത്തോടു് ഞാൻ നന്ദിയുള്ളവനാണു്. യേശുമിശിഹായുടെ തിരുവവതാരത്തെ ഭൗതികമായി മാത്രം ചിന്തിക്കുന്നു ഒരാൾക്കുണ്ടാകാവുന്ന ഒരു പ്രമാദമാണു് അന്നെനിക്കു പററിയതു്. ദൈവം മനുഷ്യരിലേക്കു വരികയും മനുഷ്യരെ ദൈവത്തിലേക്കു കൊണ്ടുപോകുകയും ചെയ്യാനാണല്ലോ ദൈവം മനുഷ്യനായി തീർന്നതു്. തിരുസഭ മനുഷ്യനായിതീർന്ന യേശുവിൻെറ തുടർച്ചയാണെന്നും സഭയെപ്പററി ഭൗതികമായി മാത്രം ചിന്തിക്കാതെ പൂർണ്ണമായി ചിന്തിക്കേണ്ടതാണെന്നും എനിക്കു ബോധ്യപ്പെട്ടു.

മാർത്തോമ്മാസഭയിലെ തക്സാ പരിഷ്കരണ ശ്രമങ്ങളെപ്പററി വിദ്യാസമ്പന്നരായ എല്ലാ കേരളീയ ക്രിസ്ത്യാനികളും ഇതിനകം അറിഞ്ഞിരിക്കണം. കമ്മിററികൾ രൂപീകരിച്ചു പല പ്രാവശ്യം ശ്രമിച്ചിട്ടും ഇതുവരെ വിജയം വരിക്കാത്ത ഒരു ശ്രമമാണതു്. വി. കുർബാനയിലെ യേശുമിശിഹായുടെ സാന്നിദ്ധ്യം, വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥ്യം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നീ മൂന്നു കാര്യങ്ങളാണു് തക്സാ പരിഷ്കരണത്തിൽ പ്രത്യേകവിവാദവിഷയങ്ങളായിട്ടുള്ളതു്. ഈ മൂന്നു കാര്യങ്ങളും വിശ്വാസപരമായി, കത്തോലിക്കാസഭയിലെപ്പോലെ പൂർണ്ണരൂപത്തിലല്ലെങ്കിലും ഏറെക്കുറെ അവ്യക്തമായി വിശ്വസിച്ചുപോരുന്ന ഒരു നല്ല സംഖ്യ മാർത്തോമ്മാക്കാരുടെ ഇടയിലുണ്ടു്. എന്നാൽ പ്രോട്ടസ്റ്റൻറുകാരെപ്പോലെതന്നെ ഇക്കാര്യങ്ങളെ വീക്ഷിക്കുന്നവരും മാർത്തോമ്മാസഭയിൽ ഇല്ലാതില്ല. ഏതൊരു നല്ല മാർത്തോമ്മാക്കാരനെപ്പോലെയും ഞാൻ ഈ വിഷയങ്ങളെപ്പററി ഉററു ചിന്തിക്കാൻ ആരംഭിച്ചു. വേദപുസ്തകവും മനുഷ്യമനസ്സിലെ അഗാധങ്ങളായ അഭിനിവേശങ്ങളും എന്നെ അലട്ടുന്നതുപോലെ തോന്നി. യേശുക്രിസ്തു വി. കുർബാനയിൽ സന്നിധി ചെയ്യുന്നുണ്ടെന്നുള്ള വിശ്വാസം എന്നിൽ കൂടുതൽ കൂടുതൽ ദൃഢമായിത്തീർന്നു.

ക്രിസ്തീയസഭയുടേയും, ക്രിസ്തീയജീവിതത്തിൻേറയും ചൈതന്യശക്തി യേശുവും വിശ്വാസികളും തമ്മിലുള്ള ഗാഢബന്ധത്തിലാണുൾക്കൊണ്ടിരിക്കുന്നതെന്നു് ഞാൻ നേരത്തെ മനസ്സിലാക്കിയിരുന്നു. യോഹന്നാൻെറ സുവിശേഷത്തിൽ 13, 14, 15, 16 അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ യേശുവും വിശ്വാസികളും തമ്മിലുള്ള ബന്ധത്തെപ്പററിയും വിശ്വാസികൾക്കു തമ്മിൽ തമ്മിൽ യേശുവിലുള്ള ബന്ധത്തെപ്പററിയും മററൊരിടത്തും പ്രതിപാദിച്ചിട്ടില്ല. ക്രിസ്ത്യാനിയുടെ ജീവിതം എന്തായിരിക്കണമെന്നു് വ്യക്തമായും സുന്ദരമായും ഈ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ടു്. യേശു തന്നെത്തന്നെ മുന്തിരിച്ചെടിയോടും വിശ്വാസികളെ അതിൻെറ ശിഖരങ്ങളോടും ഉപമിക്കുന്നു. എന്നിൽ ജീവിക്കുക എന്നാൽ ഞാൻ നിന്നിൽ വസിക്കുന്നതാണു് എന്നു് അവിടുന്നു് ഉറപ്പുപറയുന്നു. യേശു വസിക്കണമെങ്കിൽ അവിടുത്തെ കല്പനകൾ കാത്തുകൊണ്ടു് അങ്ങിൽ ജീവിക്കണമെന്നു് അതിനുശേഷം അനുശാസിക്കുന്നു. അവിടുത്തെ കല്പനയാകട്ടെ, അവിടുന്നു തുടർന്നു പ്രസ്താവിക്കുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം." ഏററം വലിയ സ്നേഹലക്ഷണമായി അവിടുന്നു് ചൂണ്ടിക്കാണിക്കുന്നതു് സ്നേഹിതനുവേണ്ടി ജീവൻ ത്യജിക്കണം എന്നത്രേ. ക്രിസ്ത്യാനികളെ ലോകം തിരിച്ചറിയേണ്ടതു് അവർ തമ്മിൽ തമ്മിലുള്ള പരസ്പരസ്നേഹം കണ്ടായിരിക്കണമെന്നും ഉൽബോധിപ്പിക്കുന്നു. ഈ അദ്ധ്യായങ്ങൾ വാസ്തവത്തിൽ ഒരേ സംഗതിയെപ്പററി പ്രതിപാദിക്കുന്നതും ഒരവസരത്തിൽ ഒരു ശ്വാസത്തിലെന്നവണ്ണം പറയുന്നതുമാണു്. ദൈർഘ്യംകൊണ്ടു് സുവിശേഷത്തിൽ കൂടുതൽ സൗകര്യം ഉദ്ദേശിച്ചു് പല അദ്ധ്യായങ്ങളായി വിഭജിച്ചിട്ടുള്ളതത്രേ. തിരുവത്താഴം കഴിക്കുന്ന രംഗമാണു് ഈ അദ്ധ്യായങ്ങളുടെ പശ്ചാത്തലം. അപ്പവും വീഞ്ഞും ആശീർവദിച്ചു് ശിഷ്യന്മാർക്കു കൊടുത്തശേഷം പറഞ്ഞ വാക്കുകളാണു് ഈ അദ്ധ്യായങ്ങളിൽ നാം വായിക്കുന്നതു്. എത്ര ഗാഢമായ ഒരു കൂട്ടായ്മ (Communion) യെപ്പററിയാണു് ഈ അദ്ധ്യായങ്ങൾ വിവരിക്കുന്നതു്! വിശ്വാസികൾ തമ്മിൽ തമ്മിൽ യേശുവിൽ ഒരു ശരീരവും ഒരാത്മാവും ആകണമെന്നാണു് അവിടുന്നു ആഗ്രഹിക്കുന്നതു്. അതിഗാഢവും തീവ്രവുമായ ഈ സ്നേഹബന്ധം ഏകപക്ഷമാണെന്നു്, അതായതു് മനുഷ്യൻ ദൈവത്തിങ്കലേക്കു പോകുന്ന വസ്തുതമാത്രം ഉൾക്കൊള്ളുന്നതാണെന്നു് പറഞ്ഞാൽ എനിക്കതു വിശ്വസിക്കാൻ പ്രയാസമാണു്. ദൈവം മനുഷ്യനു് തന്നെത്തന്നെ കൊടുക്കുന്നതായും വേറൊരു വശം ഈ കൂട്ടായ്മയിലുണ്ടു്. ഈ ഒരു പരമാർത്ഥമാണു് പുരാതനസഭകളെപ്പററി കൂടുതൽ ശ്രദ്ധിക്കുവാൻ എനിക്കു കാരണമായതു്. മാർത്തോമ്മാസഭ കമ്മ്യൂണിയനെ കുറയധികം അപ്രധാനമാക്കിക്കളഞ്ഞു എന്നു എനിക്കു ബലമായ സംശയമുണ്ടായി. യഥാർത്ഥമായ ചൈതന്യംനിറഞ്ഞ ദൈവസ്നേഹവും വിശ്വാസികളുടെ കൂട്ടായ്മയും നാം എത്രയെത്ര ആഗ്രഹിച്ചാലും പ്രകൃതിദത്തമായി നമുക്കു കിട്ടുകയില്ലെന്നും സർവ്വശക്തനായ ദൈവംതന്നെ അവ നമുക്കു നൽകിയെങ്കിലേ ലഭിക്കൂ എന്നും എനിക്കു് യാതൊരു തത്വശാസ്ത്രവും പഠിക്കാതെതന്നെ ബോദ്ധ്യമായി. തിരുവത്താഴം നൽകിയ സന്ദർഭവും അതു കഴിഞ്ഞു യേശു അരുളിച്ചെയ്ത വാക്യങ്ങളും ഒന്നിച്ചിണക്കി നോക്കിയപ്പോൾ യേശുതന്നെയാണു് നമ്മുടെ ദൈവികസ്നേഹത്തിൻേറയും കൂട്ടായ്മയുടേയും ജീവൻ എന്നു എനിക്കു മനസ്സിലായി. ദൈവം തന്നെത്തന്നെ നമ്മുടെ ആത്മീയജീവനുവേണ്ടി നൽകിയ ഒരു കൂദാശയായി തിരുവത്താഴത്തെ ഞാൻ സംശയലേശംകൂടാതെ സ്വീകരിച്ചു. "ഇതു് എൻെറ ശരീരമാകുന്നു, ഇതു് എൻെറ രക്തമാകുന്നു" എന്നു പറഞ്ഞ വാക്യങ്ങൾ അലങ്കാരഭാഷയായിട്ടെടുക്കാൻ പിന്നീടുള്ള അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുള്ള വാക്യങ്ങൾ എന്നെ അനുവദിച്ചില്ല. യേശുതന്നെ നമ്മിൽ എഴുന്നെള്ളി നമ്മുടെ ആത്മീയപോഷണമായിത്തീർന്നു ദൈവസ്നേഹവും മനുഷ്യസ്നേഹവും ഉത്തരോത്തരം വർദ്ധിപ്പിക്കുന്നുവെന്നാണു് വിശുദ്ധ യോഹന്നാൻ പഠിപ്പിക്കുന്നതു് എന്നു എനിക്കു ബോദ്ധ്യപ്പെട്ടു. യോഹന്നാൻെറ സുവിശേഷം ആറാം അദ്ധ്യായത്തിലെ വാക്യങ്ങൾ ഈ അദ്ധ്യായങ്ങളിലെ ആശയത്തിനു് കൂടുതൽ ബലവും നൽകുന്നുണ്ടു്. അങ്ങനെ പ്രോട്ടസ്റ്റൻറു രീതിയിൽ വിശ്വാസം മാത്രമായിട്ട പോകുന്നതു് പരിപൂർണ്ണസത്യത്തിൽനിന്നു് അകലുകയാണെന്നുള്ള ദൃഢമായ ബോദ്ധ്യത്താൽ പ്രേരിതനായി ഞാൻ തിരുസഭാസിദ്ധാന്തങ്ങൾ കൂടുതലായി പഠിച്ചു. വ്യക്തമായ ആശയങ്ങൾ വേദപുസ്തകവാക്യങ്ങളേയും പാരമ്പര്യപഠനങ്ങളേയും ആധാരമാക്കി പഠിപ്പിക്കുന്ന ഒരേ ഒരു തത്വസംഹിതയാണു കത്തോലിക്കാ സഭയ്ക്കുള്ളതെന്നു എനിക്കു പ്രത്യക്ഷമാകുവാൻ തുടങ്ങി. മനുഷ്യൻെറ ഉള്ളിൽ ഉറങ്ങികിടക്കുന്ന എല്ലാ ആദ്ധ്യാത്മിക ഗ്രഹണങ്ങൾക്കും ചിന്തകൾക്കും മാനസികപ്രവർത്തനങ്ങൾക്കും ഉപശാന്തിവരുത്തുന്ന സുനിശ്ചിതങ്ങളായ തത്വങ്ങളാണു് കത്തോലിക്കാസഭ ഉൾക്കൊണ്ടിരിക്കുന്നതെന്നു് എനിക്കു ദൃഢബോദ്ധ്യമായി.

വിശുദ്ധ കുർബാനയെപ്പററിയെന്നപോലെ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥനയും കാതോലികമായ ഒരു വീക്ഷണകോടിയിൽക്കൂടി കാണാൻ എനിക്കു നിഷ്പ്രയാസം സാധിച്ചു. വിശ്വാസികൾ തമ്മിൽ കത്തോലിക്കാസഭയിൽ അന്താരാജ്യമായ ഒരു കൂട്ടായ്മ മാത്രമല്ല എവിടെയെല്ലാം വിശ്വാസികളുണ്ടോ അവരുമായെല്ലാം കൂട്ടായ്മ പാലിക്കുന്ന ഒരു സഭയായി ഞാൻ തിരുസഭയെ കാണുന്നു. സ്വർഗ്ഗത്തിലും ശോധനസ്ഥലത്തുമുള്ള വിശ്വാസികളുമായി വ്യക്തമായ സമ്പർക്കം പുലർത്തുന്നതിനു് തക്ക വിശാലവും സാർവ്വത്രികവുമായ വിശ്വാസം കത്തോലിക്കാ സഭയ്ക്കു മാത്രമാണുള്ളതു്. മാർത്തോമ്മാസഭയിൽ നല്ലൊരു സംഖ്യ മരിച്ചവരെപ്പററിയുള്ള പ്രതീക്ഷയിൽ വിശ്വസിക്കുന്നവരാണെങ്കിലും അപൂർണ്ണവും അവ്യക്തവുമാണു് മാർത്തോമ്മാസഭയുടെ ഉപദേശങ്ങൾ. പരിശുദ്ധവും ഏകവും കാതോലികവും അപ്പസ്തോലികവുമായ സഭയിൽ മാർത്തോമ്മാസഭയുടെ പുനരൈകരണവും പൂർണ്ണതയും കൈവരുത്തുന്നതിനു് കാരുണ്യവാനായ ദൈവത്തോടു് പ്രാർത്ഥിക്കുന്നു.

അവസാനമായി പരിശുദ്ധകന്യകമറിയാമിനോടുള്ള ഭക്തിയെപ്പററി രണ്ടു വാക്കു എഴുതിക്കൊള്ളട്ടെ. ഒരു മാർത്തോമ്മാക്കാരനായിരുന്ന എനിക്കു പണ്ടുമുതലേ കന്യാസ്ത്രീ അമ്മയോടു പ്ര



എറണാകുളം മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിൻെറ ആലുവ ബ്രാഞ്ചിലെ ഫോർമാൻ ജെ. ഡിക്രൂസ്സ് അവർകളുടെ ദ്വിതീയപുത്രി ശ്രീമതി മാഗ്ഗി ഡിക്രൂസ്സും എറണാകുളം ടൊറാക്കമ്പനി സെയിൽസ് മാനേജരായ ശ്രീമാൻ നീക്കോളാസ് ഒക്കേയും തമ്മിലുള്ള വിവാഹം 1956 ജനുവരി 23 ാംനു ആലുവ സെൻറ് ഫ്രാൻസിസ് സേവ്യേഴ്സ് പള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു. വികാരി റവ. ഫാദർ അഗസ്റ്റിൻ മാവേലി അവർകളാണു് വിവാഹകർമ്മം ആശീർവദിച്ചതു്. വിവാഹാനന്തരം വധൂഗൃഹത്തിൽവച്ചു് നടത്തപ്പെട്ട കേമമായ ഡിന്നറിൽ അനേകം അതിഥികളും ബന്ധുമിത്രാദികളും സംബന്ധിച്ചിരുന്നു. നവദമ്പതിമാർക്കു സകല മംഗളങ്ങളും നേർന്നുകൊള്ളുന്നു.

# ചെസ്റ്റേർട്ടന്റെ തീർത്ഥയാത്ര

(കെ വി. സെബാസ്റ്റ്യൻ

അന്വേഷണങ്ങളുടേയും അന്വേഷ്ടാക്കളുടേയും ഒരു കാലമുണ്ടായിരുന്നു. അജ്ഞാതങ്ങളായ ഭൂവിഭാഗങ്ങൾ കണ്ടുപിടിക്കുന്നതിനു മനുഷ്യൻ സഹിച്ച ബുദ്ധിമുട്ടുകൾക്കും കഷ്ടപ്പാടുകൾക്കും അതിരില്ല. കാലം കുറെ കഴിഞ്ഞതോടുകൂടി അപരിചിതങ്ങളും അഭിനവങ്ങളുമായ എല്ലാം മനസ്സിലാക്കിക്കഴിഞ്ഞതായി മനുഷ്യൻ അഭിമാനിച്ചു. തത്ഫലമായി അവന്റെ അന്വേഷണൌൽസുകത ക്ഷയിക്കാൻതുടങ്ങി. ഒരു പുഴ എവിടെ ഒഴുകുന്നുവെന്നോ, ഒരു പുഷ്പം എവിടെ വികസിക്കുന്നുവെന്നോ അറിയുന്നതോടെ പുഴയും പുഷ്പവും തനിക്കു സുപരിചിതങ്ങളായിത്തീർന്നിരിക്കുന്നുവെന്നു മനുഷ്യൻ കരുതുന്നു.

എന്നാൽ അന്വേഷണത്തിന്റെ യുഗം അവസാനിച്ചിരുന്നില്ല. ലോകത്തെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്കാൻ മനുഷ്യവർഗ്ഗത്തിനു കഴിഞ്ഞിട്ടില്ലെന്നു വിശ്വസിച്ചിരുന്ന ആളുകൾ ഓരോ കാലത്തും ഉണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യം അനുഗ്രഹമായിരുന്നതുപോലെ തന്നെ മരണം വമ്പിച്ച നഷ്ടവുമായിരുന്നു. ഇത്തരത്തിൽപ്പെട്ട ഒരാളായിരുന്നു ഗിൽബെർട്ട് കീത്ത് ചെസ്റ്റേർട്ടൻ. അദ്ദേഹത്തിന്റെ മരണം നമ്മുടെ കാലഘട്ടത്തിലെ ഒരു വലിയ നഷ്ടമാണ്; സംശമില്ല.

ലോകം കണ്ടുപിടിക്കപ്പെട്ടിട്ടില്ല എന്നു കണ്ടുപിടിച്ചതാണ് അദ്ദേഹത്തിന്റെ നേട്ടം. സംശയത്തിന്റെ ഇരുൾനിറഞ്ഞ മൂലകളിൽ അദ്ദേഹം പരതിനടന്നു. ആ നടപ്പിൽ കണ്ടുപിടിക്കാൻ കഴിഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തി. ഈ അന്വേഷണങ്ങളുടെ ഫലമായി അത്ഭുതകരമായ ഒരു കണ്ടുപിടുത്തം അദ്ദേഹം സാധിച്ചു ചെസ്റ്റേർട്ടൻ സ്വയം കണ്ടുപിടിച്ചു.

ഒരു പട്ടി ഒരാളെ കടിക്കുന്നുവെന്നു വിചാരിക്കുക. ആരും ആ സംഭവത്തിനു വലിയ പ്രാധാന്യം കല്പിക്കുകയില്ല. നേരെമറിച്ച് ഒരാൾ ഒരു പട്ടിയെ കടിച്ചാൽ, ദിനപ്പത്രങ്ങളുടെ മുൻപേജിൽതന്നെ ആ വാർത്ത സ്ഥലം പിടിച്ചുവെന്നുവരും. കണ്ടുപിടുത്തങ്ങളേയും മനുഷ്യനേയും സംബന്ധിച്ചിടത്തോളം ഇതു മിക്കവാറും ശരിയാണ്. ഒരാൾ എന്തെങ്കിലും ഒരു പുതിയ കണ്ടുപിടുത്തം നടത്തിയാൽ അതു വലിയ പ്രസിദ്ധിക്കു കാരണമാകും. എന്നാൽ മറ്റൊരാൾ അയാളെത്തന്നെ കണ്ടുപിടിച്ചുവെന്നു പറഞ്ഞാലോ? ആരും അതു ഒരു നേട്ടമായി കാണുകയില്ല. ഇതിന്റെ കാരണമെന്താണ്?

ഒരുവൻ ജീവിതകാലം മുഴുവൻ അവനോടുകൂടിത്തന്നെ കഴിയുന്നതുകൊണ്ട് തീർച്ചയായും സ്വയം മനസ്സിലാക്കിയിരിക്കുമെന്നു നാം കരുതുന്നതാണിതിനു കാരണം. അതുകൊണ്ട് പുഴയോടും പുഷ്പത്തോടുമുള്ള മനോഭാവം തന്നെ നമ്മെ സംബന്ധിച്ചുംനാം വച്ചുപുലർത്തുന്നു. അറിയാമെന്നു വിശ്വസിക്കുന്നതുകൊണ്ട് അന്വേഷിക്കുന്നില്ല എന്നതാണ് പരമാർത്ഥം. തത്ഫലമായി ജീവിതകാലം മുഴുവൻ ഒരപരിചിതനോടുകൂടിയാണ് കഴിച്ചുകൂട്ടിയതെന്നു അവസാനം നാം മനസ്സിലാക്കുന്നു.

എന്നാൽ സ്വയം കണ്ടുപിടിച്ച, ചെസ്റ്റേർട്ടനെപ്പോലുള്ള ഒരാളെ കാണുമ്പോൾ, നമുക്കു സന്തോഷവും സംതൃപ്തിയും അനുഭവപ്പെടുന്നു. സ്വർഗ്ഗത്തിന്റെ സന്താനമായ താൻ പിതാവിന്റെ പൂന്തോട്ടത്തിലേക്കു നാടുകടത്തപ്പെട്ടിരിക്കയാണെന്നദ്ദേഹം മനസ്സിലാക്കി. ലോകമാകുന്ന ഈ പൂന്തോട്ടം ദൈവത്തിന്റെ കൈവേലയാണ്. ചെസ്റ്റേർട്ടന്റെ ദൃഷ്ടിയിൽ ലോകം സ്നേഹംകൊണ്ടു നിറഞ്ഞതാണ്. ആഹ്ലാദത്തിന്റേയും പൊട്ടിച്ചിരികളുടേയും സ്ഥലമാണതു്. അവിടെ വിദ്വേഷം എന്നൊന്നില്ല. ലോകം ഒരു പുതിയ പ്രകാശംകൊണ്ടു നിറഞ്ഞിരിക്കുന്നു. അവിടത്തെ ജീവിതം ഒരിക്കലും മുഷിപ്പനല്ല. കുറേക്കൂടി സൂക്ഷ്മമായി പറയുകയാണെങ്കിൽ "ചെസ്റ്റേർട്ടന്റെ ലോകത്തിൽ"ലായിരിക്കുക എന്നുവച്ചാൽ നിത്യത്വത്തിന്റെ വസന്തഭംഗി ആസ്വദിക്കുക എന്നാണർത്ഥം. ചെസ്റ്റേർട്ടന്റെ ലോകവും നമ്മുടേതും തമ്മിലുള്ള വ്യത്യാസം—ചെസ്റ്റേർട്ടനും മററു മനുഷ്യരും തമ്മിലുള്ള വ്യത്യാസം—വളരെ എളുപ്പം മനസ്സിലാക്കാവുന്നതാണ്. മററുള്ളവർ "വളരുകയായിരുന്നപ്പോൾ" ചെസ്റ്റേർട്ടൻ ഒരു "ശിശുവായി" മാറുകയായിരുന്നു.

ഹൃദയത്തിൽ വസന്തവും ചുണ്ടുകളിൽ പുഞ്ചിരിയുമുള്ളവരാണ് ശിശുക്കൾ. ക്രമേണ അവരിൽ മാററങ്ങളുണ്ടാകുന്നു. അവർ വളരുന്നതോടെ ചുണ്ടുകളിലെ ചിരി മാഞ്ഞുപോകുന്നു. ഹൃദയത്തിലെ വസന്തം അസ്തമിക്കുന്നു. ശിശു വളരാൻതുടങ്ങുകയും, ന്യായാന്യായവിവേചനത്തിനുള്ള കഴിവ് അവനിൽ നാമ്പെടുക്കുകയും ചെയ്യുന്ന ദുഃഖകരമായ ആ നിമിഷം വരെ അവൻ ജീവിക്കുന്നതു് മനോഹരമായ ഒരു ലോകത്തിലാണ്. ശിശുക്കളുടെ ലോകത്തിനു അതിന്റേതായ നിയമങ്ങളുണ്ട്. അവരുടെ എല്ലാ പ്രവർത്തനങ്ങളും ഒരു പ്രത്യേകപ്രേരണയാൽ നിയന്ത്രിക്കപ്പെടുന്നു. ഈ പ്രേരണയെ സഹജജ്ഞാനമെന്നും അശിക്ഷിതബോധമെന്നുമെല്ലാം വിളിക്കുന്നു. വാസ്തവത്തിൽ, അവർക്കു വിവേചനാശക്തി കൈവരുന്നതുവരെ ദൈവം അവർക്കുവേണ്ടി ആ ജോലി നിർവ്വഹിക്കുകയാണ്.

എന്നാൽ ദൈവത്തിനു സ്വഭാവത്താൽതന്നെ ന്യായാന്യായവിവേചനം സാദ്ധ്യമല്ല. അവിടുന്നു എല്ലാം അറിയുന്നു. മനുഷ്യന്റെ ബുദ്ധി അപൂർണ്ണമാകയാൽ അവനു ചിന്തിക്കുകയും വിവേചിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ നിയമം ശിശുവിനെ ബാധിക്കുന്നില്ല. സ്രഷ്ടാവിന്റെ കൈകളിലിരിക്കുന്ന ചരടുകളുടെ അററത്തു ആ കരചലനങ്ങൾക്കൊപ്പിച്ചു നൃത്തംവയ്ക്കുന്ന പാവയാണ് ശിശു. വിവേകം കൈവരുന്നതോടുകൂടി മാത്രമേ അവൻ സ്വന്തകണ്ണുകൾകൊണ്ടു കാണാൻ തുടങ്ങുന്നുള്ളു. ഇതോടെ ആനന്ദവും ഐശ്വര്യവും നിറഞ്ഞ ഒരു ലോകവുമായി അവൻ യാത്രപറയേണ്ടിവരുന്നു. എങ്കിലും പിൽക്കാലങ്ങളിൽ ശാന്തിയും സന്തോഷവും നിറഞ്ഞ ആ സാഹചര്യങ്ങൾക്കുവേണ്ടി അവൻ ദാഹിക്കാറുണ്ട്.

വിവേചനാശക്തിയാകുന്ന പടിവാതിലിൽക്കൂടി പുറത്തേക്കു കടന്നതുപോലെതന്നെ അതേ വാതിലിൽക്കൂടി മനുഷ്യൻ അകത്തു പ്രവേശിക്കേണ്ടിയിരിക്കുന്നു. മററുള്ളവർക്കു കാണാൻ കഴിയാഞ്ഞ ഈ തത്വം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ചെസ്റ്റേർട്ടൻ മനസ്സിലാക്കി. മനുഷ്യൻ ശിശുവിന്റെ വിവേചനാശക്തിയോടെ വളരണം. പിന്നീട് അവൻ ഈ വിവേചനാശക്തിയുടെ ശിശുവായി മാറണം. ഒരർത്ഥത്തിൽ ഈ രണ്ടാംശൈശവത്തിൽ എത്തിച്ചേരുകയെന്നതാണ് മനുഷ്യന്റെ ജീവിതോദ്ദേശ്യം. ചിന്തയുടെ തിരിവുകളിൽക്കൂടിയുള്ള അപകടകരമായ ഈ യാത്രയാണ് ജീവിതത്തിലെ ഏററം വലിയ സാഹസികപ്രവൃത്തി. ഈ യാത്രയുടെ ഫലമോ? ജീവിതത്തിലെ ഏററം വലിയ നിധി. ഇതായിരുന്നു ചെസ്റ്റേർട്ടന്റെ തീർത്ഥയാത്ര. ഈ വിരസാഹസികതയുടെ ചരിത്രമാണദ്ദേഹത്തിന്റെ ജീവിതം. ഇതിനു സമ്മാനമായികിട്ടിയതു് ഒരു പുതിയ ലോകവും.

അടിസ്ഥാനമില്ലാത്ത യുക്തിചിന്തയെ അദ്ദേഹം നിരസിച്ചു. അതുകൊണ്ട് അദ്ദേഹത്തിനു ലോകം കണ്ടുപിടിക്കാൻകഴിഞ്ഞു. ബാഹ്യമായ ജീവിതത്തിനപ്പുറമുള്ള അർത്ഥം കണ്ടുപിടിക്കാൻ അദ്ദേഹം യത്നിച്ചു. മനുഷ്യന്റെ ഭാവന നിർമ്മിച്ച കെട്ടുകഥകളുടെ ലോകം അദ്ദേഹത്തിനു സ്വീകാര്യമായില്ല. മനുഷ്യമനസ്സിനേക്കാൾ ഉന്നതമായ ഏതോ ഒന്നിന്റെ ചിന്തയാണ് ഈ ലോകം. ആ ചിന്തയുടെ ആഴങ്ങളിലേക്കു അദ്ദേഹം ഇറങ്ങിച്ചെന്നു. അതിന്റെ സാരാംശം ഗ്രഹിക്കുന്നതുവരെ ശിശുക്കൾക്കും ജ്ഞാനികൾക്കുംമാത്രം ഗ്രഹിക്കാൻകഴിയുന്ന യാഥാർത്ഥ്യം അദ്ദേഹം കണ്ടെത്തി.

യാഥാർത്ഥ്യത്തിന്റെ പുതുമയും മനോഹാരിതയുംനിറഞ്ഞ ഒരു അത്ഭുതലോകത്തിലേക്കു അദ്ദേഹം കടന്നുചെന്നു സത്യം കെട്ടുകഥകളേക്കാൾ പുതുമയും കനവുമുള്ളതാണെന്നദ്ദേഹം പഠിച്ചു. കാരണം "കഥകൾ നമ്മുടെ രുചിക്കൊത്തവണ്ണം നമ്മൾതന്നെ നിർമ്മിക്കുന്നവയാണ്." അപകടം നിറഞ്ഞ വഴിയാണ് തെരഞ്ഞെടുത്തതെങ്കിലും അതിൽക്കൂടി മാത്രമേ ഭദ്രത കണ്ടെത്താൻ കഴിയൂ എന്നു അദ്ദേഹം മനസ്സിലാക്കി. "ആശയങ്ങൾ അപകടകാരികളാണ്". അവ ഏതൊരുത്തനു് ഏററം കുറച്ചു അപകടംചെയ്യുന്നുവോ അവനാണ് സാക്ഷാൽ ജ്ഞാനി. ആശയങ്ങളുമായി ഇടപഴകിക്കൊണ്ട്, സിംഹങ്ങളെ മെരുക്കുന്നവനെപ്പോലെ, അയാൾ അവയുടെയിടയിൽ പെരുമാറുന്നു. ഒരാശയവും ഇല്ലാത്തവനു ആശയങ്ങൾ ഏററം കൂടുതൽ അപകടംചെയ്യുന്നു. ഇങ്ങനെയുള്ള ഒരുവനെ അവൻ ആദ്യമായി കണ്ടുമുട്ടുന്ന ആശയം കീഴടക്കികളയുന്നു."

ജീവിച്ചുതീർക്കേണ്ടതല്ല, നേടിയെടുക്കേണ്ടതാണ് ജീവിതം. ഐശ്വര്യാകാംക്ഷ ഭൂരിപക്ഷംപേർക്കും ജീവിതത്തിന്റെ ഒരു ഭാഗമാണ്. ചെസ്റ്റേർട്ടനെ സംബന്ധിച്ചിടത്തോളം ജീവിതം ഈ ആകാംക്ഷയുടെ ഒരു ഭാഗമായിത്തീർന്നു. ജീവിതം അതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ മനോഹരവും ചൈതന്യപൂർണ്ണവുമായി അദ്ദേഹത്തിനനുഭവപ്പെട്ടു. മനുഷ്യൻ എന്തായിരിക്കണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അതായിത്തീർന്നു അദ്ദേഹം. അങ്ങനെ ശരിയായ യുക്തിചിന്തയുടെ വഴിത്താരയിൽക്കൂടി മുന്നേറിയപ്പോൾ അദ്ദേഹം സത്യം കണ്ടുപിടിച്ചു. അറിഞ്ഞുകഴിഞ്ഞതെന്നു മനുഷ്യൻ വിശ്വസിക്കുന്ന സത്യങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ, ഇന്നും അവൻ അന്വേഷിക്കുന്നതെന്തോ അതു കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ലോകം എന്താണെന്നു കണ്ടുപിടിച്ചപ്പോൾ അദ്ദേഹം സ്വയം കണ്ടെത്തി. ഒരുവനു സാധിക്കാൻ കഴിയുന്നതിൽ ഏററം മഹത്തായ കണ്ടുപിടുത്തം!


ചുരുക്കംപേർക്കുമാത്രം കഴിയുന്ന ഒന്നാണിതു്. ലോകമെന്തെന്നു മനസ്സിലാക്കാനുള്ള വ്യഗ്രതയിൽ മനുഷ്യൻ മിക്കവാറും തന്നെത്തന്നെ മറന്നുകളയുന്നു. അവൻ പ്രകൃതിയെ "മാതാവു്" എന്നു വിളിക്കാൻതുടങ്ങുന്നു. അങ്ങനെ ഒരു വെറും സൃഷ്ടിയെ സ്രഷ്ടാവിന്റെ സ്ഥാനത്തേക്കുയർത്തിക്കൊണ്ടു അവൻ തെററിലേക്കു വഴുതിവീഴുന്നു.

"പ്രകൃതി നമ്മുടെ അമ്മയല്ല; സഹോദരിയാണ്" എന്ന ക്രിസ്തീയതത്വത്തിന്റെ പരമപ്രധാനമായ വശം ചെസ്റ്റേർട്ടൻ പഠിച്ചു. പ്രശംസിക്കാനല്ലാതെ അനുകരിക്കാനൊന്നുമില്ലാത്ത ഒരു സഹോദരി. ഒരേ പിതാവിന്റെ മക്കളാകയാൽ അവളുടെ സൗന്ദര്യത്തെപ്പററി നമുക്കഭിമാനംകൊള്ളാം. ഇഡിസിന്റേയും സൈബിലിന്റേയും ആരാധകർക്കു വന്ദ്യയായ ഒരു മാതാവാണ് പ്രകൃതി. എമേഴ്സനും വേഡ്സ്വർത്തിനും അവൾ ലാവണ്യവതിയായ അമ്മയാണ്. എന്നാൽ ഫ്രാൻസിസ് അസ്സീസിക്കും ജോർജ്ജ് ഹെർബർട്ടിനും അവൾ അമ്മയായിരുന്നില്ല. ഫ്രാൻസിസിനെ സംബന്ധിച്ചിടത്തോളം, സ്നേഹിക്കാനും നോക്കിനിന്നാഹ്ലാദിക്കാനുമുള്ള ഒരു കുഞ്ഞുസോദരിമാത്രമായിരുന്നു അവൾ.

ചെസ്റ്റേർട്ടൻ പ്രകൃതിയെ സ്നേഹിച്ചു. യുഗങ്ങൾ കഴിഞ്ഞിട്ടും കുഞ്ഞായിത്തന്നെ കഴിയുന്ന സഹോദരിയെനോക്കി അദ്ദേഹം ആഹ്ലാദിച്ചു. അദ്ദേഹം ലോകത്തെ ഇഷ്ടപ്പെട്ടു; ലോകത്തെപ്പററി എഴുതി.

ഈശ്വരൻ മനുഷ്യന്റെ പിതാവും പ്രകൃതി അവന്റെ സഹോദരിയുമാണെന്നു ചെസ്റ്റേർട്ടൻ കണ്ടുപിടിച്ചു. തന്റെ തന്നെയോ ലോകത്തിന്റെയോ കണ്ടെത്തലിന്റെ രഹസ്യം


ഏവരസ്‌ററ് കോളർ



സി. എ. ഔസേഫ് & സൺസ്

ആഭരണവ്യാപാരം, തൃശ്ശൂർ


ത്യേകം ആദരവും സ്നേഹവുമുണ്ടായിരുന്നു. ആ സ്വർഗ്ഗസ്ഥയായ അമ്മയെ സ്നേഹിക്കാതിരിക്കുന്നത് ഏറ്റം വലിയ മൗഢ്യമായാണ് ഞാൻ കരുതുന്നതു്. യേശുക്രിസ്തുവിനെ ഹൃദയംനിറഞ്ഞു സ്നേഹിക്കുന്ന ഒരാൾക്കു അവിടത്തെ അമ്മയെ സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഞാൻ പരിശുദ്ധകന്യകയെ വളരെ സ്നേഹിക്കുന്നുണ്ടെങ്കിൽ അതു യേശുക്രിസ്തുവിനെ ഏറ്റം അധികമായി സ്നേഹിക്കുന്നതുകൊണ്ടാണ്. പരിത്രതയുടേയും ആത്മീയസംതൃപ്തിയുടേയും വിഹാരവേദിയായ പരിശുദ്ധകത്തോലിക്കാ സഭയിലേക്കു എന്റെ അകത്തോലിക്കാ സഹോദരങ്ങളെ കൊണ്ടുവരുന്നതിനു പരിശുദ്ധ അമ്മ നമ്മുടെ എല്ലാം യത്നങ്ങളേയും അനുഗ്രഹിക്കട്ടെ.

വാരാന്ത്യവീക്ഷണം

# ഐസനോവർ–ഈഡൻ സംഭാഷണങ്ങൾ

ബ്രിട്ടീഷ് പ്രധാനമന്ത്രി സർ ആൻറണി ഈഡൻ അമേരിക്കയിൽപോയി പ്രസിഡണ്ട് ഐസനോവറുമായി അന്താരാഷ്ട്രീയ പ്രശ്നങ്ങളെപ്പററി ചർച്ചകൾ നടത്തുകയുണ്ടായി. മദ്ധ്യപൂർവ്വദേശത്തേയും വിദൂരപൂർവ്വദേശത്തേയും സംബന്ധിക്കുന്ന പ്രശ്നങ്ങളാണ് പ്രധാനമായി ഇവരുടെ ശ്രദ്ധയെ ആകർഷിച്ചതു്. ഈജിപ്തും മററു അറബിരാഷ്ട്രങ്ങളും ഇസ്രായേലിനെ ആക്രമിച്ച് സമാധാനഭംഗം വരുത്തിയാൽ അമേരിക്കയും ബ്രിട്ടനും 1950-ലെ ത്രികക്ഷിപ്രഖ്യാപനമനുസരിച്ച് ഇസ്രായേലിനെ സഹായിക്കുമെന്നും മദ്ധ്യപൂർവ്വപ്രദേശത്തെ സമാധാനപ്രശ്നത്തെപ്പററിയുള്ള ആലോചനകളിൽ ഫ്റാൻസിനുംകൂടി സ്ഥാനംകൊടുക്കേണ്ടതാണെന്നും ഐസനോവർ-ഈഡൻ സംഭാഷണങ്ങളുടെ ഫലമായി തീരുമാനിക്കപ്പെട്ടു. ബാഗ്ദാദ് സഖ്യം അന്താരാഷ്ട്രീയസമാധാനം പുലത്തുന്നതിനു വളരെ പ്രയോജനപ്പെടുമെന്നും അതിനെ പ്രബലമാക്കുന്നതിനു വേണ്ടതെല്ലാം ചെയ്യേണ്ടതാണെന്നും രണ്ടു നേതാക്കന്മാരും നിശ്ചയിച്ചിട്ടുണ്ട്.

ഈജിപ്തിനു് അസ്വാൻ അണക്കെട്ടു പണിയുന്നതിനു ധനസഹായം ചെയ്യുന്ന കാര്യം, ബ്രിട്ടനും സൗദിഅറേബ്യയുമായുള്ള ബുറൈമിയെപ്പററിയുള്ള തർക്കം എന്നീ വിഷയങ്ങളും ചർച്ചചെയ്യപ്പെട്ടു. മദ്ധ്യപൂർവ്വദേശത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ ബ്രിട്ടനും അമേരിക്കയും തമ്മിൽ അഭിപ്രായഐക്യമുണ്ടായിട്ടുണ്ട്. എന്നാൽ വിദൂരപൂർവ്വപ്രദേശങ്ങളിൽ അമേരിക്കയും ബ്രിട്ടനും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ അവസാനിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റ് ചൈനയുമായുള്ള കച്ചവടത്തിൽ ഇപ്പോൾ അനുവത്തിച്ചുപോരുന്ന നയം മാററി വ്യാപാരം വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള ബ്രിട്ടന്റെ വാദത്തെ അമേരിക്കാ സ്വീകരിച്ചിട്ടില്ല. ഈ പ്രശ്നത്തെപ്പററി വീണ്ടും ചർച്ചകൾ നടത്തുന്നതാണ്. ചൈനീസു പ്രധാനമന്ത്രി മി. ചൗഎൻലായിയും അമേരിക്കൻ സ്റ്റേററ് സെക്രട്ടറി മി. ഡള്ളസ്സും തമ്മിൽ നേരിട്ടു സംഭാഷണങ്ങൾ നടത്തണമെന്നുള്ള ബ്രിട്ടന്റെ നിർദ്ദേശത്തേയും അമേരിക്കാ സ്വീകരിച്ചിട്ടില്ല. എന്നാൽ ബലംപ്രയോഗിച്ച് കമ്മ്യൂണിസ്റ്റ് ചൈനാ ഫോർമോസാ പിടിച്ചടക്കുവാൻ ശ്രമിച്ചാൽ അതിനെ തങ്ങൾ എതിർക്കുമെന്നു അമേരിക്കയും ബ്രിട്ടനും വെളിപ്പെടുത്തിയിട്ടുണ്ട്.

## ബുൾഗാനിന്റെ സമാധാനനിർദ്ദേശം

ഐസനോവർ-ഈഡൻ സംഭാഷണങ്ങൾ ആരംഭിക്കുന്നതിനു ഏതാനും ദിവസങ്ങൾമുമ്പു റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻ പ്രസിഡണ്ട് ഐസനോവർക്കു ഒരു കത്തയച്ചിരുന്നു. റഷ്യയും അമേരിക്കയും തമ്മിൽ ഇരുപതുവർഷത്തേക്കുള്ള ഒരു സൗഹാർദ്ദഉടമ്പടിയിൽ ഒപ്പുവക്കണമെന്നും അങ്ങനെ പശ്ചിമഷേരിയും പൗരസ്ത്യചേരിയും തമ്മിലുള്ള ശീതസമരം അവസാനിപ്പിക്കണമെന്നും അതിൽ നിർദ്ദേശിച്ചിരുന്നു. അമേരിക്കാ ഈ നിർദ്ദേശത്തെ നിരസിക്കയാണുണ്ടായതു്. എന്നാൽ റഷ്യ ഒരു പ്രാവശ്യംകൂടി, കഴിഞ്ഞ വെള്ളിയാഴ്ച സൗഹാർദ്ദഉടമ്പടിക്കുള്ള നിർദ്ദേശവുമായി അമേരിക്കയെ സമീപിക്കയുണ്ടായി. അമേരിക്കാ ഈ നിർദ്ദേശവും നിരസിക്കുമെന്നുതന്നെവേണം വിചാരിക്കുവാൻ. റഷ്യൻനിർദ്ദേശം നിരസിച്ചതിനു് ചില കാരണങ്ങൾ അമേരിക്കൻ വക്താക്കൾ പറഞ്ഞിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടനാപ്രമാണത്തിൽ പറഞ്ഞിട്ടുള്ള സൗഹാർദ്ദവ്യവസ്ഥകളിൽ കൂടുതലായി ഒന്നുംതന്നെ ഒരു റഷ്യൻ-അമേരിക്കൻ ഉടമ്പടികൊണ്ടു് സാധിക്കാനില്ല. അമേരിക്കയും റഷ്യയും ഐക്യരാഷ്ട്രസംഘടനാപ്രമാണത്തിൽ ഒപ്പുവച്ചിട്ടുള്ള രാജ്യങ്ങളാണ്. അതുകൊണ്ടു് ഒരു പ്രത്യേകഉടമ്പടി ആവശ്യമില്ലെന്നാണ് അമേരിക്കയുടെ നിലപാട്. റഷ്യയുടെ ആത്മാർത്ഥതയിൽ അമേരിക്കാ വിശ്വസിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ആ സ്ഥിതിക്കു ഒരു സൗഹാർദ്ദഉടമ്പടിമൂലം അമേരിക്കൻജനതയിൽ ഒരു ചിന്താക്കുഴപ്പം സൃഷ്ടിക്കാമെന്നല്ലാതെ മറെറാരു പ്രയോജനവുമില്ല. യഥാർത്ഥത്തിൽ റഷ്യ സമാധാനം കാംക്ഷിച്ചിരുന്നെങ്കിൽ മദ്ധ്യപൂർവ്വദേശത്തു അറബിരാജ്യങ്ങൾക്കു ആയുധങ്ങൾ അയച്ചുകൊടുത്തു് അവിടെ ഒരു സംഘർഷാവസ്ഥ സൃഷ്ടിക്കയില്ലായിരുന്നുവെന്നാണ് അമേരിക്കയുടെ ബോദ്ധ്യം. റഷ്യയുടെ അന്താരാഷ്ട്രീയനയത്തിൽ മൗലികമായ ഒരു മാററം വരുന്ന കാലംവരെ അമേരിക്കാ കരുതലോടുകൂടി പ്രവത്തിക്കുമെന്നു ഐസനോവർ-ഈഡൻ സംഭാഷണങ്ങൾക്കുശേഷം പുറപ്പെടുവിച്ചിട്ടുള്ള സംയുക്തപ്രഖ്യാപനത്തിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്. മാർഷൽ ബുൾഗാനിന്റെ സൗഹാർദ്ദഉടമ്പടിനിർദ്ദേശം വെറും പ്രചരണത്തിനുവേണ്ടിയുള്ള ഒരു വിദ്യയായിട്ടേ അമേരിക്കൻ നേതാക്കന്മാർ കരുതുന്നുള്ളൂ.

—o—

രണ്ടിന്റേയും പിതാവ് ദൈവമാണെന്നുള്ള ബോധത്തിലാണെന്നു അദ്ദേഹം പഠിച്ചു. ലോകം എങ്ങനെ കാണപ്പെടുന്നുവെന്നല്ല എന്തായിരിക്കുന്നുവെന്നു് മററുള്ളവർ കണ്ടതിൽനിന്നു് ഭിന്നമായ ഒരു വെളിച്ചത്തിൽ മനസ്സിലാക്കിയതാണ് അദ്ദേഹത്തിന്റെ വിജയം. നമ്മൾ ജീവിക്കുന്ന ലോകത്തെപ്പററി അദ്ദേഹം എഴുതി. പക്ഷെ അദ്ദേഹം എഴുതിയതു് നമ്മൾ അറിയുന്ന ലോകത്തെപ്പററി ആയിരിക്കയില്ല.

അതിശയനീയങ്ങളായ കണ്ടുപിടുത്തങ്ങളുടെ ഈ കാലത്തു് ഓരോരുത്തനും സ്വയം കണ്ടുപിടിക്കേണ്ടിയിരിക്കുന്നുവെന്ന കാര്യം നാം മറന്നുകളയുന്നു. ചെസ്റ്റേർട്ടൻ ലോകത്തിൽ പര്യടനം നടത്തി. അദ്ദേഹം ലോകപൗരനായിത്തീന്നു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി സമർത്ഥനായ ഒരു വഴികാട്ടി നമുക്കു നഷ്ടപ്പെട്ടു. അദ്ദേഹം പ്രകാശിപ്പിച്ച പാതയിൽക്കൂടി മുന്നോട്ടുപോവുകയാണെങ്കിൽ യാഥാർത്ഥ്യങ്ങളുടെ അത്ഭുതകരമായ ഈ ലോകത്തിൽ ആകർഷണീയനായ ഒരപരിചിതനെ കണ്ടെത്താൻ മനുഷ്യനു കഴിയും—സ്വയം കണ്ടെത്താൻ കഴിയും.

(ഇംഗ്ലീഷിൽനിന്നു്)

## ഇടവകവാർത്തകൾ

**എളങ്കുളം:** എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റിനോസ് തിരുമനസ്സിലെ ആത്മശാന്തിക്കായി സ്ഥലം ചെറുപുഷ്പ ദേവാലയത്തിൽ ഫെബ്രുവരി 5-ാംനു- കാലത്തു റാസ മുതലായ തിരുകർമ്മങ്ങൾ നടന്നു. തദനന്തരം മഹാമഹിമ ശ്രീ കേരളവർമ്മ തമ്പുരാൻ എം എ, ബി എൽ തിരുമനസ്സിലെ ആദ്ധ്യക്ഷത്തിൽ ദേവാലയാങ്കണത്തിൽവച്ചു അനുശോചനയോഗം കൂടുകയും പാരിഷ് ഹാളിൽ സ്ഥാപിച്ചിട്ടുള്ള മെത്രാപ്പോലീത്താതിരുമനസ്സിലെ എണ്ണച്ഛായാപടം അനാച്ഛാദനം ചെയ്യുകയും ചെയ്തു. തദവസരത്തിൽ ശ്രീ എം ഒ ജോസഫ് അവർകൾ മെത്രാപ്പോലീത്താ തിരുമനസ്സിലെ ആദർശസമ്പന്നമായ ജീവിതത്തെ പരാമർശിച്ചു പ്രസംഗിച്ചു. അദ്ധ്യക്ഷൻ തിരുമനസ്സിലെ മെത്രാപ്പോലീത്താതിരുമേനിയെപ്പററിയുള്ള അനുസ്മരണാപ്രസംഗം വികാരനിർഭരവും ഭക്തിദ്യോതകവുമായിരുന്നു. അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയാണു് ഈ മനോഹരമായ ദേവാലയനിർമ്മാണം സാധിച്ചതും അവിടുത്തെ ജീവിതത്തിൽ അവസാനത്തേതായ ദേവാലയാശീർവാദം നിർവഹിച്ചതും എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

**കൊടുമുറി:** ആണ്ടുതോറും നടത്തിവരാറുള്ള വി. സെബസ്ത്യാനോസ് പുണ്യവാന്റെ അമ്പുപ്രദക്ഷിണം ജനുവരി 29-ാം ശനിയാഴ്ച കൊടുമുറി വാളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ അമ്പഴക്കാട്ടു കൊവേന്ത പരിസരത്തിൽനിന്നും തുടങ്ങുകയും, ഭക്തിപുരസ്സരം മാളപള്ളിയിൽ എത്തിച്ചേരുകയും ചെയ്തു.

**പാലാ:** സ്ഥലം സെൻറ് തോമസ് കോളേജിലെ കത്തോലിക്കാവിദ്യാർത്ഥി യൂണിയന്റെ വാർഷികം ജനുവരി 28-ാംനു- നടന്നു. ഊട്ടി മെത്രാൻ മൊററ് റവ ഡോക്ടർ ആൻറണി പടിയറ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ ഫാദർ ജോൺ മാറാം M A അവർകളുടെ സ്വാഗതം, യൂണിയൻ പ്രസിഡൻറു മി മാത്യു കെ കാപ്പന്റെ റിപ്പോർട്ടുവായന എന്നിവക്കുശേഷം, പ്രിൻസിപ്പൽ റവ ഫാദർ ജോസഫ് കുരീത്തടം ഒരു ലഘുപ്രസംഗത്തോടുകൂടി 201 രൂപയുടെ ഒരു പണക്കിഴി അഭിവന്ദ്യതിരുമേനിക്കു സമ്മാനിച്ചു. ഉജ്ജ്വലമായ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം വിവിധമത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനങ്ങൾ വിതരണം ചെയ്യുകയുണ്ടായി. സെക്രട്ടറി മി ജോസഫ് കാപ്പന്റെ കൃതജ്ഞതാപ്രകടനത്തോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

**തിടനാടു്:** ആർ എസ് ക്ലബ്ബിന്റെ പ്രഥമവാർഷികം പ്രമാണിച്ചു നടത്തപ്പെട്ട വിവിധ കായികമത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ ജനു: 29-ാംനു- സമ്മേളിച്ച പൊതുയോഗത്തിൽവച്ചു നൽകപ്പെടുകയും അന്നു രാത്രി ശ്രീ ജി ററി പൊന്തനാൽ രചിച്ച "അത്രയും വേണ്ടാ" എന്ന സംഗീതനാടകം ക്ലബ്ബംഗങ്ങൾ തന്മയത്വമായി അഭിനയിക്കുകയും ചെയ്തു.

**കോക്കമംഗലം:** അതിവന്ദ്യ എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി ജാനു: 29-ാംനു- വൈകുന്നേരം സ്ഥലം വിൻസെൻറു ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ ഇടവകക്കാരുടെ ഒരു ജാഥാ പ്രാർത്ഥനയോടെ പള്ളിയിൽനിന്നും സെൻറു ആൻറണീസ് സ്കൂളിലേക്കു പോകുകയും അവിടെവച്ചു വികാരി റവ ഫാദർ മാത്യു മുഞ്ഞനാട്ടു അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ചെയ്തു. മെ: ജോസഫ് മങ്കുഴിക്കരി, വക്കച്ചൻ വാച്ചിറയിൽ എന്നിവർ പ്രസംഗിക്കുകയും അനുശോചനപ്രമേയം അദ്ധ്യക്ഷസ്ഥാനത്തുനിന്നും അവതരിപ്പിച്ചു പാസ്സാക്കുകയും ചെയ്തു.

(ശേഷം 8-ാം പേജിൽ)


രണ്ടാം പഞ്ചവത്സര മാസക്കുറി
(Sanction No. D. Disc. 6286/55/RD. DTD. 10–1–'56)

60 നമ്പ്ര്—നമ്പ്ര് ഒന്നിനു് 10 നറുക്ക്—നറുക്കൊന്നിനു് 100ക.

ആകെ സല 60,000 രൂപാ.

4 നറുക്ക്—എടുപ്പ്. 6 നറുക്ക്—ലേലം.

സ്ഥിരപലിശ 3,800ക. ബോണസ്സ് 1,800ക.

(ബോണസ്സ് ഓരോ തവണയും കൃത്യമായി പണമടയ്ക്കുന്നവർക്കു സമമായി വീതിക്കുന്നതാണ്)

തലയാൾ കമ്മീഷൻ 1·66% മാത്രം

പ്രസ്തുത കമ്മീഷനിൽനിന്നും 3,000ക. ബാങ്ക് റിസർവ്വ് ചെയ്യുന്നതും 60 തവണയും ബോണസ്സിനു് അർഹരായ ടിക്കററുകൾക്കു് തുല്യമായി വീതിച്ചു സമ്മാനമായി കൊടുക്കുന്നതുമാണ്.

സ്ഥിരപലിശയും ലേലാദായവും ഒന്നിച്ച് ആനുപാതികമായി വീതിക്കുന്നതാണ്.

600 രൂപാ മുതൽ 3–2–0 യുടെ അംശംവരെ ആർക്കും ചേരാവുന്നതും, വിളിച്ചെടുക്കാവുന്നതുമാകുന്നു.

സലവിവരം

| നറുക്കസംഖ്യ | | സല | കമ്മീഷൻ | സ്ഥിരപലിശ | ബോണസ്സ് | ചിററാളിനു് കിട്ടുന്നസംഖ്യ |
|---|---|---|---|---|---|---|
| A (1×6) | 600 | 36,000 | 600 | 2,280 | 1,080 | 32,040 |
| B (1×5) | 500. | 30,000 | 500 | 1,900 | 900 | 26,700 |
| C (1×4) | 400 | 24,000 | 400 | 1,520 | 720 | 21,360 |
| D (1×3) | 300 | 18,000 | 300 | 1,040 | 580 | 16,020 |
| E (1×2) | 200 | 12,000 | 200 | 760 | 360 | 10,680 |
| F (1) | 100 | 6,000 | 100 | 380 | 180 | 5,340 |
| G (1/2) | 50 | 3,000 | 50 | 190 | 90 | 2,670 |
| H (1/4) | 25 | 1,500 | 25 | 95 | 45 | 1,335 |
| I (1/8) | 12/8 | 750 | 12/8 | 47/8 | 22/8 | 667/8 |
| J (1/16) | 6/4 | 375 | 6/4 | 23/12 | 11/4 | 333/12 |
| K (1/32) | 3/2 | 187/8 | 3/2 | 11/14 | 5/10 | 166/14 |

ആദ്യലേലവും നറുക്കെടുപ്പും 1956 ഏപ്രിൽ 7-ാംനു- ശനിയാഴ്ച 4 മണിക്കു
(എറണാകുളം ബ്രാഞ്ചിൽവെച്ച്)

അപേക്ഷകൾ ഫെബ്രുവരി ഒന്നാം തീയതി മുതൽ സ്വീകരിക്കുന്നതും ആവശ്യത്തിനുള്ള നറുക്കുകൾ തികയുമ്പോൾ അവസാനിപ്പിക്കുന്നതുമാണ്.

തലവരിയോലക്കും കൂടുതൽ വിവരങ്ങൾക്കും:—

ഫെഡറൽ ബാങ്ക് (ക്ലിപ്തം) ഹെഡ് ആഫീസ് ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ.
ഈസ്റ്റേൺ മിഡ്ലാൻഡ്സ് ബാങ്ക് ക്ലിപ്തം: കോട്ടയം, മൂവ്വാററുപുഴ, തൊടുപുഴ, കോതമംഗലം.
കാനറ ഇൻഡസ്ട്രിയൽ ബാങ്കിംഗ് & സിൻഡിക്കേററ് ക്ലിപ്തം: കൊച്ചിൻ, ആലപ്പുഴ, പയ്യന്നൂർ, തളിപറമ്പു, കാനനൂർ, തലശേരി, വടകര, കോഴിക്കോട്, പാലക്കാട്, മദ്രാസ്, ബോമ്പെ, കോയമ്പത്തൂർ, ബാങ്കളൂർ.
പറവൂർ സെൻട്രൽ ബാങ്ക് ക്ലിപ്തം: N. പറവൂർ, തിരുവനന്തപുരം.
കൂടാതെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും ഏജൻസികൾ ഏർപ്പെടുത്തിയിട്ടുണ്ട്.



പ്യാരി (REGD) ഔഷധസോപ്പ്
ചുണങ്ങ്, താരൻ മുഖക്കുരു, പുഴുക്കടി നിറഭേദങ്ങൾ മുതലായവക്ക്
PYARY PRODUCTS (REGD) T.C.S




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol-29 | FEBRUARY 8, ERNAKULAM | No 26


# മുദ്രാലയപ്രേഷിതത്വത്തിന്റെ മൺമറഞ്ഞ അപ്പസ്തോലൻ

മനുഷ്യന്റെ പാരമാർത്ഥ്യപ്രാപ്തിയെ സുഗമമാക്കുന്നതിനും അവന്റെ ഭൗമികജീവിതത്തെ സൗഭാഗ്യപ്രദമാക്കുന്നതിനും വഴി തെളിക്കുന്ന ശക്തിമത്തായ ഒരു പാധിയാണ് സൽപ്രസിദ്ധീകരണങ്ങൾ എന്നുള്ള സത്യം ആദരിക്കപ്പെട്ടുപോരുന്ന ഒരു വസ്തുതയാണ്. ഈ യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയാണ് കത്തോലിക്കാതിരുസഭാദ്ധ്യക്ഷന്മാർ കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണത്തെ അത്യധികം പ്രോത്സാഹിപ്പിക്കുകയും അതേപ്പറ്റി വിവിധമായ ഉൽബോധനങ്ങളും ഹൃദയസ്പൃക്കായ അഭ്യർത്ഥനകളും ഇടയ്ക്കിടെ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതു്. കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണമാസമായി ഫെബ്രുവരിമാസം നിശ്ചയിച്ചിട്ടുള്ളതു് ഈ ഉദ്ദേശ്യങ്ങളെ പ്രായോഗികമാക്കുന്നതിനുവേണ്ടിയാണെന്നുള്ള വസ്തുതയെപ്പറ്റി കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ സവിസ്തരം പ്രതിപാദിക്കുകയും, എല്ലാവരും കഴിവനുസരിച്ചു അതിനുവേണ്ടി പ്രവർത്തിക്കണമെന്നനുസ്മരിപ്പിക്കുകയും ചെയ്തിരുന്നല്ലോ. ഉദാരമായ ഒരു സഹകരണം, അപ്പസ്തോലികചൈതന്യത്തോടുകൂടിയ ഒരു സേവനം എവിടെയും ദൃശ്യമാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

നമ്മുടെ അതിവന്ദ്യമെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്തീനോസ തിരുമേനി കാലം ചെയ്തിട്ടിന്നു മുപ്പതുദിവസം തികയുകയാണ്. ഈ പ്രത്യേക അവസരം അവിടത്തെ സവിശേഷമായ സ്മരണയ്ക്കായി അതിരൂപത മുഴുവനും മാത്രമല്ല കേരളവും ഭാരതത്തിന്റെയും ലോകം മുഴുവന്റെയും പല ഭാഗങ്ങളും പ്രത്യേകപരിപാടികൾമൂലം വിനിയോഗിക്കുകയാണ്. തിരുമനസ്സിലെ അനന്തരഗാമിയായ അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഇടയലേഖനത്തിൽ ഇതിനുള്ള ആഹ്വാനം നൽകിയിട്ടുണ്ട്. വിരഹദുഃഖത്തിന്റെ കഠിനഭാരത്തെ പേറിക്കൊണ്ടു് അവിടത്തെ ആരോമൽ പിഞ്ചുസൂനമായ "സത്യദീപ"വും കൂപ്പുകൈയുയർത്തുകയാണ്, സർഗ്ഗാധിനാഥൻ ആ സ്നേഹതാതനെ സൗഭാഗ്യമണിയിക്കുവാൻ— മുദ്രാലയപ്രേഷിതത്വത്തിന്റെ ആ അപ്പസ്തോലനെ മുടിചൂടിക്കുവാൻ.

ദിവംഗതനായ മെത്രാപ്പോലീത്താ തിരുമേനിയുടെ ജീവിതത്തിൽനിന്നു നാമിറുത്തെടുക്കേണ്ട നിരവധി ആദർശസുമങ്ങളുണ്ട്. അവയിൽ അതിപ്രധാനമായ ഒന്നാണ് മുദ്രാലയപ്രേഷിതത്വത്തിലുള്ള ആസക്തി. ആധുനികലോകത്തിൽ ഈ പ്രസ്ഥാനത്തിനുള്ള പ്രാധാന്യത്തെ വളരെ മുൻകൂട്ടി കണ്ടറിഞ്ഞ സൂക്ഷ്മചക്ഷുസ്സാണ് തിരുമേനി. 1919-ൽ തിരുമനസ്സുകൊണ്ടു് രൂപതാഭരണം ഏറ്റെടുത്തതിനുശേഷം ആദ്യമായി അവിടുന്നു അടിസ്ഥാനമിട്ട ഒരു മഹൽസംരംഭമാണ് എറണാകുളം "മാർ ളൂയിസ" മെമ്മോറിയൽ പ്രസ്സ്". 1921-ൽ മാർ ളൂയിസ് മെമ്മോറിയൽ പ്രസ് പ്രവർത്തനമാരംഭിച്ചതുമുതൽ ഇന്നുവരെയുള്ള അതിന്റെ ചരിത്രത്തെയും പ്രവർത്തനത്തെയും പരിശോധിച്ചാൽ കാണാം, മുദ്രാലയപ്രേഷിതത്വത്തിൽ തിരുമേനിക്കുണ്ടായിരുന്ന അപ്പസ്തോലികചൈതന്യത്തിന്റെ പ്രകാശധോരണി ഓരോ രംഗങ്ങളിലേക്കും പ്രസരിക്കുന്നതു്. 1921-ൽതന്നെ അവിടത്തെ ഭരണീയർക്കു സന്ദർഭോചിതമായ ഉൽബോധനങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനു "എറണാകുളം മിസ്സ്"മെന്ന പേരിൽ ഒരു ഔദ്യോഗികപ്രസിദ്ധീകരണം പ്രതിമാസികയായി പുറപ്പെടുവിച്ചു. അവിടത്തെ ഭരണീയരെമാത്രം സേവിച്ചാൽ പോരാ, ലോകോപകാരകമായ വിധത്തിൽ പ്രസിദ്ധീകരണപ്രേഷിതത്വം നിർവ്വഹിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ചുഴിഞ്ഞാലോചിച്ചതിന്റെ പരിണതഫലമാണ് നമ്മുടെ "സത്യദീപം". 1927 ലാണ് തിരുമനസ്സിലെ ഈ മഹാദർശം പൂർണ്ണരൂപംകൊണ്ടു് "സത്യദീപ"മായി പുറത്തുവന്നതു്. അജ്ഞതയാലും, വികാരവിഭ്രാന്തികളാലും, കുബുദ്ധികളുടെ തന്ത്രപ്രവൃത്തികളാലും അന്ധകാരനിബിഡമായ സാഹിത്യനഭസ്സിൽ സത്യത്തിന്റെ മനോജ്ഞമായ കിരണകന്ദളങ്ങളെ എമ്പാടും വിതറിക്കൊണ്ടു് പൊതുജനസേവനം ചെയ്യുന്നതിനു സത്യദീപപ്രവർത്തകരെ അരിയിലെഴുതിച്ചതും ഇന്നാളവും കൈപിടിച്ചു നടത്തിയതും തിരുമേനിതന്നെയായിരുന്നു. സത്യദീപത്തിന്റെ നീണ്ട ചരിത്രത്തിൽ അതിന്റെ ഓരോ പുറങ്ങളിലൂടെയും പ്രതിഫലിച്ചിട്ടുള്ള പ്രേഷിതചൈതന്യം— അതിന്റെ പ്രവർത്തകരുടെ കഴിവുകേടുകൾകൊണ്ടു് അതു ഒരുപക്ഷേ പലപ്പോഴും മറയ്ക്കപ്പെട്ടുപോയിരിക്കാം—തിരുമേനിയുടെ ശ്ലൈഹികതാവിഷ്കരണംമാത്രമായിരുന്നു. ക്രിസ്തുവിന്റെ രക്ഷാദായകദൗത്യത്തെ ലോകത്തിൽ സഫലമാക്കുന്നതിനു്, തിരുസഭാംബയുടെ മഹദ്ദേശങ്ങൾക്കും പരിശുദ്ധ മാർപ്പാപ്പാമാരുടെ വിശുദ്ധമാർഗ്ഗദർശിത്വത്തിനും അനുസൃതമായി നിർവ്വഹിക്കപ്പെട്ട മുദ്രാലയപ്രേഷിതത്വത്തിന്റെ മാതൃകയാണ് വന്ദ്യ തിരുമേനി നമുക്കു പിതൃസ്വത്തായി ആർജ്ജിച്ചുവച്ചിരിക്കുന്നതു്. അവിടത്തെ തൃപ്പാദപാദുകങ്ങളെ വിശ്വസ്തതയോടുകൂടി പിൻതുടരുന്നതിനു സത്യദീപം എന്നും ദൃഢപ്രതിജ്ഞാബദ്ധമാണെന്നു പ്രഖ്യാപിക്കുന്നതു് അവിടത്തോടുള്ള വിശ്വസ്തതയെ രേഖപ്പെടുത്തുന്നതിനും, പൊതുജനങ്ങളോടുള്ള കർത്തവ്യനിർവ്വഹണത്തിനുറപ്പുനൽകുന്നതിനും മതിയാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

പ്രസിദ്ധീകരണപ്രവർത്തനത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ധീരസംരംഭമായിരുന്നു 1936-ൽ തിരുമേനിയുടെ സംരക്ഷണയിൽ സമാരംഭിക്കപ്പെട്ട "മലബാർമെയിൽ." മലയാളഭാഷയുടെയും രാജ്യത്തിന്റെയും പരിമിതമായ സാഹചര്യങ്ങളിൽ, ഭരണമേൽക്കോയ്മകളുടെയും, അധികാരാധിപത്യങ്ങളുടെയും അസ്വതന്ത്രമായ പരിതസ്ഥിതികളിൽ ഒരു മലയാളദിനപ്പത്രം നടത്തുക എന്നതു് അക്കാലങ്ങളിൽ പ്രത്യേകിച്ചും അതിസാഹസികമായ ഒരു സംരംഭമായിരുന്നു. പക്ഷേ മഹാശയനും അചഞ്ചലമനസ്സുമായ വന്ദ്യതിരുമേനിക്കു ഒരു പ്രസ്ഥാനം പൊതുഗുണത്തിനാവശ്യമാണെന്നു ബോദ്ധ്യം വന്നാൽ അതിന്റെ പേരിൽ നേരിടേണ്ടിവരാവുന്ന ക്ലേശങ്ങളും ത്യാഗങ്ങളും അത്രയ്ക്കു പരിഗണനാവിഷയങ്ങളല്ല. മലബാർമെയിലിന്റെ സമാരംഭവും ക്ലേശപൂർണ്ണമായ പല വിഷമസന്ധികളെ തരണംചെയ്തു ഇന്നു ഭാസുരമായി തീർന്നിരിക്കുന്ന അതിന്റെ ചരിത്രവും മൺമറഞ്ഞ ആ മഹാപുരുഷന്റെ മുദ്രാലയപ്രേഷിതത്വാദർശത്തിനു മകുടോദാഹരണമത്രെ.

കൂടാതെയും സൽഗ്രന്ഥങ്ങൾ രചിക്കുന്നതിനും, അനേകം പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനും, ലഘുലേഖകൾ, ഫ്ലൈഷീറ്റുകൾ മുതലായവ ധാരാളമായി എവിടെയും വിതറി ജനലക്ഷങ്ങളെ സത്യം നീതി ധർമ്മം ആദിയായ വിശിഷ്ട ഗുണങ്ങളിൽ ഉൽബുദ്ധരാക്കുന്നതിനും സദാസമയവുമെന്നവണ്ണം തീക്ഷ്ണമായ ഉത്തേജനമാണ് തിരുമേനിയിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്നിട്ടുള്ളതെന്നു അവിടത്തെ പരിചയമുള്ള ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അവിടത്തെ നിരന്തരമായ ഉത്തേജനം കൊണ്ടു മാത്രം വെളിച്ചം കണ്ടിട്ടുള്ള സൽഗ്രന്ഥങ്ങളുടെയും, രംഗത്തേക്കിറങ്ങിയിട്ടുള്ള സാഹിത്യോപാസകരുടെയും, വിതരണം ചെയ്യപ്പെട്ടിട്ടുള്ള സൽപ്രസിദ്ധീകരണങ്ങളുടെയും ഒരു കണക്കെടുക്കുവാൻ സാധിക്കുമെങ്കിൽ അതാരെയും ആശ്ചര്യഭരിതരാക്കുന്നതിനു പോരുന്നതായിരിക്കും. യഥാർത്ഥത്തിൽ കാലം ചെയ്ത അതിവന്ദ്യതിരുമേനി മുദ്രാലയപ്രേഷിതത്വത്തിന്റെ ഒരു നെടുംതൂണായിരുന്നു. അവിടത്തെ പ്രേഷിതചൈതന്യത്തിന്റെ പ്രസരണവലയം ഇനിയും വികസിച്ചു അവിടുന്നു സമാരംഭിച്ച മഹത്പ്രസ്ഥാനങ്ങൾ ഉത്തരോത്തരം വിജയപര്യവസായിയായി തീരുന്നതിനു അവിടത്തെ കാൽപാടുകളെ വിശ്വസ്തതാപൂർവ്വം നമുക്കനുധാവനം ചെയ്യാം.

തിരുമേനിയുടെ ചരമത്തിന്റെ "മുപ്പതാം" ആചരിക്കുന്ന ഈ സുദിനത്തിൽ അവിടത്തെ പാവനാത്മാവിനു നിത്യവിശ്രാന്തി പ്രാർത്ഥിക്കുകയും അവിടത്തെ ആദർശങ്ങളുടെ സാഫല്യത്തിനായി നമ്മുടെ സേവനങ്ങളെ അർപ്പിക്കുകയും ചെയ്യാം. പ്രതിവർഷം തിരുമേനിയുടെ സ്മരണദിനം സമാഗതമാകുമ്പോൾ അതു മുദ്രാലയപ്രേഷിതപ്രവീണനായ അവിടത്തെ അനുകരിക്കുന്നതിനുള്ള പ്രചോദനം നമുക്കു പ്രദാനം ചെയ്യുന്നതിനിടയാകട്ടെ.

## പ്രസക്തക്കുറിപ്പുകൾ

### മതാദ്ധ്യാപകന്മാർക്കു മാർപ്പാപ്പായുടെ ഉപദേശം

മതാദ്ധ്യാപനം ഇന്നു ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുകയാണ്. വളരുന്ന തലമുറ വേണ്ടത്ര മതകാര്യങ്ങളിൽ ശിക്ഷിതരാകുന്നില്ല എന്നുള്ള നിർഭാഗ്യകരമായ ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടു് മതാദ്ധ്യക്ഷന്മാരും, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നേതൃത്വം വഹിക്കുന്നവരും ഭാവിതലമുറയുടെ സുസ്ഥിതിയിൽ ആകാംക്ഷയുള്ളവരുമെല്ലാം ഈ പ്രശ്നത്തിനു സമുചിതമായ ഒരു പ്രതിവിധി കണ്ടുപിടിക്കുന്നതിൽ ഉൽക്കണ്ഠാഭരിതരായിരിക്കുകയാണ്. മതാദ്ധ്യാപനം സഫലമാകാത്തതിനു പല കാരണങ്ങളുണ്ടെങ്കിലും അവയിൽ സർവ്വപ്രധാനം അദ്ധ്യാപകന്മാരുടെ ഭാഗത്തുനിന്നുള്ള പോരായ്മകളാണെന്നുതന്നെ പറയണം. അതുകൊണ്ടു് റോമയിലെ "റോമൻ വാശിസമിതി"യുടെ 10-ാം ശതാബ്ദ്യാഘോഷം സംബന്ധിച്ചു് പരിശുദ്ധ പിതാവിനെ സന്ദർശിച്ച ഒരു സംഘം അൽമായ മതാദ്ധ്യാപകന്മാർക്കു് തിരുമേനി നൽകിയ ഉപദേശം ഇക്കാര്യത്തിൽ അത്യധികം ശ്രദ്ധാർഹമായിരിക്കുന്നു. പരിശുദ്ധ പിതാവു പറഞ്ഞു: "അദ്ധ്യാപനത്തിൽ നിങ്ങൾ എപ്പോഴും നിങ്ങളുടെ അദ്ധ്യേതാക്കൾക്കു ഇഷ്ടപ്പെട്ടവരായിരിക്കണമെങ്കിൽ, നിങ്ങൾ ഫലശൂന്യങ്ങളായ ഗതാനുഗതികത്വരീതികളെ ഉപേക്ഷിച്ചു് നവംനവങ്ങളായ അദ്ധ്യാപനരീതികളെ സ്വീകരിക്കണം. നിങ്ങൾ പഠിപ്പിക്കുന്നവിധം ഉത്തരോത്തരം പരിഷ്കരിക്കുന്നതിനും അതു കഴിവുള്ളത്ര മെച്ചമാക്കുന്നതിനും തുടർച്ചയായി പരിശ്രമിച്ചുകൊണ്ടിരിക്കണം. കുട്ടികളിൽ നിങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളെപ്പറ്റി ബോദ്ധ്യതയുണ്ടാകണമെങ്കിൽ ആ തത്വങ്ങൾക്കനുസരിച്ചു് നിങ്ങൾ ജീവിക്കണം. സർവ്വോപരി, നിങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്കുതന്നെ അചഞ്ചലമായ വിശ്വാസദാർഢ്യമുണ്ടാകണം. തത്വങ്ങൾക്കനുസരിച്ചു ഒരു ജീവിതമാതൃക അനിവാര്യമാണ്. അതില്ലെങ്കിൽ ചുണ്ടുകൾകൊണ്ടു പറയുന്ന വാക്കുകൾക്കു ശക്തിയോ തീക്ഷ്ണതയോ ഉണ്ടായിരിക്കുകയില്ല; ശ്രോതാക്കളെ ആകർഷിക്കുന്നതിനോ അവർക്കു ബോദ്ധ്യതയുണ്ടാക്കുന്നതിനോ അവയ്ക്കു സാധിക്കുകയുമില്ല. നിങ്ങളുടെ വാക്കുകൾക്കനുസരിച്ചു നിങ്ങൾതന്നെ പ്രവർത്തിക്കുന്നുണ്ടോയെന്നു സൂക്ഷ്മനിരീക്ഷണപടുക്കളായ കുട്ടികൾ പെട്ടെന്നു മനസ്സിലാക്കും. അതുകൊണ്ടു് അദ്ധ്യാപനവിഷയത്തിൽ അത്യധികമായ ആത്മാർത്ഥത പ്രകടമാക്കുന്നതിനു നിങ്ങൾ വളരെ ശ്രദ്ധിക്കണം. ക്രിസ്തീയജീവിതമുറകൾ അവരെ പഠിപ്പിക്കുന്നതിനു അതു നിങ്ങൾതന്നെ സമൃദ്ധിയായി പ്രായോഗികമാക്കുന്നതിനും, അതിൽ അടങ്ങിയിരിക്കുന്ന മികച്ച ഗുണഫലങ്ങളെ ചികഞ്ഞറിയുന്നതിനും, അതു നൽകുന്ന നിർദ്ദേശങ്ങളെ അനുസരിക്കുന്നതിനും, അതിനെ പ്രായോഗികമാക്കുന്നതിൽ വന്നുചേരാവുന്ന ത്യാഗങ്ങൾ ധീരതയോടെ ആശ്ലേഷിക്കുന്നതിനും ശ്രമിക്കുക." പരിശുദ്ധ മാർപ്പാപ്പായുടെ ഈ നിർദ്ദേശം എത്രമാത്രം കാര്യക്ഷമവും ഇന്നത്തെ കുറവുകളെ നീക്കുന്നതിനു അനിവാര്യവുമാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ല. അതുകൊണ്ടു് മതാദ്ധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും അതു നിർവ്വഹിക്കുന്നതിനു ഔദ്യോഗികസാഹചര്യങ്ങളിൽ നിർബന്ധിതരായിരിക്കുന്നവരും അവരുടെ കർത്തവ്യനിർവ്വഹണത്തിനു സന്നദ്ധരായെങ്കിൽമാത്രമേ വളരുന്ന തലമുറയെ മതബോധത്തിൽ നിലനിർത്തുന്നതിനു സാദ്ധ്യമാവുകയുള്ളൂ. അദ്ധ്യാപകലോകം ഈ ഉപദേശത്തെ കാര്യമായി പരിഗണിക്കുമെന്നു വിശ്വസിക്കാം.

x x x

### കത്തോലിക്കാപ്രവർത്തനം കമ്മ്യൂണിസ്റ്റുതന്ത്രത്തെ പരാജയപ്പെടുത്തി

"ലോകപൗരത്വപ്രതിശീലന കൗൺസിൽ"വകയായി ക്രിസ്തുമസ് അവധിക്കാലത്തു ലണ്ടനിലെ സെൻട്രൽഹാളിൽ ഒരു പ്രസംഗപരമ്പര ഏർപ്പാടുചെയ്തിരുന്നു. ഈ പ്രസ്ഥാനത്തെ കൈയടക്കുന്നതിനും അതുവഴി കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകൾ തയ്യാറെടുത്തിരുന്നു. എന്നാൽ "സോർഡ് ആൻറ് സ്പിരിറ്റ്" എന്ന കത്തോലിക്കാ യുവസംഘടനയുടെ നേതൃത്വത്തിൽ ശക്തമായ ഒരു തിരിച്ചടിയാണ് അവർക്കനുഭവപ്പെട്ടതു്. ഹാമ്മർസ്മിത്തു് സന്യാസാശ്രമത്തിൽ കത്തോലിക്കാ യുവതീയുവാക്കന്മാർക്കായി ഒരു കോൺഫറൻസ് നേരത്തെ നടത്തപ്പെട്ടു. അതിൽവച്ചു കൗൺസിലിന്റെ പൊതുസമ്മേളനത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിച്ചിരുന്ന വിഷയങ്ങളെപ്പറ്റി അവർ കൂലംകഷമായി പഠനംനടത്തുകയും അവയെ ഫലപ്രദമായി എതിർത്തു പരാജയപ്പെടുത്തേണ്ട പദ്ധതികൾ ആസൂത്രണംചെയ്യുകയുംചെയ്തു. സമ്മേളനം ആരംഭിച്ചു. ഹാൾ നിറഞ്ഞുകവിഞ്ഞു ഉത്സുകരായ സന്ദർശകരെക്കൊണ്ടു്. പ്രസംഗങ്ങളെല്ലാം അവർ ശ്രദ്ധയായി കേട്ടുഗ്രഹിച്ചു. പൊതുമീറ്റിംഗു കഴിഞ്ഞു് ചർച്ചായോഗങ്ങൾ ആരംഭിച്ചപ്പോൾ പരിണാമഗതി മാറിവീണു. ഉൽബുദ്ധരായ യുവകത്തോലിക്കർ നിശിതമായ വിമർശനങ്ങൾ ആരംഭിച്ചു. കമ്മ്യൂണിസ്റ്റുകൾക്കു നില്ക്കക്കള്ളിയില്ലാതായി. വിശാലഹൃദയത്വം തുളുമ്പുന്ന ക്ഷണങ്ങളും സ്വാഗതങ്ങളും അസ്ഥാനത്തായല്ലോ എന്നവർ പരിഭ്രമിച്ചു. മീറ്റിംഗുകൾ "കരുപ്പിടി"യായി കലാശിപ്പിച്ചു പരാജയം സമ്മതിച്ചവർ വിരമിക്കേണ്ടിവന്നു. 'അതേസമയം ഹാളിനു പുറത്തു മറ്റൊരു സംഘട്ടനമാണു നടന്നുകൊണ്ടിരുന്നതു്. പതിവുപോലെ കമ്മ്യൂണിസ്റ്റു പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനു "ഡെയിലി വർക്കർ" പത്രത്തിന്റെ ഏജൻറന്മാരും മററും തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു. എന്നാൽ കത്തോലിക്കാ പ്രസിദ്ധീകരണവില്പനയിലും കത്തോലിക്കാ പ്രസ്താവനകളടങ്ങിയ ലഘുലേഖകളുടെ വിതരണത്തിലും കത്തോലിക്കാപ്രവർത്തനസംഘടനകളുടെ അംഗങ്ങൾ അരയും തലയും മുറുക്കി ഊർജ്ജിതമായി പ്രവർത്തിച്ചു. അവിടേയും അവിചാരിതമായ ഒരു തിരിച്ചടിയാണ് കമ്മ്യൂണിസ്റ്റുകൾക്കനുഭവപ്പെട്ടതു്. ഇപ്രകാരം സന്ദർഭോചിതവും ഊർജ്ജസ്വലവുമായ കത്തോലിക്കാപ്രവർത്തനംവഴി കമ്മ്യൂണിസ്റ്റുകളുടെ വഞ്ചനാപരമായ പ്രചാരണപദ്ധതികൾ നിശ്ശേഷം പരാജയമടയുകയും കത്തോലിക്കരുടെ ന്യായയുക്തവും സത്യനിഷ്ഠവുമായ നിലപാടിനു പ്രസിദ്ധിനേടുകയുംചെയ്തു. കമ്മ്യൂണിസ്റ്റുകളുടെ നുഴഞ്ഞുകയറ്റത്തെ എവിടേയും പ്രതിരോധിക്കുന്നതിനും യാഥാർത്ഥ്യങ്ങളെ പൊതുജനങ്ങളെ ധരിപ്പിച്ചു് വഞ്ചനയിൽനിന്നു അവരെ രക്ഷിക്കുന്നതിനുമുള്ള മാർഗ്ഗമാണ് ഈ സംഭവം എല്ലാവർക്കും കാണിച്ചുതരുന്നതു്. നമ്മുടെ നാട്ടുകളിലും ഈ പ്രതിവിധികളാണ് സംഘടിതമായും ഊർജ്ജിതമായും നാം സ്വീകരിക്കേണ്ടതു്. മുദ്രാലയപ്രചാരണമാസം ഇതിനുള്ള ഒരു പ്രത്യേകാവസരമായി സ്വീകരിക്കുന്നതുചിതമായിരിക്കും.

# ദിവംഗതനായ എറണാകുളം മെത്രാപ്പോലീത്തായ്ക്കുവേണ്ടി റോമിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങൾ



"റാസ"യുടെ ഇടയ്ക്കു കാർമ്മികൻ "ഹൈക്കലാ"യുടെ മദ്ധ്യഭാഗത്തു നിലത്തു വിരിച്ചിട്ടുള്ള കവുത്ത വിരിയുടെ നാലുവശങ്ങളിലും മുട്ടുകുത്തി പന്ത്രണ്ടു പ്രാവശ്യം അതിന്റെ നടുക്കു ചുംബിക്കുന്നു

[പി. ജോസഫ്, റോം]

## പോന്തിഫിക്കൽ റാസ

മെത്രാപ്പോലീത്താ തിരുമനസ്സിലെ നിര്യാണവാർത്ത അത്യധികമായ ദുഃഖത്തോടുകൂടിയാണ് ഇവിടെ ശ്രവിക്കപ്പെട്ടത്. പിറേറദിവസം തന്നെ അഭിനവാഭിഷിക്തമെത്രാൻ റൈററ് റവ. ഡോ: സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു അതിവന്ദ്യപിതാവിന്റെ ആത്മശാന്തിക്കായി പൊന്തിഫിക്കൽറാസ നടത്തുകയുണ്ടായി. ഇവിടെയുള്ള ഡമഷേനോകോളേജുചാപ്പലിലാണു റാസ നടത്തപ്പെട്ടത്. റാസയിൽ റവ. ഫാദർ പ്ലാസിഡ്, ഫാദർ മാറം, ഫാദർ ആബേൽ, ഫാദർ വാരികാട്ട് എന്നിവർ സഹായിച്ചു. ഇന്ത്യാക്കാരും വിദേശീയരുമായ അനവധി പേർ അതിൽ സംബന്ധിച്ചു. കൽദായ സുറിയാനി റീത്തിലുള്ള പോന്തിഫിക്കൽ റാസയുടെ മനോഹാരിത ഹൃദയസ്പർശകമായിരുന്നു.

## കർബാന, ഒപ്പീസ് മുതലായ കർമ്മങ്ങൾ

റാസയെ തുടർന്നു ഡോക്ടർ വള്ളോപ്പിള്ളി തിരുമേനി മരിച്ചവരുടെ ഒപ്പീസ് നടത്തി. അതിനുശേഷം റവ. ഫാദർ ഐസക്ക് കൂട്ടപ്ലാക്കൽ സൈറോമലങ്കര റീത്തിൽ മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് കർമ്മം നിർവഹിച്ചു.



"റാസ"യുടെ അവസാനത്തിൽ കാർമ്മികനായ തിരുമേനി എല്ലാവർക്കും ആശീർവ്വാദം നൽകുന്നു. എല്ലാവരും മുട്ടുകുത്തി ആശീർവ്വാദം സ്വീകരിക്കുന്നു



തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ ഒപ്പീസ് കർമ്മം നടത്തുന്നു. നടുക്കു വിരിച്ചിരിക്കുന്ന സ്വർപ്പെട്ടയും ഊറാറായും നിലത്തു വച്ചിരിക്കുന്ന മുക്കോൺതൊപ്പിയുമെല്ലാം പരേതനായ മെത്രാപ്പോലീത്താതിരുമേനിയുടെ കബറിടത്തെ അനുസ്മരിപ്പിക്കുന്നു

പ്രൊപ്പഗാന്തകോളേജിൽ ഹയരാർക്കിയിൽപെട്ടവരും മററു മലയാളിവിദ്യാർത്ഥികളുംകൂടി തിരുമേനിക്കുവേണ്ടി മരിച്ചവരുടെ കർബാനയും ഒപ്പീസും നടത്തി. റവ. ഫാദർ ജോസഫ് കാക്കശ്ശേരിയാണ് ദിവ്യബലിയർപ്പിച്ചത്. റവ. ഫാദർ ജോസഫ് മതതോലിൽ ഒപ്പീസിന്റെ കാർമ്മികത്വം വഹിച്ചു.

## വള്ളോപ്പിള്ളിതിരുമേനി ഇന്ത്യയിലേക്കു മടങ്ങി

തലശ്ശേരിമെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിതിരുമേനി ജനുവരി 30-ാംനു- ഇററലിയിൽനിന്നു കപ്പൽമാർഗ്ഗം ഇന്ത്യയിലേക്കു മടങ്ങിയിരിക്കുന്നു.

x x x

## റോമിൽ ഇന്ത്യൻ റിപ്പബ്ളിക്കു ദിനാഘോഷം

ഇന്ത്യൻ റിപ്പബ്ളിക്കു ദിനം റോമിൽ ആഡംബരപൂർവ്വം ആചരിക്കപ്പെട്ടു. ഇന്ത്യൻസ്ഥാനപതിമന്ദിരത്തിനടുത്തുള്ള ഒരു ദേവാലയത്തിൽ റിപ്പബ്ളിക്കിനുവേണ്ടിദിവ്യബലിയും "ലാക് അലാഹാ" എന്ന സ്തോത്രഗീതവും നടത്തപ്പെട്ടു. ഇന്ത്യാക്കാരായ ബ. വൈദികരും, ഇന്ത്യൻ അമ്പാസിഡറും കുടുംബവും മററനേകം കത്തോലിക്കരും അകത്തോലിക്കരുമായ അതിഥികളും അവയിൽ സംബന്ധിച്ചു. കർമ്മങ്ങൾക്കിടയിൽ ഇന്ത്യാക്കാരായ പ്രൊപ്പഗാന്തകോളേജു വിദ്യാർത്ഥികൾ ഹിന്ദിയിലും മലയാളത്തിലും പ്രാർത്ഥനാഗീതങ്ങൾ ആലപിച്ചു.

പള്ളിയിലെ തിരുകർമ്മങ്ങൾക്കുശേഷം സ്ഥാനപതി മന്ദിരത്തിൽ എല്ലാവരും സമ്മേളിക്കുകയും അമ്പാസിഡർ അവർകൾ പതാക ഉയർത്തൽകർമ്മം നിർവഹിക്കുകയും ചെയ്തു. പതാകാവന്ദനം കഴിഞ്ഞു എല്ലാവരും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മരിച്ച വീരനേതാക്കന്മാരേയും ദേശാഭിമാനികളേയും അനുസ്മരിച്ച നിശ്ശബ്ദപ്രാർത്ഥന നടത്തുകയും തുടർന്നു, ഇന്ത്യൻ പ്രസിഡണ്ടു അവർകൾ വിദേശങ്ങളിൽ താമസിക്കുന്ന ഇന്ത്യാക്കാർക്കായി അയച്ചുകൊടുത്തിരുന്ന സന്ദേശം, അമ്പാസിഡർ വായിക്കുകയും ചെയ്തു.



ഇന്ത്യൻ പ്രസിഡന്റ്, രാജേന്ദ്രപ്രസാദ്

അതിൽ, വിവിധരംഗങ്ങളിൽ ഇന്ത്യാ മഹാരാജ്യം സാധിച്ചുകൊണ്ടിരിക്കുന്ന പുരോഗമനങ്ങളെപ്പററി സവിസ്തരം പ്രതിപാദിച്ചിരുന്നു. "ഈ നവവത്സരത്തിൽ ദൈവത്തിന്റെ അനുഗ്രഹവും സമാധാനവും എല്ലാവർക്കും കൈവരട്ടെ" എന്നാശംസിച്ചുകൊണ്ടാണു സന്ദേശം ഉപസംഹരിച്ചിരുന്നതു". വൈകുന്നേരം നടത്തപ്പെട്ട കേമമായ വിരുന്നു സൽക്കാരത്തിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നുമായി ഇററലിയിലുള്ള എല്ലാം രാജ്യപ്രതിനിധികളും, പാർലമെൻറു മെമ്പറന്മാരും, വിവിധരാജ്യക്കാരായ വൈദികരും അൽമായരും ഉൾപ്പെട്ട ഒരു വലിയ ഗണം ക്ഷണിതാക്കളും സംബന്ധിച്ചിരുന്നു.

## വിശ്വനവീകരണ പദ്ധതി

ആധുനികലോകത്തെ നവീകരിക്കുന്നതിനും അതിന്റെ കെടുതികളെ പരിഹരിച്ചു കൂടുതൽ മെച്ചമായ ഒന്നിനെ സജ്ജീകരിക്കുന്നതിനും ഇന്നു എല്ലാ മനുഷ്യരും അത്യധികം അഭിലഷിക്കുന്നുണ്ട്. കഴിഞ്ഞ ഡിസംബർമാസത്തെ പ്രാർത്ഥനാനിയോഗമായി പരിശുദ്ധ മാർപ്പാപ്പാ നിർദ്ദേശിച്ചതു്, "കൂടുതൽ മെച്ചമായ ഒരു ലോകത്തിനുവേണ്ടിയുള്ള കുരിശുയുദ്ധ"ത്തിന്റെ വിജയമായിരുന്നല്ലോ. 1952 ഫെബ്രുവരി 10-ാംനു- പേപ്പൽ രൂപതയായ റോമിലെ ജനങ്ങൾക്കു പരിശുദ്ധ മാർപ്പാപ്പാ നൽകിയ ഒരുൽബോധനത്തിലാണു ഈ കുരിശുയുദ്ധത്തെപ്പററി തിരുമേനി പ്രതിപാദിച്ചതു്. അക്കൊല്ലം ഒക്ടോബർമാസം 12-ാംനു- ലോകജനതയെ അവിടുന്നു ഈ കുരിശുയുദ്ധത്തിനുവേണ്ടി ആഹ്വാനം ചെയ്തു. അതു കാലാകാലങ്ങളിൽ അവിടുന്നു ആവർത്തിച്ചുപോരുകയും ചെയ്യുന്നു. ഫാദർ റിക്കാർഡോ ലൊംബാർഡി എസ്. ജെ. അവർകളാണു് ഈ പ്രസ്ഥാനത്തെ ആദ്യം മുതൽ നയിച്ചുകൊണ്ടിരിക്കുന്നതു്. രണ്ടാമത്തെ ലോകമഹായുദ്ധത്തെത്തുടന്നു് ഛിന്നഭിന്നമായ ലോകത്തെ സമുദ്ധരിക്കുന്നതിനു ആദ്യമായി അദ്ദേഹം "സ്നേഹത്തിന്റെ കുരിശുയുദ്ധം" നയിച്ചു. സ്നേഹമായിരുന്നല്ലോ യുദ്ധംമൂലം ഏററം കൂടുതലായി തകർന്നു തരിപ്പണമായതു്. ലോകത്തെവിടെയും അദ്ദേഹത്തിന്റെ പ്രവർത്തനത്തിനു സ്വാഗതവും ഹാർദ്ദമായ സഹകരണവും ലഭിച്ചു. 1951ൽ അദ്ദേഹം "ഒരു നവലോകത്തിനുവേണ്ടി" എന്ന പേരിൽ 760ൽ പരം പക്ഷങ്ങളുള്ള ഒരു വിശിഷ്ടഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. അതിവിശിഷ്ടമായ ഈ ഗ്രന്ഥം പ്രസ്തുതവിഷയത്തിൽ അമൂല്യമായ ഒരു പ്രമാണരേഖയാണു്. ഫാദർ ലൊംബാർഡി മഹത്തായ ഈ പ്രസ്ഥാനത്തെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുകയാണു്. ഇപ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തനം ഉദ്ദേശ്യസാദ്ധ്യത്തിനു അനുപേക്ഷണീയമായ മററൊരു മാർഗ്ഗത്തിലേക്കു തിരിച്ചുവിട്ടിരിക്കുകയാണു്. പരസ്യമായ പ്രവർത്തനരംഗത്തിൽ നിന്നകന്നു് ഒരു ശക്തികേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനും അതിൽനിന്നു സുശിക്ഷിതരായ പ്രവർത്തകന്മാരെ വാർത്തെടുക്കുന്നതിനുമാണു് അദ്ദേഹം ശ്രമിക്കുന്നതു്. നിശ്ശബ്ദമായ ഈ ഗവേഷകൃത്യത്തിൽ പൂർണ്ണമായി ഏർപ്പെട്ടിരിക്കുന്നതുകൊണ്ടാണു് അദ്ദേഹത്തിന്റെ പേരു അടുത്ത കാലത്തു പത്രാധിപകളിൽ വെണ്ടയ്ക്കാ അക്ഷരങ്ങളിൽ കാണാത്തതു്. പക്ഷെ വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്കുള്ള ആയുധസജ്ജീകരണം അവിടെ മുറയ്ക്കു നടന്നുപോരുന്നുണ്ടു്. റോമിൽ മോണ്ടോറഡോൺ എന്ന സ്ഥലത്തുള്ള ജെസ്യൂട്ട് സ്കൂൾ കഴിഞ്ഞ കൊല്ലം നിർത്തലാക്കുകയും ആ സ്ഥാപനത്തെ ഫാദർ ലൊംബാർഡിയുടെ പ്രവർത്തനത്തിനു വിട്ടുകൊടുത്തിരിക്കുകയുമാണു്. പുതിയ ലോകത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തകർക്കും കുരിശുയോദ്ധാക്കൾക്കും വേണ്ട പ

രിശീലനം അവിടെ ക്രമമായി നൽകപ്പെടുന്നു. 55 ജനുവരി അവസാനംവരെ ഈ സ്ഥാപനത്തിൽ ഒരു കർദ്ദിനാളും, 77 മെത്രാന്മാരും മെത്രാപ്പോലീത്താമാരും, 2000 വൈദികരും, അനേകായിരം അൽമായരും പരിശീലനം കഴിച്ചിട്ടുള്ളതായി കാണുന്നു. വ്യക്തിപരമായ പുണ്യപരിപാകതയും അപ്പസ്തോലികതീക്ഷ്ണതയുമാണ് ഓരോ പ്രവർത്തകനിലും സംജാതമാകുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നത്. ഈ പരിശീലനം കുറഞ്ഞതു പത്തു ദിവസത്തേക്കു ദീർഘിക്കുന്ന ഒരു പരിപാടിയാണ്. ആദ്യമായി ഓരോരുത്തനും അവൻറെ ജീവിതലക്ഷ്യത്തെപ്പറ്റിയുള്ള ബോദ്ധ്യതയുണ്ടാകുന്നു. സ്വയം പരിത്യാഗത്തിലും പൊതുനന്മയ്ക്കുവേണ്ടിയുള്ള സേവനത്തിലും ഏർപ്പെട്ട ഓരോരുത്തരിലും ദൈവരാജ്യം സംസ്ഥാപിക്കുന്നതിനുള്ള കർത്തവ്യബോധം അവരിൽ ഉളവാകുന്നു. രണ്ടാമതായി, ആത്മനവീകരണപരിശ്രമമാണ്. സ്വാർത്ഥതയെ മറന്നു പരാർത്ഥത്തിനുവേണ്ടി ജീവിതത്തിൻറെ എല്ലാ തുറകളിലും സേവനമനുഷ്ഠിക്കുന്നതിനുള്ള പരിശീലനം ഈ ഘട്ടത്തിൽ സാധിക്കുന്നു. സർവ്വോപരി അതിൽ പ്രാർത്ഥനയുടെ പ്രാധാന്യത്തെ പ്രായോഗികമാക്കുകയാണ്. സാധാരണരീതിയിലുള്ള സ്വന്തം കാര്യപ്രസക്തമായ പ്രാർത്ഥനയല്ല; സ്വയം മറന്നു ലോകത്തിൻറെ പൊതുഗുണത്തിനുവേണ്ടിയുള്ള തീവ്രമായ പ്രാർത്ഥന. പ്രാർത്ഥന കൂടാതെ യാതൊരു പ്രവർത്തനവും വിജയമടയുക സാദ്ധ്യമല്ലല്ലോ. മൂന്നാമതായി ചെയ്യപ്പെടുന്നത് ലോകത്തിൻറെ നവീകരണപ്രേഷിതത്വത്തിൽ ഓരോരുത്തരുടെയും ഭാഗം ഫലപ്രദമായി നിറവേററുന്നതിനുള്ള പ്രായോഗിക പദ്ധതികൾ രൂപവൽക്കരിക്കുകയാണ്. ഇങ്ങനെ ലോകസേവനം നിസ്വാർത്ഥമായി നിർവ്വഹിക്കുന്നതിനും സ്വാർത്ഥലോലുപമായ ആധുനികലോകത്തിൽ സാക്ഷാത്തായ പരസ്നേഹത്തിൻറെയും നിസ്വാർത്ഥമായ സേവനത്തിൻറേയും ആദർശങ്ങളിൽ ഉറപ്പിക്കപ്പെട്ട പ്രായോഗികരംഗത്തേക്കു പ്രവർത്തകരെ സജ്ജീകരിക്കുകയുമാണ് ഈ പ്രസ്ഥാനത്തിൻറെ ലക്ഷ്യം. ആധുനികലോകവ്യവസ്ഥിതിയുടെ വൈകല്യങ്ങളെപ്പററി ആകുലപ്പെട്ടുന്നവരും, സുഭദ്രമായ ഒരു നവവ്യവസ്ഥിതി ഉടലെടുത്തുകാണുവാൻ ആത്മാർത്ഥമായി അഭിലഷിക്കുന്നവരും ഫാദർ ലൊംബാർഡിയുടെ ഈ പ്രസ്ഥാനത്തെ ആലംബമാക്കുകയും ആദർശമായി സ്വീകരിക്കുകയും ചെയ്യുന്നതു ലക്ഷ്യപ്രാപ്തിക്കു സഹായകമായിരിക്കുമെന്നതിൽ സംശയിക്കേണ്ടതില്ല. മൗലികതത്വങ്ങളേയും പ്രായോഗികമാർഗ്ഗങ്ങളേയും മറന്നുകൊണ്ടുള്ള ഒച്ചപ്പാട്ട ലോകത്തിൽ ഒന്നും സാധിക്കുവാൻ പോകുന്നില്ല എന്നു മാത്രമല്ല സംഘർഷങ്ങളെ ഒന്നിനൊന്നു വഷളാക്കിക്കൊണ്ടിരിക്കുകയും ചെയ്യും.

—o—

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

9 വ്യാ:. വി. അപ്പലോനിയാ
10 വെ: വി. സ്കൊളാസ്റ്റിക്കാ
11 ശ: ക. മറിയത്തിൻറെ ലൂർദ്ദിലെ പ്രത്യക്ഷം
12 ഞാ: 50-ാം ഞായർ
13 തി: വി. വീനസന്തിയോസും അനസ്റ്റാസിയോസും
14 ചൊ: വി. വലന്തീനോസ്
15 ബു: വിഭൂതി

(5-ാംപേജു തുടർച്ച)

**വൈക്കം:** അഭിവന്ദ്യ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗ്ഗസ്തീനോസ് തിരുമനസ്സിലെ നിര്യാണത്തിൽ ഈ നാട്ടുകാർക്കുള്ള സങ്കടത്തെ രേഖപ്പെടുത്തുന്നതിലേക്കു ജനുവരി 29-ാംനു ഞായറാഴ്ച 4 മണിക്കു സെൻറ് ത്രേസ്യാസ് ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വച്ചു നാനാ ജാതിമതസ്ഥരടങ്ങിയ ഒരു പൊതുയോഗം കൂടി. വിവിധകരകളിൽനിന്നും ജാഥയായി സ്ത്രീപുരുഷന്മാർ സമ്മേളനസ്ഥലത്തു വന്നുചേർന്നു. ഡോക്ടർ ജോസഫ് അവർകൾ ആദ്ധ്യക്ഷം വഹിച്ചു. പ്രസംഗങ്ങൾക്കു ശേഷം തിരുമനസ്സിലെവേർപാടിൽ ഈ നാട്ടുകാർക്കുള്ള അനുശോചനത്തെ രേഖപ്പെടുത്തുന്ന പ്രമേയം എല്ലാവരും എണീററുനിന്നു പാസ്സാക്കുകയും ചെയ്തു.

## ചരമവാർത്ത

**മണിമല:** താമരക്കുന്നു പള്ളി ഇടവക പി ജോൺ കുളങ്ങരമററിയിൽ അവർകളുടെ ഭാര്യ അന്നമ്മ 71-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.

R. I. P.

വി. പത്താംപീയൂസിൻറെ മദ്ധ്യസ്ഥസഹായത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

C. I. C

## വിവാഹ വാർത്തകൾ

**ഒല്ലൂർ:** മൊയലൻ വറീതു ജോണിയും, കാഞ്ഞൂർ പാറയ്ക്കു ഔസേപ്പു ചിന്നമ്മയും തമ്മിലുള്ള വിവാഹം കാഞ്ഞൂർഫൊറോനപള്ളിയിൽവച്ചുജനു: 30-ാംനു നടന്നിരിക്കുന്നു.

**അയിരൂർ:** സ്ഥലത്തു ചെമ്പൊത്തിനാൽ എം എം മത്തായിയുടെ മകൻ സി എം മാത്യു B Sc യും മാവേലിക്കര കുന്നിൽ കെ സി ചാണ്ടപ്പിള്ളയുടെ മകൾ പൊന്നമ്മയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 2-ാംനു അയിരൂർ സെൻറ് പാട്രിക്ക് കാത്തലിക്ക് ചർച്ചിൽവച്ച് നടന്നിരിക്കുന്നു. വരൻറെ പിതൃസഹോദരൻ ഫാദർ പത്രോമിയസ് O I C വിവാഹകർമ്മം ആശിർവദിച്ചു. വരൻറെ വീട്ടിൽവച്ച് വിഭവസമൃദ്ധമായ ഡിന്നറും, ചായസല്ക്കാരവും നടത്തപ്പെട്ടു.

**തിടനാട്:** ശ്രീ വക്കി മത്തായി ചിററപ്പനാടിൻറെ പുത്രൻ മാത്യുവും ശ്രീ ജോസഫ് കററിക്കാടൻറെ പുത്രി മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം തിടനാട്ട സെൻറ് ജോസഫ്സ് പ

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായുടെ ജന്മദിനപരിപാടി

മാർപ്പാപ്പാ തിരുമനസ്സിലെ 80-ാംജന്മദിനം ആഡംബരപൂർവ്വം ആഘോഷിക്കുന്നതിനുള്ള പരിപാടികൾ ഓരോ സ്ഥലത്തും രൂപവൽക്കരിച്ചു കൊണ്ടിരിക്കുകയാണല്ലോ. റോമിൽ പരിശുദ്ധപിതാവു നിർവ്വഹിക്കുന്ന പരിപാടികൾ ഇനിയും ഔദ്യോഗികമായി പരസ്യപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും അതേപ്പററി ഒസ്സർവത്തോരെ റൊമാനോ എന്ന വത്തിക്കാൻപത്രം ചില സൂചനകൾ നൽകുന്നുണ്ട്. മാർപ്പാപ്പായുടെ 80-ാംജന്മദിനവും അവിടത്തെ കിരീടധാരണത്തിൻറെ 17-ാംവാർഷികവും പ്രമാണിച്ചു മാർച്ചു 11-ാംനു ഞായറാഴ്ച പരിശുദ്ധപിതാവു സെൻറ് പീറേറഴ്സ് ബസ്സിലിക്കായിൽ ദിവ്യബലി അർപ്പിക്കുന്നതും, ഔദ്യോഗികമായ ഈ കർമ്മത്തിൽ കർദ്ദിനാൾ സംഘാംഗങ്ങളും, എല്ലാ രാജ്യങ്ങളിലുംനിന്നുള്ള പ്രതിനിധികളും, നിരവധി മെത്രാന്മാരും സംബന്ധിക്കുന്നതുമായിരിക്കും. മാർച്ചു രണ്ടാംതിയതി പരിശുദ്ധമാർപ്പാപ്പാ സെൻറ് പീറേറഴ്സ് ദേവാലയാങ്കണത്തിൽവച്ചു ഒരു പൊതുസന്ദർശനം നടത്തുന്നതാണ്. ലോകത്തിൻറെ വിവിധഭാഗങ്ങളിൽനിന്നു അന്നവിടെ വന്നുചേരുന്ന ഒരു തീർത്ഥകവ്യൂഹം വന്നുചേരുന്നതായിരിക്കും.

ള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**പാണാവള്ളി:** ഈ ഇടവകയിൽ ശ്രീ ചാക്കോ വക്കി കുന്തറയിൽ അവർകളുടെ മകൻ കെ വി വർഗ്ഗീസ് M Sc യും തമ്പലക്കാട്ട പള്ളി ഇടവക കതയാട്ട ശ്രീ തോമസ് അവർകളുടെ പുത്രി കുമാരി റോസമ്മയും തമ്മിലുള്ള വിവാഹം ജനുവരി 30-ാംനു പാണാവള്ളി സെൻറ് ഓഗസ്റ്റിൻ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**ഇരിഞ്ഞാലക്കുട:** സ്ഥലത്തെ പള്ളായി ദേവസ്സി ജോസും നടവരമ്പുപള്ളി ഇടവകമാള്യേക്കൽ ദേവസ്സി മകൾ റോസ്സിയും തമ്മിലുള്ള വിവാഹം ജനുവരി 30-ാംനു തിങ്കളാഴ്ച നടവരമ്പു പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**തൃശ്ശൂർ:** ലൂർദ്ദ്പള്ളി ഇടവക തെക്കാനത്തു ചെററുക്കാരൻ പറഞ്ചു മകൻ ലാസറും അരിമ്പൂർ അടച്ചുകുള അന്തോണി മകൾ സെലീനയും തമ്മിലുള്ള വിവാഹം അമ്മാടം വി. അന്തോനീസിൻറെ പള്ളിയിൽവച്ചു ജനുവരി 30-ാംനു തിങ്കളാഴ്ച നടന്നു. വിവാഹകർമ്മം ആശിർവദിച്ചതു് ഫാ. തട്ടിൽ ദേവസ്സി അച്ചൻ അവർകളായിരുന്നു.




## രാഷ്ട്രീയരംഗത്തുനിന്നു് കന്യകാലയത്തിലേക്ക്

55 വയസ്സുപ്രായമുള്ള മിസ്സിസ് ഫ്ളോറൻസ് റേയ്ഡ് ഒരു വിധവയും കത്തോലിക്കാസഭയെ ആശ്ലേഷിച്ച മഹതിയുമാണ്. കഴിഞ്ഞ 25 കൊല്ലക്കാലം അവർ മിച്ചിഗൻ സ്റ്റേററ് ലെജിസ്ലേററിവ് ബ്യൂറോവിൽ അംഗമായിരുന്നു. സെനററ് മെമ്പർമാരും പ്രതിനിധികളും കൊണ്ടുവരുന്ന ബില്ലുകൾ നിയമപരമായി രൂപംകൊടുക്കുകയായിരുന്നു




അവരുടെ പ്രത്യേകജോലി. അവർ ആകെ 25,000 ബില്ലുകൾക്കു രൂപംകൊടുത്തിട്ടുണ്ട്. അതിൽ $\frac{1}{3}$ ഭാഗത്തോളം ഇന്നു പാസ്സായി നടപ്പിൽ വന്നിട്ടുമുണ്ട്. നിയമപരമായ അവരുടെ പാണ്ഡിത്യം പ്രസിദ്ധമാണ്. മിച്ചിഗൻ യൂണിവേഴ്സിററിയിൽ ആയുഷ്കാലസർട്ടിഫിക്കേററ് അവർ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ അവർ ഈ പ്രവർത്തനങ്ങളെല്ലാം ഉപേക്ഷിച്ച് ചിൻചിനാററിയിലെ ഉപവികളുടെ സഹോദരീസംഘത്തിൽ ചേർന്നിരിക്കുന്നു. മേലിൽ അവരുടെ പ്രധാനപ്രവർത്തനം രോഗികളെ ശുശ്രൂഷിക്കുകയും കുഞ്ഞുങ്ങളെ പഠിപ്പിക്കുകയുമായിരിക്കും.

## വത്തിക്കാൻ ഒബ്സർവേററിയുടെ മഹത്തായ സേവനം

വത്തിക്കാൻ ഒബ്സർവേററിയിൽനിന്നും, ഫാദർ ദാനിയേൽ ഒക്കോണൽ എസ്. ജെ. യുടെ നേതൃത്വത്തിൽ ആകാശഗോളങ്ങളെ സംബന്ധിച്ചു പലേ പുതിയ കണ്ടുപിടുത്തങ്ങളേയും വിശദീകരിക്കുന്ന ഒരു മഹത്തായ ഗ്രന്ഥം പുറപ്പെടുവിച്ചിരിക്കുന്നു. ആസ്ത്രേലിയാക്കാരനായ ഫാദർ ഡാനിയേൽ 1889-ലെ പാരിസ് കോൺഗ്രസ്സിൻറെ അഭ്യർത്ഥനയനുസരിച്ചു 1891-ൽ സമാരംഭിച്ചതാണ് ഇതുസംബന്ധിച്ച നിരീക്ഷണപരീക്ഷണങ്ങൾ. ഈ ഗ്രന്ഥത്തിൽ ഗ്രഹങ്ങളെ സംബന്ധിച്ച 540 ഫോട്ടോ ചിത്രങ്ങളുണ്ട്. അവ നിരത്തിവയ്ക്കുകയാണെങ്കിൽ 520 അടി നീളത്തിലുള്ള ഒരു വ്യോമചിത്രമായിരിക്കും ലഭിക്കുക. ഗ്രന്ഥത്തിൻറെ 90 പ്രതികൾ ലോകത്തിൻറെ നാനാഭാഗങ്ങളിലുമുള്ള പ്രസിദ്ധ ഒബ്സർവേററികളിലേക്കയച്ചുകൊടുത്തിരിക്കുകയാണ്. 1928-ൽ വത്തിക്കാനിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഗ്രഹശാസ്ത്രസംബന്ധിച്ച പ്രസിദ്ധീകരണത്തിൻറെ 10 വാല്യങ്ങളിലായി 5 ലക്ഷം നക്ഷത്രങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ട്.

## റഷ്യയിൽ തിരുനാളുകൾ ഇപ്പോഴും ആചരിക്കപ്പെടുന്നു

റഷ്യയിലെ ജനങ്ങൾ അവരുടെ തിരുനാളുകൾ ഇപ്പോഴും ആചരിച്ചുപോരുന്നു എന്നു ഒരു കമ്മ്യൂണിസ്റ്റ്പത്രമായ ലെനിൻഗ്രാഡ്സ്കയ പ്രാവ്ദ സമ്മതിക്കുന്നു. ലെനിൻഗ്രാഡ് ഡിസ്ട്രിക്റ്റിൽതന്നെ അവിടത്തെ കർഷകവിഭാഗം 72 മതപരമായ തിരുനാളുകൾ ആചരിച്ചുപോരുന്നുണ്ട്. അതിൽ 33-ശരൽക്കാലത്തും വേനൽക്കാലത്തുമാണ്. സാധാരണജനങ്ങളുടെ ഹൃദയങ്ങളിൽനിന്നു മതഭക്തി നിഷ്കാസനം ചെയ്യുന്നതിനുള്ള കമ്മ്യൂണിസ്റ്റത്തിൻറെ നിരന്തരശ്രമങ്ങൾക്കു വന്നുഭവിച്ചിട്ടുള്ള ഈ പരാജയം പ്രസ്തുത പത്രം എറ്റുപറഞ്ഞതു് അവിടെയുള്ള ഒരു കൂട്ടുകൃഷിയുടെ വിളവെടുപ്പിനെപ്പററി പരാമർശിച്ച കൂട്ടത്തിലായിരുന്നു. കഴിഞ്ഞകൊല്ലത്തിൽ കൊയ്ത്തുകാലത്തിൻറെ മദ്ധ്യത്തിലാണ് രണ്ടു ദിവസത്തെ തിരുനാൾഘോഷം വന്നതു്. ആ ദിവസങ്ങളിൽ ഒരൊററ കൃഷിക്കാരൻപോലും 70 പേരുള്ള ആ വിളവിൽ ജോലിക്കു വന്നില്ല. അതുകൊണ്ടു സഭാപഞ്ചാംഗം കൃഷിക്കു വരുത്തിക്കൂട്ടുന്ന കുഴപ്പങ്ങളെപ്പററി ഉപന്യസിച്ചുകൊണ്ടു, "മതപരമായ വിശുദ്ധ ദിവസങ്ങൾ വിപ്ലവപരവും സാമൂഹ്യവിരുദ്ധവുമായ ഏർപ്പാടാണെന്നു" പത്രം അപലപിച്ചു.

## ഇസ്രായേൽ ക്രിസ്ത്യാനികളെ ഞെരുക്കുന്നു

ഇസ്രായേൽ രാജ്യം മനസ്സാക്ഷിസ്വാതന്ത്ര്യത്തെ അതിൻറെ നിയമാവലിയിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും യഹൂദമതമുപേക്ഷിച്ചു ക്രിസ്ത്യാനികളാകുന്നവരെ ഗവർമ്മെണ്ടുദ്യോഗങ്ങളിൽനിന്നും സ്വകാര്യവ്യക്തികൾ നടത്തുന്ന വ്യവസായങ്ങളിൽനിന്നും പുറംതള്ളുന്ന അനുഭവമാണ് കണ്ടുവരുന്നതു്. ക്രിസ്ത്യാനികളെ ജോലിയിൽവച്ചുകൊണ്ടിരിക്കുന്ന യഹൂദമുതലാളികളെ അവരുടെ യൂണിയനുകളും പ്രബലന്മാരായ വ്യക്തികളും പലേവിധത്തിൽ ഉപദ്രവിച്ചു അവരെ പുറത്താക്കുന്നതിനു നിർബന്ധം ചെലുത്തുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു ക്രിസ്തുമതം സ്വീകരിച്ച യഹൂദന്മാർ അവരുടെ ക്രിസ്തുമതവിശ്വാസത്തെ യാതൊരു തരത്തിലും പുറമേ പ്രകടിപ്പിക്കാതിരിക്കാൻ വളരെയധികം ശ്രദ്ധിക്കുന്നതിനു നിർബന്ധിതരായിരിക്കുന്നു.

—o—

# അച്ചന്മാരും അൽമേനികളും

[റ്റി. എം. കുര്യാക്കോസ് ബി. എ.]

ഒരു ശരീരത്തിന് വൈദ്യൻ എത്രമാത്രം ആവശ്യമാണോ ആരോഗ്യപ്രദമായ, സൗഭാഗ്യസമ്പൂർണ്ണമായ ജീവിതത്തിന്, അതിലേറെ ആവശ്യമാണ് ആത്മാവിന് വൈദികർ. ആദിപിതാവായ ആദാമിൽനിന്നും പൈതൃകാവകാശമായി കരഗതമായിട്ടുള്ള ജന്മപാപക്കറയോടുകൂടി ഈ ലോകത്ത് രംഗപ്രവേശം ചെയ്യുന്ന നമ്മെ പാപക്കറ കഴുകിക്കളഞ്ഞ് വിശുദ്ധിയുടെ വെണ്മയേറിയ ഉടയാട അണിയിക്കുന്നതും, പൈശാചികദാസ്യത്തിൽ നിന്നും നമ്മെ വിമുക്തരാക്കി സ്വർഗ്ഗരാജ്യത്തിന്നവകാശികളാക്കിത്തീർക്കുന്നതും, ദൈവത്തെ പിതാവെ എന്നു വിളിക്കുവാനുള്ള അനുവാദം വാങ്ങിത്തരുന്നതും മാമ്മോദീസാ വഴിയായി വൈദികരല്ലേ? യൗവനമാകുന്ന വഴിത്തിരിവിൽനിന്നു നാലുപാടും ഉററിച്ചുനോക്കി നെടുവീർപ്പു വിട്ടുകൊണ്ടിരിക്കുന്ന, ഏതു മാർഗ്ഗം അവലംബിക്കണം എന്ന് തേങ്ങിക്കൊണ്ടിരിക്കുന്ന, ചഞ്ചലമാനസന് മാർഗ്ഗനിർദ്ദേശം നൽകുന്നതും ബ. വൈദികരല്ലാതെ മററാരാണ്? അറിഞ്ഞോ അറിയാതെയോ, മനഃപൂർവ്വമായോ യാദൃച്ഛികമായോ, പാപച്ചേററിൽ വീണ് ഉരുണ്ടുപിരണ്ട് എണീക്കുവാൻ ശ്രമിക്കുമ്പോൾ പിന്നെയും പിന്നെയും അഗാധതയിലേക്കാണ്ടുപോകുന്ന നിർഭാഗ്യവാനെ കൈകൊടുത്തുയർത്തുന്നതും, പാപികളെ തിരക്കി ലോകത്തു വന്ന ദിവ്യരക്ഷകന്റെ കൊലക്കളമായിത്തീർന്ന ഗാഗുൽത്താമേടയും അതിന്റെ ഉച്ചിയിൽ ദൃശ്യമാകുന്ന നീണ്ടിരുണ്ട നിഴൽപ്പാടുകൾ സായങ്കാലത്ത് കിഴക്കേ താഴ്‌വാരത്തിലേക്കു നീട്ടി നീട്ടിക്കൊണ്ടിരിക്കുന്ന ഉഗ്രമായ കുരിശിനേയും ചൂണ്ടിക്കാണിച്ച് സാന്ത്വനപ്പെടുത്തുന്നതും ഈ പുരോഹിതർ തന്നെയല്ലേ? അറപ്പും വെറുപ്പും ജനിപ്പിക്കുന്ന മ്ലേച്ഛമായ നിരവധി അതിക്രമങ്ങൾ ചെയ്തതിന്റെ ശേഷം സങ്കോചത്തോടും ഭയാശങ്കകളോടും കൂടി പാപസങ്കീർത്തനത്തിന്നണയുന്ന ദുർഭഗനെ മന്ദഹാസത്തോടുകൂടി സൂക്ഷ്മമായി കേട്ട് സന്തോഷചിത്തനാക്കി മനഃസമാധാനത്തോടുകൂടി പറഞ്ഞയക്കുന്നതും ഈ വന്ദ്യരായ വൈദികർ തന്നെയാണല്ലോ. നമ്മുടെ ആത്മാവിന്റെ ജീവനും, നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായെ സംവഹിക്കുന്നതും നമുക്കു പ്രദാനം ചെയ്യുന്നതും വൈദികരുടെ അനുഗ്രഹീതകരങ്ങളല്ലേ? നാം നമ്മുടെ ഭാവിജീവിതസഖാവിനെയോ സഖിയേയോ തെരഞ്ഞെടുക്കുമ്പോൾ നമ്മെ ആശീർവദിക്കുന്നതും അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നതും, നമുക്കായി ദൈവത്തോട് പ്രാർത്ഥിക്കുന്നതും പുരോഹിതരാണ്. പിന്നെ, നമ്മുടെ അന്ത്യനിമിഷത്തിൽ, വൈദ്യൻ ആശ കൈവെടിഞ്ഞ് മരുന്നും വലിച്ചെറിഞ്ഞിട്ട് ഇറങ്ങിത്തിരിക്കുമ്പോൾ, ആത്മാവ് വേർപിരിയുവാൻ വെമ്പൽ കൊള്ളുന്ന ആ ഭയങ്കരവിനാഴികയിൽ, നാഡി ഇടിപ്പ് നിലയ്ക്കുകയും, മുഖഭാവം ബീഭത്സമാവുകയും നെററിയിൽ വിയർപ്പു പൊടിയുകയും, നാവു വരളുകയും കൈകാലുകൾ അനക്കുവാൻ പോലും വശമില്ലാത്ത പരിതസ്ഥിതിയിൽ നാം ആയിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഏററവും പ്രിയപ്പെട്ട മകനും, മകളും, ഭാര്യയും, ഭർത്താവും, സ്നേഹിതരും, സുഹൃത്തുക്കളും നിരാശരായി, യാതൊരു സഹായവും ചെയ്യുവാൻ വശമില്ലാത്തവരായി, വിഷണ്ണരായി നോക്കിനിൽക്കുക മാത്രം കരണീയമായ ആ സന്ദർഭത്തിൽ, നമ്മുടെ ആത്മാർത്ഥസ്നേഹിതന്മാർ ശവപ്പെട്ടി വാങ്ങുവാനും കടലാസ് പററിക്കുവാനും തത്രപ്പെടുമ്പോൾ ആരാണ് നമ്മെ നന്മരണത്തിനൊരുക്കുന്നതും നല്ല നല്ല ഉപദേശങ്ങൾ പറഞ്ഞുതരുന്നതും, നമ്മുടെ കൈകാലുകളിൽ തൈലം പൂശുന്നതും? അത് വൈദികരല്ലാതെ മററാരുമല്ല. നാം മരിച്ചുകൊണ്ടും അവർ നമ്മെ ഉപേക്ഷിക്കുന്നില്ല. ചിലപ്പോൾ നമ്മുടെ പ്രിയപ്പെട്ട പുത്രന്മാർ സ്വത്തു ഭാഗിക്കുന്നതിൽ സഹോദരങ്ങളെ കബളിപ്പിക്കേണ്ടതെങ്ങനെയെന്നതിനെപ്പററി ചിന്തിച്ചു തല പുണ്ണാക്കുമ്പോൾ, പഷ്ണിക്കഞ്ഞിക്ക് അരികഴുകും, ഇഞ്ചി അരിച്ചിലും ഇല വൃത്തിയാക്കലും തകൃതിയായി നടക്കുമ്പോൾ, നമ്മുടെ ഭൗതികാവശിഷ്ടത്തിന്റെ കൂടെ പ്രാർത്ഥനയും ചൊല്ലിക്കൊണ്ട് ശവക്കുഴിവരെ അനുഗമിക്കുന്നതും വൈദികരല്ലാതെ മററാരാണ്? ശുദ്ധീകരണസ്ഥലത്തിൽ പരിഹാരത്തിനായി നാം വെണ്ണീറാകാതെ വേകുമ്പോൾ നമ്മുടെ തിരുസഭയുടെ അമൂല്യനിക്ഷേപങ്ങളിൽനിന്നും വാരി വിതരണം നടത്തി ശുദ്ധീകരാത്മാക്കളെ ആശ്വസിപ്പിക്കുന്നതും വൈദികർ തന്നെയല്ലേ?

ഇങ്ങനെ ജനനം മുതൽ മരണംവരെയും അല്ല നമ്മുടെ ആത്മാവ് ജീവന്റെ ഉറവിടത്തിൽ പററിച്ചേരുന്നതുവരെയും നമ്മുടെ സ്നേഹിതരും, കരുണയുള്ള പിതാക്കളും വാത്സല്യമുള്ള അദ്ധ്യാപകരും അഭ്യുദയകാംക്ഷികളുമായ ബ. വൈദികരോടുള്ള നമ്മുടെ മനോഭാവമെന്തെന്ന് പരിശോധിക്കാം. നാം അവരെ കാണുമ്പോൾ ഒഴിഞ്ഞുമാറുവാനും, കണ്ടാലും കണ്ടില്ലെന്നു നടിക്കുവാനും, ബ. വൈദികർ സ്ഥലത്തെങ്ങുമില്ലാത്ത അവസരങ്ങളിൽ അവരെ നിന്ദിക്കുവാനും കുററം പറയുവാനും മടി വിചാരിക്കുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥം മാത്രമല്ലേ? മന്ത്രിമാർ കഴിഞ്ഞാൽ അടുത്തതായി ഏററവുമധികം പൊതുജനവിമർശനത്തിനു പാത്രമാകുന്നവർ അച്ചന്മാരാണെന്നാണ് തോന്നുന്നത്. കാപ്പിക്കടകളിലും, കള്ളുകടകളിലും, സ്റ്റേഷനറിക്കടകളിലും എന്നുവേണ്ട നാലു ആളുകൾ സമ്മേളിക്കുന്നിടങ്ങളിലെല്ലാം ബ. വൈദികർ സംസാരവിഷയമാകാതിരിക്കുകയില്ല. പണ്ട് നമ്മുടെ പിതാക്കന്മാർ വണ്ടിയിലും വള്ളത്തിലും വൈദികർക്കു സ്ഥലം മാറി കൊടുത്തിരുന്നു. വെട്ടവഴികളിൽ വച്ചുപോലും പുരോഹിതന്മാരെ കണ്ടാൽ തൊപ്പി ഊരി "സ്തുതി" ചൊല്ലിയിരുന്നു. അവരുടെ വചനം ദൈവത്തിന്റേതായിരുന്നു. അച്ചൻ പറഞ്ഞാൽ അന്നൊക്കെ എതിർവാക്കില്ലായിരുന്നു. എന്നാൽ ഇന്നു ലോകത്തിന്റെ പരിഷ്കാരഭ്രമത്തിന്റെയും അധികാരവിദ്വേഷത്തിന്റെയും, അമിതമായ സ്വാതന്ത്ര്യത്തിന്റെയും വേലിയേററത്തിൽ "അച്ചനും ഞാനും മനുഷ്യൻ" "അച്ചന് ഒരു വോട്ട്, എനിക്കും ഒന്ന്" പിന്നെ എന്തു വ്യത്യാസം. എന്ന നിലപാടു വന്നുവശായി. ബസ്സിലും ബോട്ടിലും സീററ് കിട്ടുകയില്ലെന്നതോ പോകട്ടെ. അച്ചന്മാർ നില്ക്കുന്നതും, ഇരിക്കുന്നതും, പറയുന്നതും, പറയുവാൻ പോകുന്നതും എല്ലാം കുററംതന്നെ. എന്താണ് ഈ വ്യതിയാനത്തിനു നിദാനം?

ലോകത്തിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന നിരീശ്വരത്വവും മതവിരോധവും, അധികാരവിദ്വേഷവും, സുഖലോലുപതയും കാരണങ്ങളായി ഒരുകൂട്ടർ ചൂണ്ടിക്കാണിച്ചേക്കാം. പലപ്പോഴും തെററിദ്ധാരണകളും, കാര്യകാരണജ്ഞാനമില്ലായ്മയും, സാഹചര്യങ്ങളുടെ സമ്യക്കായ ധാരണയുടെ അഭാവവുമായിരിക്കാം വൈദികവിദ്വേഷത്തിന്റെ ആണിക്കല്ല്. അപൂർണ്ണരായ അൽമായർ തങ്ങളുടെതന്നെ അംശമാണ് വൈദികരെന്നു സ്മരിക്കാതെ അവരിൽ പൂർണ്ണതകാണുവാൻ കൊതിക്കുന്നു. ഒരു ചെറുതുള്ളി കറുത്തമഷി വീണ ആ "വെണ്മയുള്ള ളോഹ" പല കണ്ണുകളിൽക്കൂടി കുറച്ചു കുറച്ചു വലുതായി അയൽ ഇടവകയിലെത്തുമ്പോഴേക്കും "കറുപ്പുകുപ്പായ"മായി രൂപംപ്രാപിക്കുന്നു ഇതാണ് യഥാർത്ഥസ്ഥിതി.

മറെറാരുകൂട്ടർ പുരോഹിതന്മാരുടെ ജീവിതരീതിയിൽ വന്നുഭവിച്ചിട്ടുള്ള മാററമാണ്—അവരുടെ ഭക്തിയില്ലായ്മയാണ്, ധനേച്ഛയാണ്, ദമ്യതയില്ലായ്മയാണ്—ഇവയെല്ലാം കാരണമെന്നു വാദിച്ചേക്കാം. പുരാതനകാലങ്ങളിലെപ്പോലെതന്നെ ഭക്തിയും ശക്തിയും മുററിനില്ക്കുന്ന ത്യാഗമതികൾ ഇക്കാലത്തും വൈദികരുടെയിടയിൽ ധാരാളമുണ്ടെന്നുള്ളത് ഒരു വസ്തുതമാത്രമാണ്. എങ്കിലും തൽക്കാലത്തേക്കു നമുക്കൊന്നു വഴങ്ങിക്കൊടുക്കാം. അപ്പോൾ അതിനു മറെറാരു വശമുണ്ട്. ഞാൻ ചോദിക്കട്ടെ, "ആരാണ് ഈ വൈദികർ? നമ്മുടെതന്നെ ഓമനസന്താനങ്ങളും, സംബന്ധികളും, സുഹൃത്തുക്കളുമല്ലേ അവർ. പ്രാചീനകാലങ്ങളിൽ ജീവിച്ചിരുന്ന മനുഷ്യരിൽനിന്നും നമുക്കു വന്നിട്ടുള്ള മാററം വൈദികരിലും കണ്ടാൽ അതിലെന്തത്ഭുതപ്പെടുവാനുള്ളു. നമ്മുടെ പിതാക്കന്മാർ ഉറച്ച ദൈവഭക്തരായിരുന്നെങ്കിൽ നാം ഇന്നു മിഖായേൽമാലാഖായേയും അതേസമയംതന്നെ "അടിയിൽ കിടക്കുന്ന തമ്പുരാനേയും" തൊട്ടുമുത്തുന്നവരല്ലേ? ലോകമഹാസമുദ്രത്തിൽ കാര്യമായ യാതൊരു ആദർശവുമില്ലാതെ ഓളങ്ങളെപ്പോലെ ഉരുണ്ടും പിരണ്ടും, മറിഞ്ഞും തിരിഞ്ഞും കഴിഞ്ഞുകൂടുകയല്ലേ നാം! നമ്മുടെ പിതാക്കന്മാർ സത്യസന്ധരായിരുന്നെങ്കിൽ—നേരെവാ നേരെപോ എന്ന മനസ്ഥിതിക്കാരായിരുന്നെങ്കിൽ—നാം ഇന്ന് അസത്യത്തിന്റെ കുമ്പാരങ്ങൾ തന്നെയല്ലേ. സന്ധ്യാസമയമായാൽ "കുരിശുവരയ്ക്കുക"യായിരുന്നു അവരുടെ പ്രധാനകൃത്യമെങ്കിൽ ഇന്നു നാം സായംകാലത്ത് പാർക്കിലും, കള്ളുഷാപ്പിലും ബ്രാണ്ടിക്കടയിലും, സിനിമാതിയേററിലും, ഈശ്വരവിരോധികളുടെ കൂടാരത്തിലും ക്യാമ്പുചെയ്യുകയല്ലേ നമ്മുടെ അമ്മൂമ്മമാരുടെ ഞൊറിയോടുകൂടിയതും, കൈ മുഴുവനുള്ളതും "കഴുത്താരം" കഴുത്തിൽതന്നെയിരിക്കുന്നതുമായ ശാലീനവും ശുഭ്രവുമായ വസ്ത്രധാരണരീതിയെവിടെ. ഇന്നത്തെ "കുഞ്ഞമ്മ"മാരുടെ താഴേക്കുതാഴേക്കു താണുവരുന്ന ബ്ളൗസിന്റെ കഴുത്തും, മുകളിലേക്കു മുകളിലേക്കു കയറിക്കയറിവരുന്ന ഇറക്കവും, നഗ്നതമറയ്ക്കുവാനുള്ള പരിശ്രമത്തിൽ പലപ്പോഴും പരിപൂർണ്ണപരാജയമടഞ്ഞതുമായ വസ്ത്രധാരണരീതിയെവിടെ. രണ്ടും തമ്മിൽ എന്തന്തരം!

തുലാവർഷക്കാലത്ത് കണ്ണിൽ കണ്ടതെല്ലാം കുത്തിയൊലിപ്പിച്ചുകൊണ്ട് കുതിച്ചുപാഞ്ഞുവരുന്ന കലങ്ങിമറിഞ്ഞ നദി അതേ പ്രകൃതത്തോടുകൂടിയ മറെറാരു പുഴയുമായി ചേർന്ന് നിർമ്മലയായ ഒരു വാഹിനിയായി രൂപംകൊള്ളുമെന്ന് ഞാൻ എന്റെ പ്രിയപ്പെട്ട വായനക്കാരോടു പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുകയില്ലെന്നു മാത്രമല്ല വെയിലിന്റെ ചൂട് സ്വല്പം എനിക്കു ഏററിട്ടുണ്ടെന്നു തന്നെ വിധിയെഴുതിയേക്കാം. അതിലും അധികം അബദ്ധമാണ് ബാല്യപ്രായംമുതൽ അശുദ്ധതയിൽ മുഴുകി വേണ്ടാത്ത വഴിവേലികളിലെല്ലാം ചെന്നുചാടി ആഭാസവും നിന്ദ്യവും നികൃഷ്ടവുമായ ഒരു ജീവിതം നയിച്ചതിന്റെശേഷം പ്രായപൂർത്തിയാകുന്നതോടുകൂടി അശുദ്ധമായ ആത്മശരീരങ്ങളോടെ വൈവാഹികാന്തസ്സിൽ പ്രവേശിക്കുന്ന യുവതീയുവാക്കന്മാരിൽനിന്നും പരിശുദ്ധരായ, മാലാഖാതുല്യം ശുദ്ധതയുള്ളവരായ ഉത്തമസന്താനങ്ങളെ പ്രതീക്ഷിക്കുന്നത്. പിതാവിനു സ്വല്പം ലഹരിയുപയോഗിക്കാതെ ഒരു ഉശിരുമില്ല. മാതാവിനും അല്പം ഉള്ളിൽ ചെന്നില്ലെങ്കിൽ ഒരു ഉത്സാഹമില്ല. ഈ പ്രകാരം മദ്യപാനാസക്തരായ മാതാപിതാക്കളിൽനിന്ന് ഉൽഭൂതരാകുന്ന കുഞ്ഞുങ്ങൾ വെറും വെള്ളമേ കുടിക്കുകയുള്ളുവെന്നു കരുതുന്നുവെങ്കിൽ ചിലപ്പോൾ നമുക്കു തെററുപററിയേക്കാം. അച്ചാച്ചന്റെ നേരെനോക്കിയാൽ അടിതീരും. അമ്മച്ചിയുടെ അടുക്കിന്റെ അലക്കുകളൊന്നനക്കിയാൽമതി ചൂലിനു അടിയേൽക്കണമെങ്കിൽ. ഇത്തരം ക്ഷിപ്രകോപികളായ മാതാപിതാക്കളിൽനിന്നും ദീർഘശാന്തതയുള്ള സന്താനങ്ങളെ പ്രതീക്ഷിക്കുന്നത് ചെന്നായിൽനിന്നും കുഞ്ഞാടു ജനിക്കുമെന്നു കരുതുന്നതുപോലെയാണ്. മാതാപിതാക്കളിൽ കുടികൊള്ളുന്ന വാസനകൾ അല്പസ്വല്പം ചില ഭാവവ്യത്യാസങ്ങളോടുകൂടി കുഞ്ഞോമനകളിൽ പ്രത്യക്ഷപ്പെടാതിരിക്കുക സാദ്ധ്യമല്ല. പ്രിയപ്പെട്ട അപ്പച്ചന്റെയും അമ്മച്ചിയുടേയും രക്തത്തിൽ അലിഞ്ഞുലയിച്ചുചേർന്നിരിക്കുന്ന ദുഷിച്ച വാസന, മദ്യത്തിന്റെ അംശം, മററിതുപോലുള്ള അധമാംശങ്ങൾ, അവരുടെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ ആ കുസൃതിക്കുട്ടന്മാരിൽ കണ്ടാൽ ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ല. ആ ഓമനക്കുട്ടന്മാർ ചിലപ്പോൾ ദൈവാഭീഷ്ടമനുസരിച്ച് അവിടുത്തെ പരിശുദ്ധമായ ബലിപീഠത്തിങ്കലേക്ക് ശുശ്രൂഷകരായി ക്ഷണിക്കപ്പെട്ടേക്കാം. മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് തലയിൽ കൈവച്ചു നിത്യപുരോഹിതനായി വാഴിച്ചതുകൊണ്ട് രക്തത്തിലലിഞ്ഞുചേർന്നിരിക്കുന്ന ദുഷിച്ച അംശം വിട്ടുമാറണമെന്നില്ല. ആ അംശം നല്ലതോ, നാറിയതോ ആയിക്കൊള്ളട്ടെ പിതാവിൽനിന്നും അവകാശമായി ലഭിച്ചതാണ്. മാതാവിൽനിന്നും മാന്യമായരീതിയിൽ കൈവന്നതുമാണ്. ആദ്യമൊക്കെ ഫണമൊതുക്കി കഴിഞ്ഞുകൂടുന്ന വിഷയാസക്തി, മദ്യപാനാസക്തി, കോപം, വൈരം, അസൂയ, ഗർവ്വ് മുതലായവകൾ ചിലപ്പോൾ ഒരു വൈദികനിൽക്കൂടി തല പുറത്തേക്കു നീട്ടുമ്പോൾ അദ്ദേഹത്തിന്റെ മാതാവും പിതാവുമാണ് യഥാർത്ഥത്തിൽ അതിനുത്തരവാദികൾ — നീതിസ്വരൂപന്റെ ന്യായാസനത്തിങ്കൽ അവരും പ്രതിക്കൂട്ടിലായിരിക്കാം.

അതുകൊണ്ട് കുത്തിയിരുന്നു കണ്ണടച്ചുകാറാംപറയാതെ—ബ. വൈദികരെ നിന്ദിക്കാതെ—സ്വസമുദായോന്നമനത്തെയാണ് ലക്ഷ്യമാക്കുന്നതെങ്കിൽ. പരിശുദ്ധനായ പത്രോസിന്റെ ധൈര്യവും, തോമായുടെ നിഷ്കളങ്കതയും, പൗലോസിന്റെ തീക്ഷ്ണതയും, ലിസ്യൂവിലെ ലില്ലിയുടെ നിർമ്മലതയും ഒത്തിണങ്ങിയ വൈദികരെയാണ് ആശിക്കുന്നതെങ്കിൽ, കേപ്പാമേൽ പണിയപ്പെട്ടിരിക്കുന്ന പള്ളിയുടെ നെടുംതൂണുകളായ പുരോഹിതർ ആത്മാവിൽ ബലവാന്മാരായിരിക്കണമെന്ന ആത്മാർത്ഥമായി അഭിലഷിക്കുന്നെങ്കിൽ, വന്നുപോയ വിനകളെ പിന്നിട്ട് ശോഭനമായ ഭാവിയി

## നവദമ്പതികൾ



മലബാർ മെയിൽ സ്റ്റാഫ് പ്രതിനിധി മി. ബേബിയും, മട്ടച്ചിറ കൊട്ടുകാപ്പള്ളിയിൽ മി. ജോസഫിന്റെ പുത്രി ശ്രീമതി തെയ്യാമ്മയും. ഇവരുടെ വിവാഹം ജനുവരി 30-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു മംഗളപൂർവ്വം നടന്നിരിക്കുന്നു.

ആദ്ധ്യാത്മിക ജീവിതം
ഒന്നാംഭാഗം
റവ. ഫാദർ മാത്യു മങ്കുഴിക്കരി പ്രസിദ്ധം ചെയ്യുന്നത്.
മേനിക്കടലാസ്—340 പേജ്
വില ക. 1—14—0
Novitiate Convent
Ernakulam-1

# ഇന്ത്യൻകമ്മ്യൂണിസ്റ്റുകളുടെ നിലകേടുകൾ

(വർഗ്ഗീസ് മേച്ചേരി)

III

ഇന്ത്യയെ കോൺഗ്രസ്ഭരണത്തിൽനിന്നും പിടിച്ചെടുത്തു റഷ്യൻസാമ്രാജ്യത്വത്തിൻെറ തൃച്ചേവടികളിൽ കാണിക്കവയ്ക്കുവാൻ, ഹിംസാസിദ്ധാന്തത്തിൻെറ പ്രതീകങ്ങളായ കമ്മ്യൂണിസ്റ്റ്നേതാക്കളുടെ മസ്തിഷ്കത്തിൽനിന്നും രൂപം പ്രാപിച്ച 1948-ലെ കല്ക്കട്ടാ തീസിസ്സിനെ സംബന്ധിച്ച് കഴിഞ്ഞ ലേഖനത്തിൽ സൂചിപ്പിക്കുകയുണ്ടായല്ലോ. ആ സിദ്ധാന്തത്തിൻെറ ആവിഷ്കരണത്തിനുശേഷം കാശ്മീർതൊട്ട് കന്യാകുമാരിവരെ ഈ രാജ്യത്തു് അവർ കാട്ടിക്കൂട്ടിയ കൊള്ളകളുടേയും കൊള്ളിവെപ്പുകളുടേയും ചരിത്രം അവർണ്ണനീയമാണ്. പാവപ്പെട്ട തൊഴിലാളി സഹസ്രങ്ങളെ പോലീസുകാരൻെറ തോക്കിൻെറ മുന്നിലേക്കെറിഞ്ഞുകൊടുത്തതും, അവരെയൊക്കെ ചുട്ടരക്തം തിളച്ചുമറിഞ്ഞതും, തീവണ്ടികളും മററും മറിച്ചിട്ടതും, വീടുകളും ഗവമ്മേണ്ടു സ്ഥാപനങ്ങളും കത്തിയെരിച്ചതും പോലീസുകാരൻെറ കഴുത്തറുത്തതും, ആ രക്തത്തിൽ കൈമുക്കി അരിവാളും ചുററികയും വരച്ചതും. അങ്ങിനെയങ്ങിനെ നൂറുനൂറുകൊള്ളകളുടേയും തീവെപ്പുകളുടേയും ചരിത്രം നമ്മളാരും മറന്നുകഴിഞ്ഞിട്ടില്ല. അഹിംസയുടെ രാജ്യത്തു് ഹിംസ വിതച്ചു് രാജ്യത്തെ പിടിച്ചടക്കാമെന്ന അവരുടെ വ്യാമോഹം നിഷ്ഫലമാവുകയാണുണ്ടായതു്. ജനങ്ങളിൽ രോഷാഗ്നി കത്തിയാളി. ജനരോഷം കമ്മ്യൂണിസ്റ്റുകളെ കിടുകിടാ വിറപ്പിക്കുകതന്നെ ചെയ്തു.

രണ്ടിൽപരം കൊല്ലക്കാലം ഈ രാജ്യത്തു് സ്വാതന്ത്ര്യം ലഭിച്ചിട്ടില്ലെന്നും പറഞ്ഞു് നടത്തിയ കഥാപം തെററാണെന്നവർ പ്രഖ്യാപിക്കുവാൻ തുടങ്ങി. 1950-ൽ തങ്ങൾ ചെയ്തതെല്ലാം തെററാണെന്നു് പ്രമേയം പാസാക്കി. "ഞങ്ങൾക്കു മാപ്പുതരണേ" യെന്നവർ താണുവീണു കേണപേക്ഷിച്ചു. അതുവരെ ചെയ്തതെല്ലാം തെററാണെന്നവർ പറഞ്ഞു. ശരിയാണെന്നു പറയുമ്പോൾ തലയാട്ടാനും തെററാണെന്നു പറയുമ്പോൾ മാപ്പുതരാനും മാത്രം അപ്രബുദ്ധരല്ല ഈ നാട്ടിലെ ജനതയെന്നു് മനസ്സിലാക്കട്ടെ. പ്രതികാരത്തിൻെറ പ്രചുരാട്ടഹാസമാണ് ഈ മാപ്പുയാചന കേൾക്കുമ്പോൾ അനേകായിരം തൊഴിലാളികളുടെ അസ്ഥിമാടങ്ങളിൽനിന്നു കേൾക്കുന്നതു്. നേതാക്കൾ മാളങ്ങളിലൊളിച്ചപ്പോൾ വെടിയുണ്ടയേററു മരിച്ച തൊഴിലാളികളുടേയും അവരുടെ അഭാവത്തിൽ പട്ടിണികിടന്നു പിടഞ്ഞുപിടഞ്ഞു് മരിച്ച പരശതം വൃദ്ധമാതാപിതാക്കന്മാരുടേയും ഭാര്യമാരുടേയും പിഞ്ചുകുട്ടികളുടേയും കുഴിമാടങ്ങൾ അവൎക്കു് മാപ്പുനൽകുകയില്ല, തീർച്ച.

1948-ലെ പ്രമേയം തെററി. 1950-ൽ മാപ്പുചോദിച്ചു. ഇനി ഞങ്ങൾ നല്ലപിള്ള ചമയുവാൻ പോകയാണെന്നവർ ഉൽഘോഷിക്കുവാൻ തുടങ്ങി. പാർലമെൻററി ജനാധിപത്യത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി വിശ്വസിക്കുന്നുവെന്നവർ പ്രസ്താവിക്കുവാൻ തുടങ്ങി. അവർ പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിറുത്തി മത്സരിക്കുകയും ചെയ്തു. അപ്പോഴും അവർ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയിട്ടില്ലെന്നതന്നെയാണു പറഞ്ഞിരുന്നതു്.

അങ്ങിനെയിരിക്കെയാണ് ബ്രിട്ടനിലെ ഹാരിപോളിററു തുടങ്ങിയ വിദേശസഖാക്കളുടെ സാന്നിദ്ധ്യത്തിൽ 1953-ൽ ധൂരയിൽവച്ചു അവരുടെ 3-ാം കോൺഗ്രസ് കൂടിയതു്. ആ സമ്മേളനത്തിൽ വിവിധഗ്രൂപ്പുകളുടെ ശക്തിയായ വിമർശനങ്ങൾ നടന്നു. ജോഷിയുടേയും രണദിവേയുടേയും മററുമായിരുന്നു ആ ഗ്രൂപ്പുകൾ. പാർലമെൻററി ജനാധിപത്യംകൊണ്ടു് രാജ്യം പിടിച്ചടക്കാൻ സാദ്ധ്യമല്ലെന്നും പാർലമെൻററി ജനാധിപത്യം നേതാക്കന്മാരുടെ ഉദരപൂരണത്തിന്നേ ഉതകുകയുള്ളുവെന്നും പ്രസ്താവമുണ്ടായി. നെഹ്റുഗവർമ്മേണ്ടിൻെറ വിദേശനയത്തേയും ആഭ്യന്തരനയത്തേയും രണ്ടും രണ്ടായി കാണേണ്ടതാണെന്നു അഭിപ്രായമുള്ള ജോഷിയുടെ ഗ്രൂപ്പിനും ശക്തിയുണ്ടായി. നെഹ്റുവിൻെറ ആഭ്യന്തരനയത്തെ എതിർക്കാനും വിദേശനയത്തെ പുകഴ്ത്താനും അവിടെ വെച്ചവർ തീരുമാനമെടുത്തു. ഇന്ത്യയുടെ ആഭ്യന്തരനയത്തെ ബാധിക്കുന്നതും അന്നു പാസ്സാക്കിയതുമായ ചില പ്രമേയങ്ങളുടെ രൂപമിതാണ്: "സാമ്രാജ്യത്വവുമായി സഹകരിച്ചു തട്ടിക്കൂട്ടിച്ചുണ്ടാക്കിയ പഞ്ചവത്സരപദ്ധതിമൂലം ജനങ്ങളെ കഷ്ടപ്പെടുത്തി ഇവിടത്തെ പ്രതിസന്ധിഘട്ടം ഒഴിവാക്കാമെന്നും സാമ്പത്തികഘടനയെ നിലവാരപ്പെടുത്താമെന്നും സ്വതന്ത്രരാഷ്ട്രീയകക്ഷിയെ വർദ്ധിപ്പിക്കാമെന്നും ഇന്ത്യയിലെ ഭരണാധികാരിവർഗ്ഗം ആശിച്ചിരുന്നു...... പദ്ധതിയുടെ പരാജയം ഇന്നെല്ലാവർക്കും വ്യക്തമായിരിക്കുകയാണ്." ബുൾഗാനിനും ക്രൂഷ്ചേവും അപ്പോൾ 1-ാം പദ്ധതിയെക്കുറി

## ദ്വിതീയ ചരമവാർഷികം



സാറാമ്മ ചാവടിയിൽ ആലപ്പുഴ

"ദയാപരനായ ഈശോയെ, ഈ ആത്മാവിനു നിത്യാശ്വാസം നൽകണമെ"

ച്ചെന്താണ് പറഞ്ഞതു്? അവിടെവെച്ചു പാസ്സാക്കിയ മറെറാരു പ്രമേയത്തിൽ "പൂർണ്ണമായ ദേശീയസ്വാതന്ത്ര്യം സമ്പാദിക്കാത്ത ഒരു അർദ്ധകൊളോണിയൽ രാഷ്ട്ര"മെന്നാണ് ഇന്ത്യയെപ്പററി അവർ പറഞ്ഞതു്. എന്നാൽ ക്രൂഷ്ചേവുപ്രഭൃതികൾ പറഞ്ഞു ഇന്ത്യ സ്വാതന്ത്ര്യപരമാധികാരമുള്ള ഒരു രാഷ്ട്രമാണെന്നു്. അതുതന്നെ അവരും പാടി—ഗ്രാമഫോൺ റെക്കാർഡുപോലെ. ഈ പശ്ചാത്തലത്തിലാണ് ഇപ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ 4-ാം കോൺഗ്രസ് മലബാറിൽ കൂടുവാൻ പോകുന്നതു്. അതിൽവെച്ചു നെഹ്റുഗവമ്മേണ്ടിൻെറ വിദേശീയവും ആഭ്യന്തരവുമായ നയങ്ങൾ അംഗീകരിപ്പിക്കുവാനാണ് ജോഷിഗ്രൂപ്പു മുന്നോട്ടുവന്നിരിക്കുന്നതു്. ആ പ്രമേയം പാസ്സാകുവാൻ വലിയ പ്രയാസമൊന്നുമില്ലെന്നു് ബുൾഗാനിൻ ക്രൂഷ്ചേവുമാരുടെ പ്രസംഗങ്ങളിൽനിന്നും മററും നമുക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല. പക്ഷെ ഇവരുടെ ഈ നല്ലപിള്ള ചമയലിൽ നമുക്കൊന്നും വിശ്വസിക്കുവാൻ നിവൃത്തിയില്ല. 1939 മുതലുള്ള നയംമാററം ഒന്നുകൂടി ചുരുക്കിപ്പറഞ്ഞു് ലേഖനം അവസാനിപ്പിക്കാം. അതിൻെറ വെളിച്ചത്തിൽ വേണം അവരുടെ നല്ലപിള്ള ചമയൽ എത്രകാലത്തേക്കുള്ളതെന്നു് മനസ്സിലാക്കാൻ.

1939മുതൽ 1942വരെ 2-ാം ലോകമഹായുദ്ധ വിരുദ്ധമുദ്രാവാക്യം 42 മുതൽ "യുദ്ധവിരുദ്ധമുദ്രാവാക്യം" പോയി ജനകീയ യുദ്ധമുദ്രാവാക്യമായി മാറി. 1943-ൽ പാക്കിസ്ഥാൻ വാദം. 1947-ൽ പാക്കിസ്ഥാൻവിരുദ്ധവാദം. 1947 ആഗസ്റ്റ് 15-ന് നെഹ്റുസർക്കാർ സിന്ദാബാദ്, 1948-ൽ വിപ്ലവത്തോടു വിപ്ലവം, നെഹ്റുസർക്കാർ മുർദ്ദാബാദ്. 1950-ൽ മാപ്പേ മാപ്പ്. 1953-ൽ നെഹ്റുവിൻെറ വിദേശനയം സിന്ദാബാദ് ആഭ്യന്തരനയം മുർദ്ദാബാദ്. 1955-ൽ സ്വാതന്ത്ര്യം കിട്ടിയില്ലെന്നുള്ളതു് സ്വാതന്ത്ര്യം കിട്ടിയെന്നു പ്രസ്താവിക്കുവാൻ തുടങ്ങി.

ഇതെല്ലാം ആക്കുവേണ്ടിയായിരുന്നു. റഷ്യൻ കമ്മ്യൂണിസ്റ്റുചാരന്മാർക്കുവേണ്ടി മാത്രം. ശാന്തം, പാപം!

ലേക്ക വലതുകാൽവച്ചു് കയറണമെങ്കിൽ നമ്മെത്തന്നെ—സൃഷ്ടികർമ്മത്തിൽ ദൈവത്തെ സഹായിക്കുന്ന മാതാപിതാക്കന്മാരായ നമ്മെത്തന്നെ— പരിശുദ്ധരായി, ഉത്തമകത്തോലിക്കരായി കാത്തുകൊള്ളുവാൻ കരുതാം ഇനിമേൽ. അപ്പോൾ നമ്മുടെ സന്താനങ്ങൾ സൗഭാഗ്യമനുഭവിക്കും. അവരിൽനിന്നും നല്ലനല്ല അച്ചന്മാർ ഉദയംചെയ്യും. വൈദികഅൽമായബന്ധം സ്നേഹമസൃണമാകും. നിർമ്മാണാത്മകമായ പന്ഥാവിൽക്കൂടി അച്ചന്മാരും അൽമേനികളും തോളോടുതോൾ ചേർന്നു പുരോഗമിക്കുമ്പോൾ കത്തോലിക്കാസമുദായം സൗഭാഗ്യം കണ്ടെത്തും.




ആദ്ധ്യാത്മികവീഥി

# പശ്ചാത്താപം-തപസ്സ്

ദൈവത്തിൻെറ വത്സലമക്കളേ,

നരകയാതനകളെപ്പററിയുള്ള ചിന്ത ഒരു സംഗതി നമ്മെ വ്യക്തമായി ധരിപ്പിക്കുന്നുണ്ടു്. അതായതു് മാനസികവും കായികവുമായ ക്ലേശങ്ങൾ പാപത്തിനു ശിക്ഷയായി നാം സഹിച്ചേ തീരൂ എന്നു്. ഏതായം തകൎത്തുകളവണ്ണമുള്ള പശ്ചാത്താപം നമുക്കുണ്ടാകുന്ന പക്ഷം, അതും പ്രത്യേകിച്ചു നമ്മെ ഏററവും അധികമായി സ്നേഹിക്കുന്ന ദൈവത്തെ ഉപദ്രവിച്ചല്ലോ എന്ന ചിന്തയാൽ ഉളവാകുന്ന തീവ്രമായ ഉത്തമമനസ്താപമുള്ള പക്ഷം, കായികമായ ക്ലേശങ്ങൾക്കു വിധേയരാകാതെതന്നെ നമ്മുടെ പാപങ്ങളെല്ലാം ദൈവം ക്ഷമിക്കുമെന്നതിനെപ്പററി ഇവിടെ തൎക്കമില്ല. എന്നാൽ സാധാരണയായി അത്ര ഉഗ്രമായ ഉത്തമമനസ്താപം നമുക്കു ലഭിക്കാറില്ല.

ഇനി ലഭിച്ചാൽതന്നെയും നമ്മുടെ തെററിനു ശരിയായ പരിഹാരം ഇഹത്തിൽ വച്ചുതന്നെ ചെയ്യണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹം നമുക്കുണ്ടാകാതിരിക്കയില്ല. അതിൻെറ ഫലമായി എന്തെങ്കിലും തപക്രിയകൾ ചെയ്യുന്നതിനു നാം പ്രേരിതരാകുന്നു. ഏതൊരു പുണ്യവാൻെറ ചരിത്രം പരിശോധിച്ചാലും നമുക്കു കാണാൻ കഴിയും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ അവരെല്ലാം തപസ്സ് അനുഷ്ഠിച്ചിരുന്നു എന്നു്.

ഇംഗ്ലീഷിൽ Penance എന്ന വാക്കു തപസ്സു എന്ന അർത്ഥത്തിലും ഉപയോഗിക്കാറുണ്ടു്. തപസ്സു പശ്ചാത്താപത്താൽ പ്രേരിതമായ ശരീരപീഡനമായതുകൊണ്ടാണ് പശ്ചാത്താപത്തിനായി ഉപയോഗിക്കുന്ന Penance എന്ന വാക്കുതന്നെ തപസ്സിനെ കുറിക്കുന്നതിനും പ്രയോഗിക്കുന്നതു്. നാം എത്രതന്നെ നിഷ്ഠുരമായി ശരീരത്തെ ദണ്ഡിപ്പിച്ചിരുന്നാലും ആന്തരികമായ പശ്ചാത്താപമില്ലെങ്കിൽ അതു തപസ്സായിരിക്കയില്ല. ആത്മീയമായി പ്രയോജനമില്ലാത്ത ഡംഭായിരിക്കും. നേരെ മറിച്ചു നാം മനഃപൂർവം ഒന്നും ചെയ്യാതെതന്നെ ഓരോ പ്രത്യേകസാഹചര്യങ്ങളിൽ സുഖക്കേടു മൂലമോ, അപകടങ്ങൾ ഹേതുവായോ, കാലപ്പകർച്ചയാലോ മറെറന്തു കാരണത്താലെങ്കിലും ദൈനംദിനം നാം സഹിക്കേണ്ടിവരുന്ന പീഡകൾ പശ്ചാത്താപത്താൽ പ്രേരിതരായി പാപപ്പരിഹാരാർത്ഥം കാഴ്ചവച്ചുവെന്നെങ്കിൽ അവ ഒന്നാന്തരം തപസ്സായിരിക്കും.

യഥാർത്ഥത്തിൽ നമുക്കു ഉപകാരമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ദൈവം പല തരത്തിലുള്ള കുരിശുകൾ നമുക്കയക്കുന്നതു്. മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും നാം അവ സഹിക്കയും ചെയ്യുന്നുണ്ടു്. പക്ഷേ പശ്ചാത്താപത്തോടു അവയെ ഘടിപ്പിക്കാത്തതുകൊണ്ടു്, നമ്മുടെ കർത്താവിൻെറ പീഡാനുഭവങ്ങളോടു യോജിപ്പിച്ചുകൊണ്ടു പാപപ്പരിഹാരാർത്ഥം അവ ദൈവത്തിനു സമർപ്പിക്കാത്തതുകൊണ്ടു്, കേവലം ഉപയോഗശൂന്യമായി പലപ്പോഴും അവ നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. മേലിലെങ്കിലും ഈ നഷ്ടമുണ്ടാകാതെ നമുക്കു സൂക്ഷിക്കാം.


എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

—ഠ—

For favours received




Mrs. Sebastine Narakal

## സന്യാസിക്കു ബഹുമതിബിരുദം

ഒരു നാവികക്യാപ്റ്റനായ ലെയൊനാർഡു ലാറു ഏതാനും മാസങ്ങൾക്കു മുമ്പു അദ്ദേഹത്തിൻെറ സൈനികസേവനം അവസാനിപ്പിച്ചു ന്യൂജഴ്സിയിലുള്ള സെൻറു പോൾസ് ബെനഡിക്ടൈൻ ആശ്രമത്തിൽ ചേർന്നു. ഇന്നദ്ദേഹം ബ്രദർ മരീനൂസ് എന്ന പേരിലാണറിയപ്പെടുന്നതു്. ദക്ഷിണകൊറിയായിലെ പ്രസിഡൻറായ സിങ്മാൻറി അദ്ദേഹത്തിനു 1950-ൽ അവിടെവച്ചു ചെയ്ത ധീരസേവനത്തിനുവേണ്ടി പ്രശസ്തമായ ഒരു ബഹുമതിബിരുദം പ്രദാനം ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ കപ്പൽ 3000 ബാരൽ വിമാന എണ്ണ നിറച്ചതായിരുന്നു. എങ്കിലും ഡിസമ്പർമാസത്തിൽ കമ്മ്യൂണിസ്റ്റുകൾ ഇരച്ചുകയറിക്കൊണ്ടിരുന്നപ്പോൾ അമേരിക്കൻ കപ്പലുകളിൽനിന്നുള്ള വെടിയുണ്ടകളുടെ തണലിൽ 14000 കൊറിയൻ സിവിലിയന്മാരെ ലെയൊനാർഡു അദ്ദേഹത്തിൻെറ കപ്പലിൽ കയററി രക്ഷാസങ്കേതങ്ങളിലേക്കാനയിച്ചു. അപകടകരമായ സാഹചര്യങ്ങളിൽ ധീരമായ ഈ സേവനം നിർവ്വഹിച്ചതിനുള്ള അംഗീകാരമാണ് ഈ ബഹുമതിരേഖ. ബ്രദർ മരീനൂസിനു ഇപ്പോൾ 47 വയസ്സു പ്രായമുണ്ടു്.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0

# ചെറുകഥ

## സൂക്ഷിക്കണം!

[ചാത്തംമൂട്]

ഭംഗിയുള്ളൊരു വീട്. അഴകാന്ന അങ്കണം. സുഗന്ധം പരത്തുന്ന പൂന്തോട്ടം. പക്ഷേ,—ശോകമൂകമായ അന്തരീക്ഷം!

ഗൃഹാന്തർഭാഗം. അസൂയാർഹമായ അടുക്കും മുറയും. അലങ്കാരസാമാനങ്ങൾ യഥാസ്ഥാനങ്ങളെ അലങ്കരിച്ചിരിക്കുന്നു. പക്ഷേ,—ഒരു ശ്മശാനമൂകത!

ആ വലിയ ഭവനത്തിൽ വെറും മൂന്നു ജീവികൾ. ഗൃഹനാഥനും നാഥയും ഒരു വേലക്കാരിയും. ഗൃഹനാഥനെ മേശയ്ക്കടുത്തുള്ള കസേരയിൽ കാണാം. എന്തെങ്കിലും വായിക്കുകയായിരിക്കും. ഒരേ ഇരുപ്പ്. എത്രയോ നേരം. ചിലപ്പോൾ ദിവാസ്വപ്നം കാണുന്ന മാതിരി ആ മുറിക്കകത്തു ലാത്തും. മാറ്റയുടെ നെടുവീർപ്പായിരിക്കും പലപ്പോഴും അദ്ദേഹത്തെ ഉണർത്തുക. "കാപ്പി!"—അഥവാ—"ഊണ്" അതൊക്കെ വെറും യാന്ത്രികം.

ആ ഗൃഹനായിക അഭിലഷിക്കും:- "വിലയേറിയ പളുങ്കുപാത്രങ്ങൾ ഒന്നൊന്നായി വലിച്ചെറിഞ്ഞ് കുഞ്ഞിക്കൈകൊട്ടിച്ചിരിക്കുന്ന ഒരു കിലുകിലാരവം ആ മുറിക്കകത്തു മാറ്റൊലിക്കൊണ്ടിരുന്നെങ്കിൽ"—എന്നു്.

ചപ്പും ചവറും കളിപ്പാട്ടങ്ങളുമായി വാരിക്കൊണ്ടുവന്നു് മുറിക്കകം അലങ്കോലമാക്കുന്ന ഒരു മനോഹരിതയ്ക്കുവേണ്ടി.

മുറ്റത്തെ വെള്ള മണൽപ്പുറത്തു നിഴൽ വിരിച്ചോടിക്കളിക്കുന്ന ഒരു കുഞ്ഞിന്റെ പൂവൽപ്പാദങ്ങൾ പതിഞ്ഞ പാടുകൾ കണ്ടിരുന്നെങ്കിൽ,—എന്നു്.

വെറുപ്പു തോന്നത്തക്കവണ്ണം ശുണ്ഠിപിടിച്ചു കരയുന്ന സ്വരം ആ അന്തരീക്ഷത്തെ മുഖരിതമാക്കിയിരുന്നെങ്കിൽ,—എന്നു്.

ചെളിയിലും വെള്ളത്തിലും ചെന്നിരുന്നു കളിച്ചു മെയ്യാകെ ചെളിയണിഞ്ഞു്, ഓടിവന്നു തന്റെ മടിയിൽ കയറിയിരുന്നു ശുഭ്രവസ്ത്രങ്ങളെല്ലാം അഴുക്കാക്കുന്ന ആനന്ദത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കുയരാൻ.

അങ്ങനെ എത്രയെത്ര അഭിലാഷങ്ങൾ ആ ദമ്പതികളുടെ ഹൃദയവേദന വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

—ഒരു ശിശുവിന്റെ അഭാവം!—

ആറു്, പ്രാർത്ഥനയുടെയും, പരിത്യാഗങ്ങളുടെയും, നേർച്ചകാഴ്ചകളുടെയും ഫലമായി ഒരു അരുമസന്താനം!—

മരിച്ച മനുഷ്യൻ പുനർജ്ജീവിച്ചാലെന്നവണ്ണം ആ ഭവനം സജീവമായി. അനുഗൃഹീതമായി. ആ വീടം ഒരു നവചൈതന്യത്തിന്റെ കേളീരംഗമായി. ദാനവും ധർമ്മവും പുലരുകയായി. ആ ഗൃഹനാഥന്റെ മുഖം സംതൃപ്തിയിലാറാടുകയായി. ആ അമ്മ എല്ലാററിലും ശുഷ്കാന്തിയുള്ളവളായി. മൂന്നു വയസ്സു പ്രായമായ ആ കുഞ്ഞിനെക്കൊണ്ടു ഭിക്ഷുക്കളെ തൃപ്തരാക്കുന്നതിൽ അവർ അനുഭവിച്ച ചാരിതാർത്ഥ്യം! അതു് അവർണ്ണനീയമായിരുന്നു. എന്തൊരഭിമാനം! എന്തൊരാനന്ദം! എന്തൊരുല്ലാസം! അവിടെങ്ങും ആനന്ദവേദയുടെ കാൽച്ചിലമ്പൊലികൾ മുഴങ്ങിക്കേട്ടു.

X X X

ഒരു സായാഹ്നം! ആ വത്സല—ലീലമ്മ—പൂന്തോട്ടത്തെ അഴകണിയിക്കുകയാണു്. കുഞ്ഞു് ആരാമത്തിൽനിന്നു കളിക്കുന്നു. അമ്മ കൂടെക്കൂടെ അങ്ങോട്ടു നോക്കും. കുഞ്ഞു് ഒരു പൂമ്പാററയുടെ പിൻപേ ഓടുന്നു. ആ അമ്മയുടെ അന്തരംഗം കോരിത്തരിച്ചു. സംതൃപ്തിയുടെ കിക്കിളി. അവൾ ഗൃഹനായികയാണു്. എവിടെയെല്ലാം എന്തിനെല്ലാം ശ്രദ്ധ ചെലുത്തണം! ഒരു നിമിഷം ആ സ്ത്രീ അടുക്കളയിലേക്കു ഒന്നു ശ്രദ്ധിച്ചു. വീണ്ടും പൂവാടിയിലേക്ക്. ആ കുഞ്ഞോമന!—ങ് ആ,—കുഞ്ഞു്! അവരുടെ ഉള്ളിൽ ഒരാളിക്കത്തൽ കുഞ്ഞു്! കുഞ്ഞെവിടില്ലേ? അവർ പൂന്തോട്ടത്തിലേക്കോടി. ങ് ഉം! കുഞ്ഞു്?—അയ്യോ!—എന്റെ കുഞ്ഞെവിടെ? മതിൽക്കെട്ടും ഗേററും കടന്നു കുഞ്ഞു റോഡിലേക്കു പോയോ? അവർ ഗേററിലേക്കോടി. ആ നീണ്ട വഴിയുടെ ഇരുഭാഗങ്ങളിലേക്കും നോക്കി. ദൃഷ്ടിപതിയുന്ന ദൂരത്തിനകത്തെങ്ങും കുഞ്ഞില്ല. അതുമല്ല അത്ര സമയവുമായില്ല. പിന്നെ, കുഞ്ഞു്? അവർ അന്ധാളിച്ചു. നിലവിളിച്ചു. ആളുകളോടിക്കൂടി. വയലിലേക്കോ മറേറാ പോയിരുന്ന ഗൃഹനാഥൻ—ചാക്കോച്ചനും വന്നുചേർന്നു. ആ സ്ത്രീ ബോധരഹിതയായി നിലംപതിച്ചിരുന്നു. പ്രശാന്തമായിരുന്ന നീലാകാശം പെട്ടെന്നു കാർമേഘനിബിഡമായി. കോളും കാററുമിളകിയ ജലാശയത്തിന്റെ നടുക്കകപ്പെട്ട ചെറുവഞ്ചിപോലെ ആ ഗൃഹം ഉലയുകയായി.

കുഞ്ഞിനെ എങ്ങും കാണ്മാനില്ല! ഇതെന്തൊരു കൂത്തു്? ആ ഭവനം ശോകമൂർച്ഛയിലാണ്ടു. അന്വേഷിക്കാവുന്ന ഇടങ്ങളിലെല്ലാം ആളുകൾ കുഞ്ഞിനെ തിരഞ്ഞു. കഷ്ടം! എന്നല്ലാതെന്തു പറയട്ടെ! ഒരു ഫലവുമുണ്ടായില്ല. വിളക്കണഞ്ഞ വീടുപോലെ—ജീവനില്ലാത്ത ജഡംപോലെ—ആയി ആ ഭവനം! ആ അനർഘരത്നം നഷ്ടപ്പെട്ടു.

കാലം സുഖപ്പെടുത്തുന്ന ഒരു വ്രണം അല്ലാത്തവണ്ണം ആ പെററതള്ളയുടെ ആധി വ്യാധിയായി രൂപം പ്രാപിച്ചു. അവൾ ശയ്യാവലംബിയായി. ഒരു മാനസികരോഗിണിയായി ഭവിച്ചു. ആലസ്യത്തിൽനിന്നും ഉണർന്നാൽ കുഞ്ഞിനെ കുറിക്കുന്ന വസ്തുതകൾ, ശിഥിലചിന്തകൾ, പിച്ചും പേയും മാതിരി പറയുകയായി. ഓമനക്കുഞ്ഞു്—ലീലമ്മ ആ അഴകു്! ആ ദീപം! ആ മാധുര്യം! മൂന്നു വയസ്സു കഴിഞ്ഞിരുന്ന ആ പെൺകുഞ്ഞു്. ആ വലിയ കുടുംബത്തിന്റെ ഏകാവകാശി. ആ മാതാപിതാക്കളുടെ ആശാകേന്ദ്രം. അഹോ!

ഒന്നിലും ആസ്ഥയില്ലാതെ ആ പിതാവു് വേദനയുടെ നീർച്ചുഴിയിൽ ശ്വാസം മുട്ടി. ആ പൂവാടിയിലെ പല ചെടികളും ഉണങ്ങി. ഒരു പിഞ്ചുകുഞ്ഞിന്റെ തഴുകി ഓമനിക്കലിൽക്കൂടി ലഭിക്കാവുന്ന ജീവചൈതന്യം അവയ്ക്കു നഷ്ടപ്പെട്ടതുകൊണ്ടായിരിക്കാം. മുററത്തെ തേന്മാവിൽ ഇപ്പോഴും കൂടെക്കൂടെ ഒരണ്ണാൻ ഇരുന്നു എന്തൊക്കെയോ ചിലയ്ക്കാറുണ്ടു്. അവിടവിടെ തത്തിനടന്നു മരക്കൊമ്പുകളിൽ ചെന്നിരുന്നു ചരിഞ്ഞു ചരിഞ്ഞു നോക്കിക്കൊണ്ടു കാക്കകളും ശബ്ദിക്കാറുണ്ടു്. അവയ്ക്കൊക്കെ വല്ലതും നിഗൂഢാർത്ഥം ഉണ്ടായിരിക്കുമോ, ആവോ? പിന്നെ ഒരു പ്രാവശ്യം ആ മാവു തളിരിട്ടു. സഹ്യമല്ലാത്ത താപത്താലായിരിക്കാം, ആ തളിരിലകൾ മുറിഞ്ഞു നിലംപതിച്ച് ഉണങ്ങിപ്പോയി. ആ കുഞ്ഞോമനയെ നീട്ടിവിളിക്കുന്നതുപോലെ കുയിൽ ആ മാവിൽ വീണ്ടും വന്നിരുന്നു കൂവി. ശോകാത്മകമായ ഒരു നീണ്ട കൂവൽ. ആ ലാവണ്യത്തിടമ്പിന്റെ—മണിവീണയുടെ—ലീലമ്മയുടെ മറുകൂവൽ കേൾക്കാഞ്ഞിട്ടായിരിക്കാം, അല്പദിവസം ദീർഘിക്കാറുണ്ടായിരുന്ന് ആ മധുരകൂജനം പറന്നകന്നുപോയി.

കാലഭേദമനുസരിച്ചു വന്നുപോകുന്ന പക്ഷികൾക്കു സമം, പൊയ്പ്പോയ മാസങ്ങൾ ഓരോന്നായി വന്നുംപോയും, വർഷം ഒന്നുകഴിഞ്ഞു വേദന കൊന്നുതിന്നു് അസ്ഥിമാത്രാവശിഷ്ടരായി, അകാലവാർദ്ധക്യം പ്രാപിച്ചിരുന്ന ആ ദമ്പതികൾ, അഴകിന്റെ അഴകായിരുന്ന ആ തങ്കക്കിനാവിനെ—പ്രേമപാരിജാതവല്ലരിയിലെ നിസ്തുലകുസുമത്തെ—പ്രാർത്ഥന, ത്യാഗം, നേർച്ചകാഴ്ചകളെന്നിവയുടെ ഫലത്തിനെ—സ്വസന്താനത്തെ—ലീലമ്മയെ—കണ്ടുകിട്ടുന്നതിനു വേണ്ടി എത്രയെത്ര നേർച്ചകളും കാഴ്ചകളും ത്യാഗങ്ങളും അനുഷ്ഠിച്ചു അവരുടെ ഒരു നേർച്ച നടത്താൻ അല്പം അകലെയുള്ള നിത്യസഹായമാതാവിന്റെ ദേവാലയത്തിലേക്കു ചാക്കോച്ചൻ പോയി. ത്യാഗാത്മകമായ ഒരു തീർത്ഥയാത്ര. ഒരു സ്നേഹിതനെ സഹായത്തിനു കൂട്ടിക്കൊണ്ടു്.

അഴലിലാഴ്ന്നുകൊണ്ടിരുന്ന ആ ഗൃഹനാഥൻ വ്യാകുലന്മാരുടെ ആശ്വാസമായ വാത്സല്യമേറിയ അമ്മയുടെ സന്നിധിയിലണഞ്ഞു. അമ്മയെ ആശ്രയിച്ചിട്ടുള്ളവരിൽ ഒരുവനെയും ആ അമ്മ ഉപേക്ഷിച്ചിട്ടില്ലെന്നുള്ള വിശ്വാസത്തോടുകൂടി. ചാക്കോച്ചന്റെ നയനങ്ങളിൽനിന്നും വെൺമുത്തുകൾ അടർന്നുവീണു. അതു പാദകാണിക്കയായി സമർപ്പിച്ചു. ഒരു ദിവ്യമായ സമാധാനത്താൽ ഭരിതനായി അയാൾ എഴുന്നേററു. പിന്മടങ്ങുകയായി.

ഭിക്ഷുക്കളുടെയും, അവരെ കൊണ്ടുവന്നിട്ടുള്ളവരുടെയും ദീനരോദനം അർത്ഥനാശബ്ദം! അതുമനാഥന്റെ തിരുവാക്യമൊഴികൾ ആരെയാണു് കർത്തവ്യനിരതരാക്കാത്തതു്? "ഞാൻ നഗ്നനായിരുന്നു... ഞാൻ വിശന്നവനായിരുന്നു..." ചാക്കോച്ചൻ സ്നേഹിതനുമൊത്തു ഭിക്ഷുക്കളുടെ നിരയിലേക്കുനീങ്ങി. ഏററം ആദരവോടുകൂടി അവരെ സല്ക്കരിക്കുകയായി. ഈശോ അക്കൂട്ടത്തിലില്ലെന്നാർക്കറിയാം! "ഈ ചെറിയവരിൽ ഒരുവനു ചെയ്യുന്നു എനിക്കു ചെയ്തു." ഓരോ ഭിക്ഷുക്കളും ഈശോതന്നെ എന്നുള്ള ധാരണയിൽ ചാക്കോച്ചൻ അവർക്കു ഭിക്ഷ നൽകി. ഗുരുവിനു ശിഷ്യൻ ദക്ഷിണകൊടുക്കുംപോലെ. ഭിക്ഷുക്കളുടെ നീണ്ട രോദനത്തോടുകൂടിയ അർത്ഥനാശബ്ദം രാഗാത്മകമായി—ശോകാത്മകമായി മുഴങ്ങുകയാണു്.

"കണ്ണുള്ള നിങ്ങളെക്കണ്ടു ചോദിക്കാൻകണ്ണില്ലാത്തോരിക്കുഞ്ഞിന്നൊരു കാശിട്ടിട്ടുപോണേ! ഡം ഡം ഡം..." ദ്രോച്ചപൊളിഞ്ഞ ഒരു ചെറിയ ഉടുക്കയിൽ, ചരടിൽ കെട്ടിപ്പിച്ച ചെറുതടിക്കഷണങ്ങൾ തട്ടിച്ചു്, "ഡ...ഡം... ഡം..." എന്നു ശബ്ദം ഉണ്ടാക്കിക്കൊണ്ടു്,—പ്രത്യക്ഷത്തിൽ ആരോഗ്യവാനെന്നു തോന്നാവുന്ന—ലൂസിഫർ ഉമ്മവെച്ചു—അഥവാ പുകയടിച്ചു മുഖത്തേററുടിയ—ഒരു മദ്ധ്യവയസ്കൻ പൊള്ളുന്ന വെയിലത്തു്, വിരിച്ച ഒരു കീറത്തുണിയുടെ പിറകിൽ ഇരുത്തിയിരിക്കുന്ന കണ്ണുകാണാൻ വയ്യാത്ത ഒരു പെൺകുഞ്ഞിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആവർത്തിക്കുകയാണു്, "കണ്ണുള്ള നിങ്ങളെ കണ്ടുചോദിക്കാൻ കണ്ണില്ലാത്തൊരിക്കുഞ്ഞിന്നൊരു കാശിട്ടിട്ടുപോണേ! ഡം ഡം ഡം."

ചാക്കോച്ചൻ ആ കുഞ്ഞിന്റെ മുമ്പിലും ഒരു നാണയം അർപ്പിച്ചു. പാറിപ്പറക്കുന്ന, തോളോളം എത്തിയ ചകരിത്തലമുടി ആ കുഞ്ഞു് മുഖത്തുനിന്നും ചെവികളുടെ വശത്തുകൂടി പുറകോട്ടു മാററുകയായിരുന്നു. ചാക്കോച്ചൻ അവിചാരിതമായി അങ്ങു പറഞ്ഞുപോയി: "എന്റെ ലീലമ്മയെപ്പോലെ...." "എൻറിച്ചാച്ചോ!" ആ പിച്ചക്കാരിക്കൊച്ചിൽനിന്നും ഒരു ശബ്ദം! ആ മദ്ധ്യവയസ്കൻ ആ കുഞ്ഞിന്റെ വായടക്കിപ്പിടിക്കുവാൻ ഭാവിച്ചു. ചാക്കോച്ചൻ മുൻചെയ്യും സ്നേഹിതൻ പിറകെയുമായി കുഞ്ഞിന്റടുക്കലേക്കു പാഞ്ഞുചെന്നു. മദ്ധ്യവയസ്കൻ കീറത്തുണിയും ചുരുട്ടിയെടുത്തുകൊണ്ടോടിമറഞ്ഞു. കുഞ്ഞിന്റെ സമീപമണഞ്ഞ ചാക്കോച്ചൻ, "നീയെന്റെ ലീല......" വാചകം പൂർത്തിയാകുംമുമ്പു് ആ കുഞ്ഞു നിലവിളിച്ചുകൊണ്ടു പറഞ്ഞു: "എൻറിച്ചാച്ചനാണോ? എൻറിച്ചാച്ചോ! എന്റെ കണ്ണിമരുന്നിട്ടുപൊട്ടിച്ചവേല"ത്തു കൊണ്ടുവെച്ച കാശുപിരിക്കാര"ന്നേ! ... ..." ആ കുഞ്ഞിന്റെ രൂപം കെട്ടുപോയിരുന്നു. എങ്കിലും ചാക്കോച്ചനു മനസ്സിലായി. തന്റെ ലീലമ്മതന്നെ അതെന്നു്. സന്തോഷസന്താപസംഭ്രമാദിവികാരങ്ങൾക്കു വിധേയനായ ആ വത്സലപിതാവു് തന്നോമനക്കുഞ്ഞിനെ മാറോടു ചേർത്തു ഗാഢം പുണർന്നു.

X X X

കമ്മ്യൂണിസ്റ്റ് സംഘക്കാരും മറെറാന്നല്ല ചെയ്യുന്നതു്. നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളെ അവർ നമ്മിൽനിന്നും തട്ടിയെടുക്കാൻ കിണഞ്ഞുപരിശ്രമിക്കുന്നു. തട്ടിയെടുത്താൽ അവരെ അന്ധരും ബധിരരും ആക്കിത്തീർക്കുന്നു. അവരുടെ മുദ്രാവാക്യത്തിന്റെ—ഡം ഡം ഡം—താളത്തിന്റെ തണലിൽ, വയറേ ദൈവം എന്നുള്ള പരക്കംപാച്ചിലിന്റെ ശബ്ദകോലാഹലങ്ങളുടെ ഒളിവിൽ സംഘക്കാർ മുതലെടുക്കുന്നു.

മാതാപിതാക്കൾ കരുതലോടെ സൂക്ഷിക്കണം, നമ്മുടെ കുഞ്ഞുങ്ങൾ! ദൈവം നമ്മേ ഏല്പിച്ചിട്ടുള്ള താലന്തുകൾ! അവരെ ദൈവസന്നിധിയിൽ തിരിച്ചേല്പിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഈ വഞ്ചകന്മാർ അവരെ തട്ടിക്കൊണ്ടുപോകരുതേ! സൂക്ഷിക്കണം!


E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)


തെക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:- ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച ചികിത്സ നിശ്ചയിക്കുന്നതുമാണു്.


## വിനോദവീഥി

"അസ്സൽവിലയിൽ കുറച്ചു വാച്ചുകൾ വില്ക്കപ്പെടുന്നു"—എന്നു പരസ്യംകണ്ടു് ഒരാൾ വാച്ചുകടയിലേക്കു കയറി. വളരെയധികം വാച്ചുകൾ അവിടെ വില്പനയ്ക്കു വച്ചിരുന്നു. ഈ പരസ്യത്തിന്റെ രഹസ്യം മനസ്സിലാകാതെ അയാൾ ചോദിച്ചു:- ഈ കച്ചവടം കൊണ്ടു നിങ്ങൾക്കെങ്ങനെയാണു മുതലാകുന്നതു്?

മറെറാരാൾ:- വാച്ചുകൾ നന്നാക്കി അതവർ മുതലാക്കിക്കൊള്ളും.

X X X



"മമ്മതിന്റെ ഓറഞ്ചുകച്ചോടത്തിനെന്തുപററി പൊന്നേ!"

"ഇപ്പഴത്തെ ഈ മനുഷ്യന്മാരുടെ എടക്കു് ഫുട്ബോളുകച്ചോടാണു് ബക്കത്തുണ്ടാക്കണതെന്നു് ഞമ്മള് കണ്ടുപിടിച്ചിരിക്കണു് ശങ്കരാതി!"

X X X




"4ണ സീററുകളെല്ലാം നിറഞ്ഞുവളഞ്ഞുകഴിഞ്ഞു. ഇനി നാലഞ്ചു ഒററരൂപ സീററുകളേ ഈ മരത്തിൽ ബാക്കിയുള്ളു.

Reg. No. M. 2293

# Sathya Deepam


Vol. 29 Ernakulam February 8 1956 No. 26




# ബാലരംഗം

## "ചുവന്നലില്ലി"

### വിശുദ്ധ മരിയഗൊരേററി



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

മരിയേററായാകുന്ന മനോഹര ലില്ലിപ്പുഷ്പം അലക്സാണ്ടറിൻെറ നിഷ്ഠൂരമായ കഠാരിയാൽ ചിന്തിക്കീറപ്പെട്ടു. പിഞ്ചുബാലിക രക്തത്തിൽ കുളിച്ചുകിടക്കുന്ന ഭയനീയചിത്രം നിങ്ങളുടെ പിഞ്ചുഹൃദയങ്ങളിൽ എന്തെല്ലാം വികാരങ്ങളായിരിക്കും ഉളവാക്കുക. നിർമ്മലതതന്നെയാകുന്ന ആ വെള്ളപ്പൂവു ചുടുരക്തംപുരണ്ടു അരുണവർണ്ണമായിരിക്കുകയാണു്. അതുകൊണ്ടാണു് മരിയാഗൊരേററിയുടെ ചരിത്രത്തിനു "ചുവന്നലില്ലി" എന്ന തലക്കെട്ടു കൊടുത്തതു്. ഒരു ഗുണപാഠവും അതിലടങ്ങുന്നുണ്ടു്. നമ്മുടെ ഹൃദയവിശുദ്ധിയെ അഭംഗം പാലിക്കണമെങ്കിൽ നാം നിരന്തരം യുദ്ധംചെയ്യണം. മൂർച്ചയുള്ള ആയുധംകൊണ്ടു നമ്മുടെ ശരീരത്തിലെ രക്തം ഒഴുക്കുന്നതിനു സാധാരണ ഗതിയിൽ അവസരമുണ്ടായി എന്നു വരികയില്ല. പക്ഷേ നിരവധി പ്രലോഭനങ്ങളുടെ വശീകരണായുധങ്ങളോടു ഏററുമുട്ടുന്നതിനും, അവയിൽനിന്നുള്ള മുറിവുകൾമൂലം ഹൃദയവേദനയനുഭവിക്കുന്നതിനും ഇടവരാതിരിക്കുകയില്ല. ചീത്തവിചാരങ്ങൾ, വഷളായ വികാരങ്ങൾ, ഇന്ദ്രിയങ്ങളുടെ നിയന്ത്രണത്തിനുള്ള വിമുഖത, ചീത്തക്കൂട്ടുകാരുടെ ദുഷ്പ്രേരണകൾ, ചീത്തപ്പുസ്തകങ്ങളുടെ വായന, ചിത്രപ്പടങ്ങളുടെ ആകർഷണം, തിന്മയുടെ ഇന്നത്തെ പരിഷ്ക്കരിച്ച പതിപ്പുകളായ സിനിമാ മുതലായവ—ഇങ്ങനെ എത്രയെത്ര ശത്രുക്കളാണു് നമ്മുടെ ജീവിതവിശുദ്ധിയാകുന്ന ലില്ലിപ്പുഷ്പത്തെ കീറിമുറിച്ചു് അതിനെ നിണപങ്കിലമാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്? അതുകൊണ്ടു അവയിലെല്ലാം മരിയാഗൊരേററി നമുക്കു മാതൃകയായിരിക്കട്ടെ. "പാപത്തെക്കാൾ മരണം"—അതാകട്ടെ നമ്മുടെയും മുദ്രാവാക്യം.

മരിയേറായുടെ മുറിവുകൾ മരണകരങ്ങളായിരുന്നു അവൾ ദൈവതിരുമനസ്സിനു പരിപൂർണ്ണമായി കീഴ്വഴങ്ങി, ഒരു പുഞ്ചിരിയോടുകൂടി സ്നേഹനാഥൻെറ പക്കലേക്കു പറന്നുപോയി. ആ മാടപ്രാവു് അലക്സാണ്ടറിനോടു പരിപൂർണ്ണമായി ക്ഷമിക്കുകയും അവൻെറ മനസ്സുതിരിവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. കാരാഗൃഹത്തിൽ വച്ചു ഒരു ദർശനത്തിൽ മരിയേററാ അലക്സാണ്ടറിനു പ്രത്യക്ഷപ്പെട്ടു അയാളെ സമാശ്വസിപ്പിച്ചു. ഘാതകൻ മാനസാന്തരപ്പെട്ടു് തപസ്സിൻേറയും പ്രായശ്ചിത്തത്തിൻേറയും മാർഗ്ഗം അവലംബിച്ചു. ഇന്നും ഒരു കപ്പൂച്ചിൻ സന്യാസമഠത്തിൽ കഠിനതപസ്സു ചെയ്യുകയാണു്. വിശുദ്ധ എല്ലാകുഞ്ഞുങ്ങൾക്കും ഉത്തമമാതൃകയും മദ്ധ്യസ്ഥയുമായി വിരാജിക്കുന്നു.

വിശുദ്ധമരിയഗൊരേററി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക.

വല്യേട്ടൻ.




## "ബാലരംഗം"

### സംഘടനയിൽ അംഗങ്ങളായി ചേർന്നവർ

Reg. No. (തുടർച്ച)

36. ജോർജ്ജ് വി. ചിറയത്തു്, കുരിയച്ചിറ, തൃശ്ശൂർ
37. കെ. എം. ചെറിയാൻ, കിഴക്കേപ്പുറത്തു്, കരിങ്കുന്നം, തൊടുപുഴ
38. പി. വി. വർഗ്ഗീസ് പടിഞ്ഞാറായിൽ, പഴയിടം
39. സെബാസ്റ്റിൻ ജോസഫ് തെക്കേക്കര, മുതലക്കോടം, തൊടുപുഴ
40. ഇ. വി. വർഗ്ഗീസ് സെൻറു് ജോസഫ്സ് മിഡിൽ സ്കൂൾ, കൂവപ്പള്ളി

### 58-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—ചുമതല

### പ്രശ്നം നമ്പ്ര് 59

(ടി. ജെ. സെബാസ്റ്റ്യൻ Reg. No. 39)

ഞാനൊരു ചെടിയാണു്. മനുഷ്യൻ വസ്ത്രപ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ എന്നെ ആശ്രയിക്കുന്നു. എൻെറ ഫലമാണു് ഇൻഡ്യൻ സ്വാതന്ത്ര്യസമരയുദ്ധത്തിൻെറ പോഷണമായിരിക്കുന്നതു്. എൻെറ പേരിനു വെറും മൂന്നക്ഷരം. ഒന്നും രണ്ടും ചേർന്നാൽ വേദനവരുത്തുന്ന ഒരു രോഗമായി; ഒന്നും മൂന്നും ചേർന്നാൽ ക്രൂരനായ വിഷസർപ്പത്തിൻെറ ലക്ഷണമായി. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## ഞാനും ചേരും ബാലരംഗത്തിൽ

(പീലിപ്പോസ് സി. റി. Reg. No. 5)

"ജോണി, ജോണിച്ചോ, നീ വരുന്നോ പള്ളിക്കൂടത്തിൽ?" പടിക്കൽനിന്നു് മാത്യൂച്ചൻ സഹപാഠിയായ ജോണിയെ വിളിക്കുകയാണു്. "നീ പൊയ്ക്കോ, ഞാൻ കുറെ കഴിഞ്ഞേ വരുന്നുള്ളു" വീടിനകത്തുനിന്നു് ജോണി പറഞ്ഞു: "അതെന്താ? എന്നു ചോദിച്ചു് മാത്യു ജോണിയുടെ വീട്ടിലേക്കു് കയറി. അവിടെ ചെന്നപ്പോളാണു് ജോണി താമസിക്കുന്നതിൻെറ കാര്യം മനസ്സിലായതു്. ജോണി പറയുകയാണു്, "ഞാൻ പകുത്തു് എഴുതുന്നതേയുള്ളു. അതെഴുതിയില്ലെങ്കിൽ സാർ ബെഞ്ചേൽ കയററും; ഇമ്പോസിഷ്യൻ എഴുതിക്കും."

"അതു് സാരമില്ല, നീ പോയി കാപ്പി കഴിച്ചോ. ഇതു് ഞാൻ എഴുതിക്കൊള്ളാം" മാത്യൂച്ചൻ പറഞ്ഞു. അങ്ങനെ മാത്യൂച്ചൻ ജോണിയുടെ പേക്കു പകർത്തെഴുതി അവർ രണ്ടു പേരുംകൂടി സ്കൂളിലേക്കു പോയി.

അവർ ഇരുവരും ലീജിയൻ ഓഫ് മേരി ജൂണിയർ പ്രസീദിയത്തിലെ അംഗങ്ങളാണു്. കത്തോലിക്കാ മുദ്രാലയപ്രേഷിതത്വമായി "സത്യദീപം" അവരുടെ ഇടവകയിൽ അവർ പ്രചരിപ്പിച്ചു.

ഒരു ദിവസം ലീജിയൻെറ പ്രവർത്തനമായി സത്യദീപം വിതരണം ചെയ്യുന്നതിനിടയിൽ ബാലരംഗത്തിൽ മാത്യൂച്ചൻെറ പേരു് ജോണി കണ്ടു. അതെന്താണെന്നറിയാൻ വലിയ ജിജ്ഞാസ ജോണിക്കുണ്ടായി.

അതു അവധിക്കാലമായിരുന്നതുകൊണ്ടു മാത്യൂച്ചൻ അവൻെറ അമ്മാവൻെറ വീട്ടിൽ പോയിരിക്കുകയായിരുന്നു. അവധി കഴിഞ്ഞു മാത്യൂച്ചൻ വീട്ടിൽവന്നു. രണ്ടുപേരും തമ്മിൽ കണ്ടുമുട്ടി. "എൻെറ മാത്യൂച്ചാ, നിൻെറ പേരു് ഒരാഴ്ചത്തെ സത്യദീപത്തിൽ കണ്ടല്ലോ, അതെന്താ?" ജോണി ചോദിച്ചു.

മാത്യൂച്ചൻ: "നീ അറിഞ്ഞില്ലേ? ഞാൻ "ബാലരംഗ"ത്തിൽ ചേർന്നു്?"

ജോണി: "ബാലരംഗം എന്നു പറഞ്ഞാൽ എന്താ?"

മാത്യൂച്ചൻ: "ബാലരംഗം എന്നു പറഞ്ഞാൽ കുട്ടികൾക്കാവശ്യമായ കാര്യങ്ങൾ പ്രതിപാദിക്കാനും അവരുടെ സാഹിത്യാഭിരുചി വർദ്ധിപ്പിക്കത്തക്ക പ്രോത്സാഹനങ്ങൾ നൽകാനും സത്യദീപത്തിൽ ഒരു പേജ് കുട്ടികൾക്കായി കൊടുത്തിട്ടുണ്ടു്, അതാണു്."

ജോണി: "എന്തു ചെലവുണ്ടു് അതിൽ അംഗമായി ചേരാൻ?"

മാത്യു: "എനിക്കു് 3/4 ണായുടെ ഒരു കാർഡുമാത്രം ചെലവുണ്ടു"

ജോണി: "അതു മതിയോ? ഈ വല്യേട്ടൻ ആരാ?"

മാത്യു: "വല്യേട്ടൻ ബാലരംഗത്തിൻെറ മേലാവാണു്. അദ്ദേഹമാണു് കുട്ടികൾക്കു ഉപദേശം തരുന്നതും കുട്ടികളുടെ പ്രശ്നങ്ങളും ചെറുകഥകളും മററും സത്യദീപത്തിൽ ഇടുന്നതും."

ജോണി: "ബാലരംഗത്തിൽ ചേരാൻ വല്യേട്ടനു് ഒരു കാർഡെഴുതി അയച്ചുകൊടുത്താൽ മതിയോ? അതിനുള്ള മേൽവിലാസം എന്താണു്?"

മാത്യു: "എന്തിനാ, നിനക്കു ചേരുവാനാണോ? ചേരാനാണെങ്കിൽ. പറഞ്ഞുതരാം. ഒരു കാര്യംകൂടി ചെയ്യണം. നിൻെറ പരിശ്രമംകൊണ്ടു സത്യദീപത്തിനു വരിക്കാരനായി ഒരാളെ ചേർക്കണം."

ജോണി: "അതു വിഷമമില്ല. എനിക്കും ചേരണം ബാലരംഗത്തിൽ. നീ പറഞ്ഞേ, അതിൻെറ മേൽവിലാസം."

മാത്യു: "ഇതാ മേൽവിലാസം—
വല്യേട്ടൻ, ബാലരംഗം,
സത്യദീപം ഓഫീസ്
എറണാകുളം-1"

ജോണി: "ഇതു കത്തോലിക്കാ മുദ്രാലയ പ്രേഷിതത്വത്തിൻെറ മാസമല്ലേ. ഒരു വരിക്കാരനെ കണ്ടുപിടിച്ചു നാളെത്തന്നെ എനിക്കും ചേരണം ബാലരംഗത്തിൽ. എന്നിട്ടു വേണം പ്രശ്നങ്ങളും കഥകളും വല്യേട്ടനു അയച്ചുകൊടുക്കുവാൻ."

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1